# Hello Hope
# ഹലോ ഹോപ്പ്
---Hope Harbour for Believers---

For Private circulation only

GULF EDITION

Issue No.4, July 2017 Published by: Phoenix Publishing House, Kerala, India | Licence# RNI No.KERMAL/2017/469833/ERN


# SUNDAY SCHOOL ANNIVERSARIES



IPC BAHRAIN



IPC HEBRON



IPC BETHESDA



IPC BETHEL


BETHEL CHURCH

(See Page 16,17,18)

## Humility: Has it become an antiquated virtue in our churches?


Dr. P C Abraham

Lessons on humility taught by Jesus Christ were totally alien to the belief system and practices followed in Judea during that time. Judaism has already fallen into the gutters of spiritual pride. The original purposes of God in calling out and separating Abraham from his heathen setting of Ur were almost stuck in the mud bank of Pharisaic hypocrisy. Their religion has already become murky and beyond repair. It was in this setting that Jesus set out his public ministry to rescue and re-invigorate the original plan of God. “He came to His own; His own received Him not” John 1:11 The preaching style and the vocabulary of Jesus were too heavy for them. Therefore,they began to rebel and overthrow him. It was too hot for them to handle. Therefore, they masterminded to trap him and put him out with the help of the Roman authorities.

All through the public ministry, Jesus had a parallel program of training and equipping a band of disciples to continue his plan on planet earth. Hefocused his attention to identifying and separating a small band of faithful disciples from the world for himself, as he did in his pre-incarnate mission in the bygone era of the Old Testament period,by calling and separating Abraham.

-----(Continued in Page 25)




*...to the students who came off with flying colours in their 12th and 10th Grade CBSE Exam and we wish them all success in their higher studies.*

*(See Page 17& 30 for Photos)*

## HH കുഞ്ഞാപ്പി



# വിശ്വാസികളിൽ നല്ല ശതമാനവും രോഗികളോ?



രാജീവ് സ്റ്റുവർട്ട്
ചീഫ് എഡിറ്റർ

കഴിഞ്ഞ ചില വർഷങ്ങളായി നടക്കുന്ന പലവിധ മീറ്റിംഗുകളിൽ പങ്കെടുത്ത അനുഭവത്തിന്റെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ ഒരു ചോദ്യമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. മുൻകാലങ്ങളിൽ രോഗസൗഖ്യം പലരുടേയും രക്ഷയ്ക്ക് കാരണമായിട്ടുണ്ട്. എന്നാൽ ഇന്ന് മറ്റെല്ലാം മാറ്റിവെച്ച് രോഗസൗഖ്യത്തിന് മാത്രം പ്രാധാന്യം കൊടുക്കുന്ന ഒരു പ്രവണത പരക്കെ അംഗീകരിക്കപ്പെടുകയും പിന്തുടരുകയും ചെയ്യുന്നു.

രോഗ സൗഖ്യത്തിന് പരദേശി മോക്ഷയാത്രയിൽ തന്നിരിക്കുന്ന ഒരു ദിവ്യ ഔഷധം ഒന്ന് പരീക്ഷിച്ച് നോക്കുന്നത് നമ്മുടെ ഈ പ്രശ്നത്തിന് ഒരു പ്രതിവിധിയായിരിക്കും .

പരദേശി മോക്ഷയാത്രയിലെ ക്രിസ്ത്യാനിയുടെ ഭാര്യ ക്രിസ്റ്റീനയും മക്കളും കരുണ എന്ന പെൺകുട്ടിയും ചേർന്ന് ക്രിസ്ത്യാനി പോയ വഴിയെ മോക്ഷപുരിയിലേക്ക് യാത്ര ആരംഭിച്ചുവല്ലോ. അവർ മനോഹരം എന്ന രാജധാനിയിൽ എത്തുന്നു. അവിടെ വെച്ച് അവരുടെ ജീവിതത്തിൽ പലതും സംഭവിക്കുന്നു. അങ്ങനെയിരിക്കുമ്പോൾ ക്രിസ്റ്റീനയുടെ മകൻ മത്തായി ദീനം പിടിച്ചു രോഗിയായി തീർന്നു. ഉള്ളിൽ വളരെ വേദന മൂലം അവർ വളരെ കഷ്ടപ്പെട്ടു. അവരുടെ വീടിനടുത്ത് പഴക്കവും പരിചയവും ജനസമ്മതിയുമുള്ള ഒരു വൈദ്യൻ ഉണ്ടായിരുന്നു. അവന്റെ പേര് സാമർത്ഥ്യം എന്നായിരുന്നു. അവനെ വരുത്തി പരിശോധിക്കണമെന്നുള്ള ക്രിസ്റ്റീനയുടെ ആഗ്രഹപ്രകാരം അവർ അവനെ വിളിപ്പിച്ച് രോഗിയെ കാണിച്ചു. വൈദ്യൻ രോഗിയെ പരിശോധിച്ച് കുറച്ചു നേരം ചിന്തിച്ച ശേഷം 'രോഗിയ്ക്ക് ആന്ത്രശൂലയുടെ ഉപദ്രവമാകുന്നു' എന്ന് പറഞ്ഞു.ക്രിസ്റ്റീനയോട് നിങ്ങൾ ഇവന് തിന്നാൻ കൊടുത്തത് എന്താകുന്നുവെന്ന് ചോദിച്ചു?. അതിന് അവൻ ഉത്തരമായി നല്ല ഭക്ഷണമൊഴികെ മറ്റൊന്നും കൊടുത്തിട്ടില്ല എന്ന് പറഞ്ഞു. അപ്പോൾ വൈദ്യൻ അവളോട് പറഞ്ഞത് 'ഇവൾ തിന്നിട്ടുള്ള എന്തോ ദഹിക്കാതെ വയറ്റിൽ കിടക്കുന്നുണ്ട്. ഉദര ശോധനം കൂടാതെ ഇവന് സുഖം വരികയില്ല.അത് ചെയ്യാത്ത പക്ഷം ഇവൻ മരിക്കും'.

ഉടനെ അവന്റെ സഹോദരനായ ശമുവേൽ അമ്മയോട് പറഞ്ഞു 'അമ്മേ, നാം ഇടുക്ക് വാതിൽക്കൽനിന്നും പോരുമ്പോൾ ജ്യേഷ്ഠൻ പിറക്കി തിന്നത് എന്തായിരുന്നു?'. വഴിയുടെ ഇരുവശത്തുമായി മതിലിനകത്ത് നിന്നിരുന്ന ചില വൃക്ഷങ്ങളുടെ കൊമ്പുകൾ വഴിയിലേക്ക് ചാഞ്ഞ് നിന്നിരുന്നു. അവയിൽ നിന്നും ജേഷ്ഠൻ ഫലങ്ങൾ പറിച്ച് തിന്നു എന്ന് തോന്നുന്നു. അതേ മകനെ ശരി തന്നെ, ഞാൻ വിലക്കിയിട്ടും അവൻ അത് പറിച്ച് തിന്നു. വൈദ്യൻ തുടർന്ന് പറഞ്ഞു ഏതോ ദോഷകരമായ ഭക്ഷണം അവൻ തിന്നു എന്ന് ഞാൻ ഗ്രഹിച്ചു. ആ പഴംപോലെ ദോഷകരവും രോഗം വരുത്തുന്നവയും മറ്റൊന്നുമില്ല. അവ ബെയേൽസേബുവെലിന്റെ തോട്ടത്തിലെ പഴങ്ങൾ ആകുന്നു. ആരും നിങ്ങളെ വിലാക്കാത്തതോർത്ത് ഞാൻ ആശ്ചര്യപ്പെടുന്നു. അവ തിന്നതുമൂലം അനേകം പേർ മരിച്ചിട്ടുണ്ട്.

ഇത് കേട്ട ഉടനെ ക്രിസ്റ്റീന കരഞ്ഞുകൊണ്ട് പറഞ്ഞു ഹാ കുസൃതികുട്ടി ഞാനും വിചാരമില്ലാത്ത അമ്മയായിപ്പോയല്ലോ. ഇനി ഞാൻ എന്റെ കുഞ്ഞിനുവേണ്ടി എന്ത് ചെയ്യേണ്ടു?. വൈദ്യൻ മറുപടിയായി; അധൈര്യപ്പെടുകയും വ്യസനിക്കയും വേണ്ടാ. രോഗിയെ വിരേചിപ്പിക്കയും ഛർദിപ്പിക്കയും വേണം, എന്നാൽ സൗഖ്യം വരും.

അവർ കോലാടിന്റെ രക്തവും,പശുക്കിടാവിന്റെ ചാമ്പലും ഈസോപ്പിന്റെ നീരും കൂട്ടി ഒരു മരുന്ന് ഉണ്ടാക്കി കൊടുത്തു (എബ്രാ.9:13 19,10:1 4). അതിനാൽ ഉദ്ദേശിച്ചടുത്തോളും ഫലം കാണായ്കയാൽ വൈദ്യൻ,ക്രിസ്തുരക്തം (യോഹ.6:54,57, എബ്രാ.9:14) ഉപ്പ് മർക്കോ.9:49 ), വാഗ്ദത്തങ്ങൾ ( 2 പത്രോ.1:4 ) എന്നിവ ചേർത്ത് ശക്തിയേറിയ ഗുളിക ഉണ്ടാക്കി അതിൽ മുമ്മൂന്ന് ഗുളികകൾ ഒരൊനേരം അരക്കുപ്പി വീതം അനുതാപ കണ്ണുനീരിൽ അരച്ച് സേവിപ്പാനും ഉപവാസമെടുപ്പാനും ( സെഖ.12:10 ) കല്പിച്ചു.

ഇത് സേവിപ്പാൻ വൈദ്യൻ രോഗിയോട് പറഞ്ഞപ്പോൾ, രോഗത്തിന്റെ വേദന സഹിക്കുവാൻ വയ്യാത്ത അത്ര ശക്തിപ്പെട്ടിരുന്നിട്ടും മരുന്ന് സേവിപ്പാൻ അവന് വളരെ മടി ഉണ്ടായിരുന്നു. ഇത് കണ്ട വൈദ്യൻ അവനോടു വായ് തുറന്ന് ഇത് കുടിക്ക എന്ന് പറഞ്ഞപ്പോൾ അവൻ ഉത്തരമായിട്ട് ഇത് എന്റെ ആമാശയത്തിന് വളരെ വിരോധമായി കാണുന്നതിനാൽ വേണ്ടാ എന്ന് പറഞ്ഞു. അവന്റെ അമ്മ അവനോട് മോനെ നീ ഇത് എങ്ങനെ എങ്കിലും കുടിക്കണം എന്ന് പറഞ്ഞു.'ഞാൻ ഇത് കുടിച്ചാൽ ഉടനെ ഛർദ്ധിക്കും എന്ന് അവൻ പറഞ്ഞു. അതുകേട്ട് അവർ വൈദ്യനോട് വൈദ്യരെ ഇതിന് വല്ല അരുചിയും ഉണ്ടോ എന്ന് ചോദിച്ചു. അതിന് വൈദ്യൻ ഇതിന് യാതൊരു രുചികേടും ഇല്ലാ എന്ന് മറുപടി പറഞ്ഞു.

അപ്പോൾ ക്രിസ്റ്റീന അതിൽ നിന്ന് അല്പം എടുത്ത് രുചി നോക്കിയിട്ട് പറഞ്ഞു 'മകനെ തേനിനേക്കാൾ രുചിയുള്ളതാകുന്നു; ആകയാൽ നീ അമ്മയേയും കരുണയേയും അനു ജന്മാരേയും സ്നേഹിക്കുന്നുവെങ്കിൽ ഇത് കുടിക്കേണം'. അമ്മ നിർബന്ധിക്കയാൽ ആദ്യം വളരെ വിസമ്മതം കാണിച്ചെങ്കിലും ഒടുവിൽ അവൻ ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിച്ചശേഷം വളരെ പ്രയാസത്തോടെ കുടിച്ചു.അത് അവനിൽ നന്നായി ഫലം ചെയ്തു. ഉടൻ തന്നെ രോഗിക്ക് നല്ല ഉറക്കവും, വളരെ ആശ്വാസവും ഉണ്ടായി. ദേഹം ചൂട് പിടിക്കയും പ്രയാസം കൂടാതെ ശ്വാസം വിടുവാൻ കഴിവ് ഉണ്ടാകയും വയറ് വേദന മാറുകയും ചെയ്തു.

ക്രിസ്റ്റീന: ദയവായി ഇതുപോലെയുള്ള 12 പെട്ടി ഗുളിക ഉണ്ടാക്കി തരണമേ. ഇത് കിട്ടിയാൽ ഇതല്ലാതെ മറ്റൊരു മരുന്നും ഞാൻ സേവിക്കയില്ല. വൈദ്യൻ :ഈ ഗുളിക രോഗിക്ക് സൗഖ്യം കൊടുക്കുക മാത്രമല്ല, രോഗം വരാതെ തടയുകയും ചെയ്യുന്നു.ഒരുവൻ ഇത് ശരിയായി ഉപയോഗിച്ചാൽ അവൻ എന്നേക്കും ജീവിയ്ക്കും (യോഹ.യോഹ.6:58) എന്ന് എനിക്ക് നല്ല നി ശ്ചയമുണ്ട്. എങ്കിലും ക്രിസ്റ്റീനയെ, ഞാൻ പറഞ്ഞ വിധത്തിലല്ലാതെ വേറെ വിധത്തിൽ ഇത് സേവിച്ചാൽ ഇത് കൊണ്ട് ഒരു ഗുണവും ഉണ്ടാകയില്ല. അവൻ ക്രിസ്റ്റീനയ്ക്കും കരുണയ്ക്കും മക്കൾക്കും ഈ ഗുളികകൾ ഉണ്ടാക്കി കൊടുത്തു. പാകം വരാത്ത ഒന്നും ഭക്ഷിക്കരുത് എന്ന് മത്തായിയോട് പറഞ്ഞ് അവൻ അവരെ ചുംബിച്ച് യാത്ര പറഞ്ഞു.

ഈ പ്രത്യേക സംഭവത്തിന് വിശദീകരണം ആവിശ്യമില്ലല്ലോ.

***പ്രിയ ദൈവ പൈതലേ***

***നാം ശരീരത്തിൻ എന്തുകൊണ്ട് കഷ്ടപ്പെടുന്നു, അതിന്റെ കാരണങ്ങൾ, ഉദ്ധരണത്തിനുള്ള ഉത്തമമായ വഴികൾ എല്ലാം ഇതിന്റെ സാരാംശത്തിൽ അടങ്ങിയിരിക്കുന്നു. ക്രിസ്തുവിൽ നമുക്ക് സംതൃപ്തി അടയാം. ക്രിസ്തു വരാറായി. രോഗശരീരം മാറിപ്പോകും,രോഗമില്ലാത്ത തേജസുള്ള ശരീരം ലഭിക്കും. ആമേൻ.***



## “ഹലോ ഹോപ്പ്” ഓൺലൈനിൽ

**ഹലോ ഹോപ്പ് ജേണൽ ഇപ്പോൾ ഗോഡ്സ് ഓൺ ലാംഗ്വേജ് എന്ന വെബ്സൈറ്റിന്റെ സഹായത്തോടെ ഓണ്ലൈനിൽ ലഭ്യമാണ്. ഹലോ ഹോപ്പ് ജേണലിൽ ബഹ്റിൻ,ഇന്ത്യ,സൗദി അറേബ്യ, ദുബായ്, അമേരിക്ക, ഇംഗ്ലണ്ട്, ന്യൂസിലാൻഡ് തുടങ്ങിയ രാജ്യങ്ങളിലെ എഴുത്തുകാരുടെ ആത്മീയ രചനകൾ പ്രസിദ്ധീകരിക്കുവാൻ സർവ്വശക്തനായ ദൈവം സഹായിച്ചു. എല്ലായിടത്തും ഇതിന്റെ പ്രിന്റഡ് കോപ്പികൾ എത്തിക്കാൻ കഴിയാത്തതിനാൽ ഓൺലൈനിൽ ജേണൽ വായിക്കുവാനും ഇതിന്റെ പിഡിഎഫ് ഡൗൺലോഡ് ചെയ്യാനുമായി www.godsownlanguage.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.**

Read Online:
www.godsownlanguage.com/mal/Magazines/Hello_Hope

“ഹലോ ഹോപ്പ്” ജേർണലിൽ വരുന്ന
എല്ലാ ലേഖനങ്ങളിലേയും പതിവ് പംക്തികളിലേയും
ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്ത്വം
എഴുത്തുകാർക്ക് മാത്രമാണ്.
-എഡിറ്റർ-
Views and opinions expressed in various articles and features in “Hello Hope” are only of the writers and not necessarily of the publishers.
-Editor-

നിങ്ങളുടെ അഭിപ്രായങ്ങളും
നിർദ്ദേശങ്ങളും ഞങ്ങൾക്ക് എഴുതുക:
**Hello Hope Journal**
**P.O. Box :10489**
**Kingdom of Bahrain**
✉ hhgulfnews@gmail .com
00973 38383399
☎ 17877171



# 'ക്രിസ്തുവിൽ ഒന്ന്' 1958 മുതൽ

*(...കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*



**Jacob George**
*BMCC President*

## *ഇനിയും മുന്നോട്ട്*


സുവിശേഷീകരണം എന്ന പൊതു ലക്ഷ്യം മുൻനിർത്തി സുവിശേഷ വിഹിത സഭകളുടെ പൊതുവേദി എന്ന നിലയിൽ ബി.എം.സി.സി തികച്ചും സ്തുത്യർഹമായ ശുശ്രൂഷകൾ ബഹറിനിൽ ചെയ്തു പോരുന്നു. ഗൾഫിൻെ പല രാജ്യങ്ങളിലും സാമാനമായ സംരംഭങ്ങൾക്ക് തുടക്കം കുറിച്ചുവെങ്കിലും ബി.എം.സി.സി പോലെ പ്രബലപ്പെട്ട് വളർന്നവ ഗൾഫിലെന്നല്ല മറ്റ് രാജ്യങ്ങളിലും കണ്ടെന്ന് വരികയില്ല. അംഗത്വ സഭകളുടെ സഹകരണം സഭാനേതൃത്വത്തിൻെ തത്സമയ നിർദ്ദേശങ്ങൾ, കോൺഗ്രിഗേഷൻ അംഗങ്ങളുടെ നിസ്വാർത്ഥ സേവനവും, നേതൃപാടവവും ഈ ഐക്യവേദിക്ക് താങ്ങും, തണലും, വളവും, വെള്ളവുമായി നിൽക്കുന്നതോടൊപ്പം, ദൈവത്തിന്റെ അതിരറ്റ വിശ്വസ്തതയും, കൃപയും ഈ കൂട്ടായ്മയെ മുടക്കം കൂടാതെ മുന്നോട്ട് നയിച്ചു വരുന്നു.

ക്രിസ്തുവിൽ ഒന്ന് എന്ന മനോഭാവത്തോടെ ഹൃദയവും, കരങ്ങളും കോർത്തുപിടിച്ചുകൊണ്ട്, ഇനിയും മുന്നോട്ട് നടക്കാൻ, 59 വർഷം സഹായിച്ച സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം തുടർമാനമായി അനുഭവിച്ച് കർത്താവിൻെ വരവോളം ഐശ്വര്യമായി മുന്നേറുവാൻ സംഗതിയാകട്ടെ. ഈ മഹത്വപൂർണ്ണമായ ശുശ്രൂഷയിൽ നിങ്ങളുടെ സജീവ പങ്കാളിത്തവും ഉറപ്പാക്കുക. എല്ലാ വെള്ളിയാഴ്ചകളിലും സെന്റ് ക്രിസ്റ്റഫറിൽ വൈകിട്ട് 4:15 ന് നടക്കുന്ന കൂടിവരവിൽ കടന്നു വന്ന് അനുഗ്രഹം പ്രാപിക്കുവാനും, എല്ലാ മാസത്തിന്റേയും ആദ്യ ശനിയാഴ്ചകളിൽ രാത്രി 8 മണിക്ക് സഹോദരന്മാരുടെ ഭവനങ്ങളിൽ നടക്കുന്ന ഏറ്റവും അനുഗ്രഹിക്കപ്പെട്ട മധ്യസ്ഥ പ്രാർത്ഥനയിലൂടെ ആത്മീക അനുഗ്രഹങ്ങൾ പ്രാപിക്കുവാനും ഇതുവായിക്കുന്ന ഏവരും മനസ്സുവെച്ച് സഹകരിക്കുമെങ്കിൽ ബി.എം.സി.സി ഇനിയും ഉയരങ്ങളിലേക്ക്, വിശാലതയിലേക്ക് മുന്നേറും.


## മുൻകാല പ്രസിഡന്റുമാർ



പാസ്റ്റർ റ്റി.റ്റി. ജോസഫ്



ബ്രദർ പി.ഇ ജോസഫ്



ബ്രദർ എം.റ്റി. ശമുവേൽ



ബ്രദർ പി.പി. വർക്കി



ബ്രദർ റ്റി.ജി. ജോർജ്



ബ്രദർ എം.ജെ. ഈപ്പൻ



ബ്രദർ പി.ജെ. ജെയിംസ്



ബ്രദർ പി.സി. എബ്രഹാം



ബ്രദർ ഡാനിയേൽ ജോർജ്



ബ്രദർ കെ.വി. തോമസ്



ബ്രദർ എസ്.ജി. തോമസ്



ബ്രദർ ജോർജ് മാത്യു



പാസ്റ്റർ കെ. എം. ജോർജ്



പാസ്റ്റർ പി.സി. വർഗീസ്



ബ്രദർ ജിജോ അങ്കമാലി



ബ്രദർ അനിൽ തോമസ്



2017 പ്രവർത്തന വർഷത്തെ ബി.എം.സി.സി കമ്മിറ്റിയംഗങ്ങൾ


# പരസ്യമായി പങ്കുവെക്കാൻ കഴിയാത്ത പ്രാർത്ഥനാ വിഷയങ്ങളുമായി നിങ്ങൾ ഭാരപ്പെടുന്നുവോ?

ദൈവഹിത പ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണെങ്കിൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം.

Prayer Cell

0973 3838 3399

0973 1787 71 71

hhgulfnews@gmail.com

പ്രാർത്ഥനാവിഷയങ്ങളും വ്യക്തികളേയും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.


## യാത്ര അയപ്പ് നൽകി

HH Studio



ഇടത്തുനിന്ന്: പാസ്റ്റർ വിനിൽ സി. ജോസഫ്, സിസ്റ്റർ ജയാ തങ്കരാജ്, പാസ്റ്റർ ടി. തങ്കരാജ്, ബ്രദർ പ്രസാദ് ശമുവേൽ, ബ്രദർ ഇ. ജോയ്ലാൽ

34 വർഷത്തെ ബഹ്റിൻ പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് കടന്നുപോകുന്ന പാസ്റ്റർ ടി. തങ്കരാജിനും സിസ്റ്റർ ജയാ തങ്കരാജിനും **'ഐ.പി.സി. ബഥേൽ ബഹറിൻ'** (മുഹറഖ് ഏരിയാ) മെമന്റോ നൽകുന്നു.

# നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ

## So run that you may obtain

4



പാസ്റ്റർ റ്റി.റ്റി. തോമസ്
ഐ.പി.സി. ബഹ്റിൻ

*(.....കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

'നിങ്ങൾ നന്നായി ഓടിയിരുന്നു; സത്യം അനുസരിക്കാതിരിപ്പാൻ നിങ്ങളെ ആർ തടുത്തു കളഞ്ഞു? ഗലാ.5:7

കഴിഞ്ഞ മൂന്ന് ലക്കങ്ങളിലും ഈ വിഷയം വിസ്തരിച്ചു വിവരിക്കുകയാണല്ലോ. ഈ ലക്കത്തിൽ വിശ്വാസികളുടെ ഓട്ടത്തെ തടസം സൃഷ്ടിക്കുന്ന ചില കാര്യങ്ങൾ പൗലോസ് ഗലാത്യ വിശ്വാസികളോട് പറയുകയാണ്. നിങ്ങൾ നന്നായി ഓടിയിരുന്നു എന്നാൽ ആ ഓട്ടത്തിൽ തടസം നേരിട്ടിരിക്കുന്നു. ആരാണ് തടസപ്പെടുത്തിയത് ?

ക്രിസ്തീയ ഓട്ടമത്സരത്തെ അഥവാ ക്രിസ്തീയ ജീവിതത്തിലെ പുരോഗതിയെ തടസപ്പെടുത്തുന്നത് രണ്ട് ശക്തികളാണ്. ഈ രണ്ട് ശക്തികളെക്കുറിച്ച് ദൈവജനം ബോധവാന്മാരായിരിക്കണം.

*1. പുറത്ത് നിന്നുള്ള ശക്തികൾ*
*2. അകത്ത് നിന്നുള്ള ശക്തികൾ*

***1. പുറത്ത് നിന്നുള്ള ശക്തികൾ : ഉദാഹരണമായി എസ്രാ 4:1-4 - യഹൂദയുടേയും ബെന്യാമീന്റേയും വൈരികൾ.***

ദൈവജനത്തിന് ലോകം, ജഡം, പിശാച് എന്നീ മൂന്ന് വലിയ ശത്രുക്കൾ ഉണ്ട്. ഇവിടത്തെ പ്രതിപാദ്യ അതല്ലയെന്നോർക്കണം. യഹൂദയുടേയും ബെന്യാമീന്റേയും വൈരികളാണ്.
ശ്രദ്ധിക്കൂ ഇവർ രംഗപ്രവേശനം ചെയ്യുന്നത് ശത്രുക്കളായിട്ടല്ല മിത്രങ്ങൾ എന്ന ഭാവേനയാണ്. 2-ാം വാക്യത്തിൽ പറയുന്നത് നമ്മൾ ഒന്നാണ്; നമുക്ക് ഒന്നിച്ച് പണിയാം എന്നാണ്. 3-ാം വാക്യത്തിൽ ദർശനം പ്രാപിച്ചവൻ ഒത്തുതീർപ്പിന് തയ്യാറാല്ലായെന്ന് കണ്ടപ്പോൾ അവരെ ധൈര്യക്ഷയം വരുത്തി ഭയപ്പെടുത്തി.

***ഇന്നത്തെ ഭയപ്പെടുത്തൽ എങ്ങനെയാണ് ?***

ആരെങ്കിലും ഒരുത്തൻ രക്ഷിക്കപ്പെട്ടു എന്നറിഞ്ഞാൽ വീട്ടിൽ കയറാത്തവരൊക്കെ, അവർ ഉൾപ്പെട്ടു നിന്നിരുന്ന സമൂഹത്തിലെ നേതാക്കന്മാർ വീട്ടിലേക്ക് വരും. എന്നിട്ട് ചോദിക്കും ഇപ്പോൾ യോഗത്തിനും കൂട്ടത്തിനുമൊക്കെ പോകുന്നുണ്ടെന്ന് കേട്ടല്ലോ? അതേ പോകുന്നുണ്ട്...കഴിഞ്ഞ ദിവസം ഞാൻ രക്ഷിക്കപ്പെട്ടു. ഉടനെ മറുപടി വരും കൊള്ളാം നല്ല കാര്യമാ രക്ഷിക്കപ്പെട്ടത്. സ്നാനപ്പെടേണ്ടതും വളരെ നല്ല കാര്യമാണ്. ഇതൊക്കെ ചെയ്യേണ്ടത് തന്നെയാ. പക്ഷേ ഇവിടെതന്നെ നിന്നോ. നമുക്ക് ഒരുമിച്ച് പണിയാം. നിങ്ങളെപോലെയുള്ളവരെയാണ് ഇന്ന് നമ്മുടെ സഭയ്ക്ക് ആവിശ്യം. അടുത്ത കൂട്ടായ്മയ്ക്ക് സാക്ഷ്യം ഒക്കെ പറയണം കേട്ടോ.

എന്നാൽ യഥാർത്ഥമായി മാനസാന്തരപ്പെട്ടവൻ ദൈവത്തെ വിളിക്കുവാൻ പോകുമ്പോൾ അടവ് നടന്നില്ലായെന്ന് ബോധ്യമുള്ള ആളുകൾ ധൈര്യം ക്ഷയിപ്പിക്കാൻ ശ്രമിക്കും. അതിലും മടങ്ങി വന്നില്ലെങ്കിൽ പിന്നെ സ്വരം ഭീഷണി ആയിമാറും. കൊച്ച് 10-ാം ക്ലാസ് പാസ് ആയല്ലോ അല്ലേ, കോളേജിൽ അഡ്മിഷന് ഇങ്ങു വാ, അന്നേരം കാണിക്കാം, പെന്തെക്കോസ്തുകാർക്ക് കോളേജ് ഇല്ലായെന്നറിയാമല്ലോ അല്ലേ?. കോളേജ് ഇല്ലായെന്നത് ശരിയാണ്. എന്നാൽ പഠിക്കുവാൻ താൽപ്പര്യമുള്ള ഒരു കുഞ്ഞും ഇതുവരെ പഠിക്കാതിരുന്നിട്ടില്ല.

'ശത്രു ഭീതി കേട്ടു തെല്ലും ഭയന്നിടല്ലേ'

***2. അകത്ത് നിന്നുള്ള ശക്തികൾ :*** ഉദാഹരണം - നെഹമ്യാവ് (നെഹ.4:1-23)-
***പരിഹാസം:*** എസ്രായുടെ പുസ്തകത്തിൽ പുറത്തു നിന്നുള്ള ദേശനിവാസികൾ ആയിരുന്നുവെങ്കിൽ നെഹമ്യാവിന് നേരിടേി വന്നത് പ്രമാണികളായ പരിഹാസികളായ സൻബല്ലത്തിനേയും തോബിയാവിനേയുമാണ്. പരിഹാസം സഹിക്കുവാൻ ബുദ്ധിമുട്ടുള്ള കാര്യമാണ്.

***യിശ്മായേൽ :*** മക്കളില്ലാതിരുന്ന സാറയുടെ മടിയിൽ പ്രസവിച്ചുവീണ യിശ്മായേലിനെ പുറത്താക്കുവാനുള്ള കാരണം പരിഹാസമായിരുന്നു. ഉൽ.21:9 - ൽ ഇത് അവൾക്ക് സഹിക്കുവാൻ കഴിഞ്ഞില്ല.
മത്തായി 27:39-42 - മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും അവർ യേശുവിനെ പരിഹസിച്ചു. മാളിക മുറിയിൽ 120 പേർ പരിശുദ്ധാത്മസ്നാനം പ്രാപിച്ചു കഴിഞ്ഞപ്പോൾ ഇവർ പുതുവീഞ്ഞ് കുടിച്ചിരിക്കുന്നു എന്ന് മറ്റു ചിലർ പരിഹസിച്ചു. നെഹമ്യാവിന് പരിഹാസം ഏറ്റവും പ്രയാസമായി തോന്നി എങ്കിലും സഹിച്ചു മതിൽ പണിതു.

ഓട്ടകളത്തിൽ ഓടുന്ന വ്യക്തികളെ വിരുതിൽ നിന്നും തെറ്റിക്കുവാൻ ഉപയോഗിക്കുന്ന മാർഗതടസമാണ് പരിഹാസം. എന്നാൽ എനിക്കും നിങ്ങൾക്കും മുമ്പേ പരിഹാസം സഹിച്ച കർത്താവിന്റെ കാലടികളാണ് നാം പിൻചെല്ലുന്നത്. ആകയാൽ പ്രതിബന്ധങ്ങളെ തൃണവൽ ഗണിച്ചു മുന്നേറാം.

***അപവാദം:*** സാത്താൻ മഹാപുരോഹിതനായ യോശുവയ്ക്ക് നേരേ അപവാദവുമായി ചെന്നിരിക്കയാണ്. എന്താണ് സാത്താന്റെ അപവാദം 'മുഷിഞ്ഞ വസ്ത്രം'. എന്നാൽ യേശുവിന് നേരേ പീലാത്തോസ് പറയുന്നു നിങ്ങൾ ചുമത്തുന്ന കുറ്റം അഥവാ അപവാദം ഇവനിൽ കാണുവാൻ കഴിയുന്നില്ല.

***കള്ളപ്രവാചകന്മാർ:*** വിശ്വാസികളുടെ ഓട്ടത്തെ തടസപ്പെടുത്തുന്ന മറ്റൊരു കൂട്ടർ കള്ളപ്രവാചകന്മാരാണ്. പ്രവ.13:6-11 -ദേശാധിപതി മാനസാന്തരപ്പെടുവാൻ ആഗ്രഹിച്ചു എന്നാൽ ബർയേശു എന്ന കള്ളപ്രവാചകൻ തടസപ്പെടുത്തി. ദൈവവചനം ശ്രവിച്ചൊരുവൻ ദൈവഭാഗത്ത് വരുമ്പോൾ കള്ളപ്രവചനത്തിലൂടെ അവനെ നശിപ്പിക്കുന്നവരാണീ കൂട്ടർ.

***ചെമ്പ് പണിക്കാരനായ അലക്സെന്തർ :*** 2 തിമൊ.4:14,15.
പഴയനിയമത്തിൽ സൻബല്ലത്തും തോബിയാവുമാണ് ദൈവീക ശുശ്രൂഷകൾക്ക് എതിർ നിന്നതെങ്കിൽ പുതിയ നിയമത്തിൽ ചെമ്പ് പണിക്കാരനായ അലക്സെന്തർ ആണ്. ഇന്നും സൻബല്ലത്തും തോബിയാവും അലക്സെന്തരും ഉണ്ട്.

# "ലിബറേറ്റ് സിംഫണി" ജനഹൃദയങ്ങളിലേക്ക്

പഴയതും പുതിയതുമായ ക്രിസ്തീയ ഭക്തിഗാനങ്ങൾ ജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ 2017 ജനുവരി 1 ന് യുവഗായകനായ റെഞ്ചു കെ ചാക്കോ ആരംഭിച്ച ലിബറേറ്റ് സിംഫണി എന്ന ഫേസ്ബുക്ക് പേജ് ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ചു കഴിഞ്ഞു.

ബഹ്റിനിൽ ഉള്ള യുവഗായകരുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മാർച്ച് മാസം മുതൽ ലിബറേറ്റ് വേവ്സ് എന്ന പേരിൽ ഓഡിയോ വീഡിയോ റെക്കോഡിംഗ് സ്റ്റുഡിയോ തന്റെ സുഹൃത്തും ഗാനരചയിതാവും എഴുത്തുകാരനുമായ ജിൻസ് കെ മാത്യുവും ചേർന്ന് തുടക്കം കുറിച്ചു. ലിറ്റി ഫിന്നി പാടിയ നീ എൻ സങ്കേതം, ബ്ലെസി ലിജോ പാടിയ പ്രാണപ്രിയ യേശുനാഥാ, റോസ് ബോബി പാടിയ കരുണാമയനേ തുടങ്ങിയ ഗാനങ്ങൾ വളരെ ജനശ്രദ്ധ ആകർഷിക്കുകയും ചെയ്തു. പഴയതും പുതിയതുമായ ക്രിസ്തീയ ഭക്തിഗാനം സ്വന്തം ശബ്ദത്തിൽ റെക്കോർഡ് ചെയ്ത് ഫെയ്സ്ബുക്ക്-യൂട്യൂബ് ചാനൽ വഴി പബ്ലിഷ് ചെയ്യാൻ താൽപ്പര്യം ഉള്ളവർ റെഞ്ചുവുമായോ ജിൻസുമായോ കോൺടാക്ട് ചെയ്യാവുന്നതാണ്.

***റെഞ്ചു - 36282920***
***ജിൻസ് - 34524791***



റെഞ്ചു കെ ചാക്കോ



ജിൻസ് കെ മാത്യു



ലിറ്റി ഫിന്നി



ബ്ലെസി ലിജോ



റോസ് ബോബി

# യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ


പാസ്റ്റർ പി.സി. വർഗീസ്
ശാരോൻ ഫെലോഷിപ്പ് ചർച്ച്

യേശുവിന്റെ ദൈവത്വവും മനുഷ്യത്വത്തിലെ തന്റെ ശ്രേഷ്ഠതയും പ്രവാചകത്വവും പൗരോഹിത്യവും എല്ലാം ആധികാരികമായി സ്ഥാപിക്കുന്ന പ്രൗഢഗംഭീരമായ ലേഖനമാണ് എബ്രായ ലേഖനം. വിശ്വാസത്താൽ ജീവിച്ച ശ്രേഷ്ഠരുടെ നല്ല സാക്ഷ്യങ്ങൾ പ്രസ്താവിക്കുന്ന ഒരുത്തമ ലേഖനം. ബൈബിളിലെ ഏത് പുസ്തകത്തിലേയും വിഷയങ്ങളുടെ ചെറു ചിത്രമെങ്കിലും നമുക്കീ ലേഖനത്തിൽ കണ്ടെത്താവുന്നതാണ്. പിതാവായ ദൈവത്തിന്റെ മാത്രമല്ല, പുത്രനാം ക്രിസ്തുവിന്റെ സൃഷ്ടിപരിപാലന പ്രവർത്തനങ്ങളും രക്ഷാകര പദ്ധതിയും വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട് ഈ ലേഖനത്തിൽ. ലേഖനത്തിലുടെനീളം മുന്നറിയിപ്പുകളും താക്കീതുകളും സന്മാർഗ്ഗപരമായ ഉപദേശങ്ങളും നിറഞ്ഞിരിക്കുന്നത് നമുക്ക് ദർശിക്കാനാവും. യാഗമൃഗമായ കുഞ്ഞാടായും വിശ്വസ്ത മഹാപുരോഹിതനായും ക്രിസ്തുവിനെ ഈ ലേഖനത്തിൽ വരച്ചുകാട്ടിയിരിക്കുന്നത് നമുക്ക് കാണാം.

നിത്യനിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെ ശ്രദ്ധിച്ചു നോക്കുവാൻ (എബ്രാ.3:1) ഈ ലേഖനം നമ്മെ ആഹ്വാനം ചെയ്യുന്നു. ശ്രദ്ധിച്ചു നോക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് -

1. *സകലത്തിനും അവകാശി*
2. *ലോകത്തെ ഉണ്ടാക്കിയവൻ*
3. *തേജസ്സിന്റെ പ്രഭ*
4. *തത്വത്തിന്റെ മുദ്ര*
5. *സകലത്തേയും വഹിക്കുന്നവൻ*
6. *പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയവൻ*
7. *മഹിമയുടെ വലത്തുഭാഗത്തിരിക്കുന്നവൻ*
8. *ദൂതന്മാരേക്കാൾ ശ്രേഷ്ഠനായവൻ.*

ഒന്നാം അദ്ധ്യായത്തിൽ യേശുവിനെ ദൂതന്മാരേക്കാൾ ശ്രേഷ്ഠനായി ചിത്രീകരിച്ചിരിക്കുന്നു. എന്നാൽ രണ്ടാം അദ്ധ്യായത്തിൽ ദൂതന്മാരേക്കാൾ താഴ്ച വന്നവനായ മനുഷ്യസാദൃശ്യത്തിലുള്ള അവസ്ഥയെ ചിത്രീകരിച്ചിരിക്കുന്നതായി കാണാം.

എന്നാൽ നാം തിരുവചനം പരിശോധിക്കുമ്പോൾ യേശു:-

1. *മോശയേക്കാൾ വലിയവൻ – എബ്രാ.3:3*
2. *അബ്രഹാമിനേക്കാൾ വലിയവൻ – യോഹ.8:53-59*
3. *യാക്കോബിനേക്കാൾ വലിയവൻ – യോഹ.4:12*
4. *യോനയേക്കാൾ വലിയവൻ – മത്താ.12:41*
5. *ശലോമോനേക്കാൾ വലിയവൻ – മത്താ.12:42*
6. *ദൈവാലയത്തേക്കാൾ വലിയവൻ – മത്താ.12:6*
7. *എല്ലാനാമത്തേക്കാൾ വലിയവൻ – ഫിലി.2:9*

ശ്രദ്ധിച്ചു നോക്കുന്നവർ സൂക്ഷിക്കേണ്ട കാര്യങ്ങൾ :- എബ്രാ.3:6–14

1. *പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെപ്പിടിച്ചു കൊള്ളണം*
2. *ഹൃദയം കഠിനമാക്കരുത്*
3. *അവിശ്വാസമുള്ള ദുഷ്ടഹൃദയം ഉണ്ടാകരുത്*
4. *പാപത്തിന്റെ ചതിയാൽ കഠിനപ്പെട്ടുപോകരുത്*
5. *ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിച്ചു കൊള്ളണം*

അതുകൊണ്ട് വിശുദ്ധസഹോദരന്മാരേ, സ്വർഗ്ഗീയവിളിക്കു ഓഹരിക്കാരായുള്ളോരേ, നാം സ്വീകരിച്ചുപറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചുനോക്കി മുന്നോട്ടു പോകാൻ സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കട്ടെ.

# Heaven's Embassy


Shirin Bijo

As I was traveling along the roads of Delhi I was feeling proud of my country India.The great monuments Red Fort , India Gate , Kutub Minar and lots more to see and enjoy in the beautiful city. As I travelled further walking along the streets I saw all the big buildings of different embassies. Long queues of people waiting for their turn to come. I wondered while watching them how people are eager to go to different countries. I started walking along the lane. First, I reached in front of Afghanistan embassy. A complete silence in front of the gate. I couldn't see anyone there. Suddenly I saw a troop of policemen brought a man in chains and handed him over to immigration officer and said " This man is a dacoit. Send him to Kabul as soon as possible". The scene terrified me and I started walking fast.

Next came the American embassy. I was amazed to see the long lines of people waiting for hours for their turn. Hats off to their patience I thought in my mind. As I noticed I found in line some evangelists who are friends. I asked them- “Why are you waiting in this line for hours to go to America. You can go to Afghanistan to preach the word of God. There are so many people who do not know about our Jesus.” They replied, 1 American soul = 60 Indian souls and1 Indian soul = 100 Afghanistan soul. So what's wrong in going to America. Shocked by the reply I said, Brother you just said about the currency rates and not about people. My friend replied “you don't have any knowledge about the spiritual things. Pray to God so that you may get this knowledge.” Sad and shocked by the answer I started moving further.

I reached my last destination, in front of HEAVEN'S EMBASSY. I could see few people standing in line. To my surprise there was no immigration officer in the seat. I saw a big computer with continuous reports flashing through the screen. First person went near to computer and entered his name. Computer replied-“ No records in book of life”. Ashamed in front of all he walked back. Next person entered his name. His name got registered. Next question came in the screen “ What are your special abilities”. Proudly he started typing- 3 times I have fasted for 41days. Jesus fasted only once for 40 days. I have fasted more than Jesus did. Computer replied when you fasted you showed everyone, walked with dull face. You made posters and published in papers. You have already received your reward. Your entry to heaven is cancelled.

Third person enters his abilities- I have given a lot for churches. I have helped orphans and widows and the needy. I have brought the receipt also for reference. Computer replied- you have no reward from Father who is in heaven because you practiced your righteousness before men. You have already received your reward in full. Don't you know when you give, do not let your left hand know what your right hand is doing.

Fourth person entered his abilities-I am a prayerful person. I pray whole day. I have turned my house into a prayer tower. I pray and people get deliverance. Computer replied-You prayed to show others. Like hypocrites you prayed in streets and programs so that people will notice you.





Don't expect any reward from Heavenly Father. Ashamed of all he also walked back.

Watching all of them I also decided to give a try. But for a second I thought people before me were more superior than me. What will be my situation. I added in my request I don't want an immigrant visa. Visiting visa that also only for 1month is required. Computer replied – once entered in heaven you cannot return back. Only citizens are allowed not the visitors. Out of my eagerness I asked "why you rejected the people before me?" They were all famous spiritual leaders. Only a reference flashed in screen “Mathew 6:1”.

I again requested, Can I have a copy of this software so that I can alert others too? Computer replied-"you all are carrying this software with you all from years back. But your hearts are hardened. Return back to the Lord. Fear, serve and give honor to the Lord Jesus Christ and you will be saved."

# ... അല്ലെങ്കിൽ കൃപ കൃപയല്ല



ജിജോ അങ്കമാലി

അതിമനോഹരമായ് കൊത്തിയെടുത്ത
ഒറ്റവാക്ക്...കൃപ
വിശ്വസിക്കുന്നവർക്ക് മാത്രം അർത്ഥം
മനസ്സിലാകുന്ന പദം
ഇരുളിലുദിക്കുന്ന വലിയ വെളിച്ചം
അനർഹരായവർക്ക് ലഭിക്കുന്ന അമൂല്യ ദാനം
തകർന്ന മനസ്സുകളെ
പണിതെടുക്കുന്ന പണിപ്പുര
വില കൽപ്പിനാകാത്ത നിധി
ഒരിക്കൽ രുചിച്ചവർ വീണ്ടും വീണ്ടും
ഭക്ഷിക്കുന്ന ഭോജ്യം
രോഗങ്ങളിൽ സൗഖ്യഗുണം
പകരുന്ന ഒറ്റമൂലി
സകലവും സഹിക്കാൻ
സഹായിക്കുന്ന സഹായി

ക്ഷീണിതന് ലഭിക്കുന്ന ബലം
ദാഹാർത്തരായവർക്ക് ലഭിക്കുന്ന നിർമ്മല ജലം
എത്ര കോരിയാലും വറ്റാത്ത കിണർ
പഥികർക്ക് ലഭിക്കുന്ന തണൽ
കറുത്ത മേഘത്തിൽ തെളിഞ്ഞു വരുന്ന മഴവില്ല്
വര ദേശത്ത് പെയ്തിറങ്ങുന്ന മാരി
വിശപ്പുള്ളവന് ലഭിക്കുന്ന രുചി ഭോജ്യം
അന്ധന്റെ നയനം, ബധിരന്റെ കാത്

ഇരുളിലെ നിശാഗന്ധി
മുള്ളുകൾക്കിടയിലെ റോസാപ്പൂ
ദരിദ്രനെ ധനികനാക്കുന്ന നിധി
മേഞ്ഞുനടക്കാൻ പറ്റിയ പുൽമാലി
എവിടേയും ഒഴുകിയെത്തുന്ന കൈത്തോട്
ആശയറ്റവന്റെ ഉള്ളിലുദിക്കുന്ന ആശാകിരണം
തീറെഴുതിക്കിട്ടിയ നിത്യസ്വത്ത്
ഒഴുക്കിൽ പെട്ടവന്റെ തുരുത്ത്
കുറ്റവാളിയെ നിരപരാധിയായ് പ്രഖ്യാപിക്കുന്ന സുപ്രീം കോടതി

കാതിൽ വന്ന് പതിക്കുന്ന ഇമ്പസ്വരം
കുറവുകളെ കണക്കിടാത്ത കണക്കുശാല
മനുഷ്യനിലെ നല്ലവശം കണ്ടെത്തുന്ന ഭൂതകണ്ണാടി
പുതുവാന ഭൂമിയിലെ പാഠ്യവിഷയം
വരും കാലങ്ങളിൽ കാണിപ്പാനിരിക്കുന്ന അത്യന്തധനം
കഠിന പ്രശ്നങ്ങൾക്ക് ലഭിക്കുന്ന ലളിതമായ ഉത്തരം
ആശ്വാസത്തിന്റെ വിത്ത് വിതക്കുന്ന വിതക്കൊട്ട
നിരാശനായ കർഷകന് ലഭിക്കുന്ന സമൃദ്ധമായ വിളവ്
കഠിനപ്രയത്നം ചെയ്യുന്ന തോട്ടക്കാരന് ലഭിക്കുന്ന കന്നിഫലം

നിത്യസന്തോഷത്തിലെത്തിക്കുന്ന സുഖപാത
ശത്രുവിനെതിരെ തൊടുക്കാനുള്ള അസ്ത്രം നിറഞ്ഞ ആവനാഴി
ഇന്നത്തെ യുഗം.
ജീവിതത്തിൽ വർണ്ണം വിരിയിക്കുന്ന ചിത്രശാല
വിഷാദ ഹൃദയത്തിലേക്ക് ഒഴിയെത്തുന്ന സംഗീതം
അസ്തമിക്കാത്ത അരുണൻ
നാമായിരിക്കുന്നതും നമുക്കുള്ളതും
താഴ്മയുള്ളവർക്ക് ലഭിക്കുന്ന ഉയർച്ച

മൂന്നുവട്ടം അപേക്ഷിച്ച പൗലോസിന് ലഭിച്ച ഉത്തരം
ഏതു ചോദ്യത്തിനും ഇണങ്ങുന്ന ഉത്തരം
ജഡത്തിലെ ശൂലത്തിനുള്ള മറുമരുന്ന്
നാം മുടിഞ്ഞ് പോകാതിരിക്കുന്നതും...കൃപ

***ആകയാൽ...***
***കൃപാലുവിന്റെ കൃപാസനത്തോടണഞ്ഞ് കൃപമേൽ കൃപ***
***പ്രാപിപ്പാൻ കൃപായുഗ വാസികൾക്ക് കൃപേശൻ***
***കൃപ ചൊരിയട്ടെ...ഇന്നും എന്നും***

## GREEK Vocabulary

Pastor Wilson Cherian

| | Greek | Transliteration | Meaning | Reference |
|---|---|---|---|---|
| 1 | Βίβλος | Biblos | Book | Matthew 1:1 |
| 2 | ἡμέρα | hēmera | Day | Matthew 3:1 |
| 3 | βαπτιστής | baptistēs | Baptist | Matthew 3:1 |
| 4 | ἔρημος | erēmos | Desert/wilderness | Matthew 3:1 |
| 5 | Βασιλεία | Basileia | Kingdom | Matthew 3:2 |

# 'ദൈവ വചന കൂട്ടായ്മ' (ഫേസ്ബുക്ക് ഗ്രൂപ്പ് )



ജോഷി തോമസ്

*സങ്കീ. 2:8 എന്നോടു ചോദിച്ചുകൊൾക; ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും;*

'ദൈവ വചന കൂട്ടായ്മ' എന്ന ഈ ആത്മീയ ഗ്രൂപ്പ് ഫേസ്ബുക്കിൽ തുടങ്ങുവാൻ ദൈവാത്മാവ് ആലോചന തരികയും 2016 ജൂലായ് 26നു ആരംഭിച്ച് ഇപ്പോൾ ഒരു വർഷം പൂർത്തിയാക്കുകയാണ്. തുടങ്ങിയപ്പോൾ നിരവധി ആരോപണങ്ങൾ ഉയർന്നെങ്കിലും തളർന്നു പോകാതെ കൃപയാൽ 50,000-ൽ പരം അംഗങ്ങളുമായി നല്ല രീതിയിൽ മുന്നോട്ട് പോകുവാൻ ഈ ഗ്രൂപ്പിനെ കൃപ ചെയ്യ്തുസഹായിക്കുന്ന ദൈവത്തിനു എല്ലാ സ്തുതിയും കരേറ്റുന്നു. ഈ ഗ്രൂപ്പിന്റെ ഇതുവരെയുള്ള വിജയത്തിന് കാരണമായതു ദേശത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അഡ്മിൻമാരുടെ സമർപ്പണ മനോ ഭാവവും ഐക്യതയും കൂട്ടായ്മയും മൂലമാണ്. ഗ്രൂപ്പ് തുടങ്ങിയ അന്നുമുതൽ ബൈബിൾ ക്വിസ് നടത്തുവാൻ ദൈവം കൃപ ചെയ്തു. ഒരു സീസൺ പിന്നിട്ടപ്പോൾ വിജയികൾക്ക് ക്യാഷ് അവാർഡുകൾ നൽകാൻ ദൈവകരം കൂടെ ഇരുന്നു... അതിലേക്കായി സ്പോൺസർമാരെ കർത്താവ് നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ രണ്ടാം സീസൺ ബൈബിൾ ക്വിസ് നടന്നു കൊണ്ടിരിക്കുന്നു. തുടക്കം മുതൽ ഇന്ന് വരെയും മുടക്കം കൂടാതെ അനേകർക്ക് വേണ്ടി പ്രാർത്ഥിക്കാൻ, കണ്ണുനീ രൊപ്പാൻ, ബലപ്പെടുത്താൻ, പ്രയാസങ്ങളിൽ ദുഃഖങ്ങളിൽ താങ്ങായി അവരെ ആശ്വസിപ്പിക്കാൻ 'ഓൺലൈൻ പ്രാർത്ഥന' എല്ലാ ദിവസവും ഇന്ത്യൻ സമയം രാത്രി 9:30 മുതൽ 10:30 വരെയും പൊതുവായി പ്രയറും നടത്തി വരുന്നു. കൂടാതെ അഡ്മിൻാരെല്ലാവരും ചേർന്ന് ചെയിൻ പ്രയറും വിഷയങ്ങൾക്ക് വേണ്ടിയും ആത്മാക്കളുടെ രക്ഷക്കായും പ്രാർത്ഥനയിലായിരിക്കുന്നു. ഗ്രൂപ്പിന്റെ പേരിൽ അനുഗ്രഹിക്കപ്പെട്ട പരസ്യ യോഗങ്ങൾ തിരുവന്തപുരത്തും ഭാഗികമായി കോട്ടയത്തും കൊല്ലത്തും നടത്താൻ ദൈവം അവസരം തന്നു.

ഇനി ബൈബിൾ സോംഗ് റഫറൻസ് മത്സരം നടത്തുവാൻ ദൈവകൃപയിൽ ആശ്രയിക്കുന്നു. ഇതിൽ കൂടി എല്ലാം ദൈവനാമം മഹത്വപ്പെടണം. 'ദൈവ വചന കൂട്ടായ്മ' എന്ന ഈ ആത്മീയ ഗ്രൂപ്പിന്റെ ലക്ഷ്യം ദൈവത്തെ അറിഞ്ഞിട്ടില്ലാത്തവർ ഈ സത്യ ദൈവത്തെ അറിയണം. ബൈബിൾ വായിച്ചിട്ടില്ലാത്തവർ അത് വായിക്കണം. ഒരേ സമയം ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ ഇരുന്നുകൊണ്ട്, പരസ്പരം പ്രാർത്ഥിക്കുവാനും ദൈവത്തെ സ്തുതിക്കുവാനുമുള്ള അവസരം ഉണ്ടാകുന്നു. കൂടാതെ തിരുവനന്തപുരം മുതൽ കാസർകോഡ് വരെ ഗ്രാമപ്രദേശങ്ങളിൽ പരസ്യയോഗങ്ങൾ നടത്തുവാൻ കർത്താവിൽ ആശ്രയിച്ചു പ്രാർത്ഥിക്കുന്നു. ചാരിറ്റി പ്രവർത്തനങ്ങളും കൂടാതെ ആവശ്യമുള്ളവർക്ക് കൗൺസിലിങ്ങും നടത്തി വരുന്നു. നിർദ്ധന രായ കുട്ടികളെ പഠിപ്പിക്കുകയും രോഗികളെ




സാമ്പത്തികമായി സഹായിക്കുകയും ചെയ്തു വരുന്നു. പരസ്യ യോഗങ്ങളിൽ ബൈബിൾ വിതരണവും ചെയ്യാൻ ദൈവം സഹായിക്കുന്നു.

ഒരിക്കലും കണ്ടിട്ടില്ലാത്ത ജനത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ ദൈവം അവസരം തരുന്നത് ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. ഗ്രൂപ്പിന്റെ വളർച്ചക്കുവേണ്ടി പ്രവർത്തിച്ചിട്ടുള്ള എല്ലാ ദൈവമക്കളോടുമുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ അറിയിക്കുന്നു. തുടർന്നും എല്ലാ ദൈവമക്കളുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം ഉണ്ടാകണമെന്ന് ദൈവനാമത്തിൽ താല്പര്യപ്പെടുന്നു. ഈ കൂട്ടായ്മയിൽ കൂടി ഞങ്ങൾ ക്രൂശിതനായ യേശുവിന്റെ അത്ഭുത സ്നേഹം പ്രദർശിപ്പിക്കുകയാണ്. ഇത്രയും നാൾ നിങ്ങളോടു കൂടെ എന്നും "ദൈവവചന കൂട്ടായ്മ" എന്ന് പറയുവാൻ ദൈവം ഇടയാക്കിയതിൽ സ്തോത്രം. തുടർന്നും നിങ്ങളെ എല്ലാം ഓർത്തു പ്രാർത്ഥിക്കുവാനും നിങ്ങളുടെ ജീവിതത്തിൽ ഒരു ചെറു വെളിച്ചം ഈ കൂട്ടായ്മ കൊണ്ട് നൽകുവനും കഴിയട്ടെ എന്നും ഈ വേളയിൽ ആഗ്രഹിക്കുന്നു. നിങ്ങളും ഞങ്ങളോട് കൂടെ ഈ കൂട്ടായ്മയിൽ അനേകരിലേക്കു ഈ വെളിച്ചം പകരുവാൻ സഹായി ആകുക . നിങ്ങൾ ചെയ്യണ്ടത് ഇത്ര മാത്രം കഴിവതും നിങ്ങളുടെ എല്ലാ കൂട്ടുകാരെയും ഈ കൂട്ടായ്മയിൽ അംഗമാക്കുക ...സ്വർഗം നിങ്ങളെ കണ്ടു സന്തോഷിക്കട്ടെ

# പാട്ടുകളുടെ പിന്നാമ്പുറങ്ങൾ

## "എന്നും നല്ലവൻ യേശു എന്നും നല്ലവൻ..."



ജെയ്സൺ ജേക്കബ് ജോയ് അങ്കമാലി

പത്തനംതിട്ട ജില്ലയിൽ ഇലന്തൂരിൽ തെക്കേതിൽ കുഞ്ഞുമോൻ ശമുവേൽ എന്ന ടി.കെ.ശമുവേൽ ബഹുവിധമായ കഴിവുകളുള്ള ആളായിരുന്നു. പ്രിയ ദൈവദാസൻ പ്രഭാഷണം, ഗാനരചന, ആലാപനം തുടങ്ങിയ കൃപാവരങ്ങൾ ലഭിച്ച വ്യക്തിയായിരുന്നു. മാത്രമല്ല ചിത്രരചനയിലും സമർത്ഥനായിരുന്നു ശമുവേൽ സർ. ഈ കഴിവുകൾ മനസിലാക്കിയ മഹാകവി കെ.വി.സൈമൺ സാർ പഠിപ്പിച്ചിരുന്ന ഇടയാറന്മുളയിലെ നോയൽ മെമ്മോറിയൽ സ്കൂളിൽ തനിക്ക് ഒരു ജോലിയും കൊടുത്തു.

രാവിലെ സ്കൂളിൽ പോകുന്ന വഴിയിൽ ആളുകൾ കൂടുന്ന ഏതെങ്കിലും കവലകൾ കണ്ടാൽ അത് മനസിൽ വെക്കുകയും വൈകിട്ട് സ്കൂൾ വിട്ട് അവിടെ ചെന്ന് ദൈവം തനിക്ക് കൊടുത്ത ഗംഭീരമായ ശബ്ദം ഉപയോഗിച്ച് ചില ഗാനങ്ങൾ പാടുകയും സുവിശേഷം പ്രസംഗിച്ചു വീട്ടിലേക്ക് പോകുകയാണ് ശമൂവേൽ സാറിന്റെ പതിവ്.


ഒരു ഓലമേഞ്ഞ വീട്ടിലാണ് തന്റെ കുടുംബം ജീവിച്ചിരുന്നത്. അങ്ങനെ ഒരു ദിവസം കാലവർഷത്തിനു മുമ്പ് പഴയ ഓലയെല്ലാം മാറ്റി പുതിയ ഓല വയ്ക്കുന്ന ദിവസം തന്റെ മനസ്സിൽ വല്ലാത്ത ഭാരം കടന്നു വരുവാൻ തുടങ്ങി. സാമ്പത്തിക പ്രയാസങ്ങൾ ഇത്യാദി വിഷയങ്ങൾ തന്നെ അലട്ടി. ദൈവമുഖത്തേക്ക് നോക്കി ദൈവദാസൻ ജോലികൾ ആരംഭിച്ചു.

ഏകദേശം ഉച്ച സമയമായപ്പോൾ ഇങ്ങനെ ഭാരപ്പെട്ടു പറമ്പിൽ നിന്നും ഓലയെല്ലാം കൊണ്ടുവരുമ്പോൾ തൻെ ചുമലിൽ ആരോ തട്ടുന്ന ഒരു അനുഭവം, മൃദുവായ ഒരു സ്വരവും കേട്ടു 'എടാ കുഞ്ഞേ സാരമില്ലെടാ, സാരമില്ലെടാ'. ഈ സ്വരം ആരുടേതാണെന്ന് ദൈവദാസൻ തിരിച്ചറിഞ്ഞു. തന്റെ അരുമനാഥനായ കർത്താവിന്റെ ഇമ്പശബ്ദം ആയിരുന്നു. ആവേശഭരിതനായി ഓല അവിടെ വച്ചിട്ട് തന്റെ മകനോട് ഒരു പേപ്പറും പേനയും കൊണ്ടുവരുവാൻ പറഞ്ഞു. എന്നിട്ട് അതിൽ ഇങ്ങനെയെഴുതി 'സാരമില്ലെന്നോതിടും തൻ മാറിൽ എന്നെ ചേർത്തിടും.'

അന്ന് രാത്രിയിൽ അത് മനോഹരമായ ഗാനമായി മാറി. നാമെല്ലാം പാടി ആശ്വസിക്കുന്ന:

*'എന്നും നല്ലവൻ യേശു എന്നും*
*നല്ലവൻ; ഇന്നലേയും ഇന്നും*
*എന്നും അന്യനല്ലവൻ....*

*ഭാരമുള്ളിൽ നേരിടും*
*നേരമെല്ലാം താങ്ങിടും*
*സാരമില്ലെന്നോതിടും തൻ*
*മാറിൽ എന്നെ ചേർത്തിടും.....*



ടി.കെ.ശമുവേൽ

*സംഭവങ്ങൾ കേൾക്കവേ*
*കമ്പമുള്ളിൽ ചേർക്കവേ*
*തമ്പുരാന്റെ തിരുവചനം*
*ഓർക്കവേ പോലാകവേ*

*ഉലകവെയിൽ കൊണ്ടു ഞാൻ*
*വാടിവിഴാതോടുവാൻ*
*തണലെനിക്കു നൽകീടുവാൻ*
*വലഭാഗത്തായുണ്ടുതാൻ.......*

വരും ലക്കങ്ങളിൽ ജീവിതഗന്ധിയായ ഇങ്ങനെയുള്ള ഗാനങ്ങളുടെ പിറവിക്ക് പിന്നിലെ ദൈവിക ഇടപെടലുകളെക്കുറിച്ച് അറിയുവാനും ചിന്തിക്കുവാനും സർവ്വശക്തൻ സഹായിക്കട്ടെ.

# What Bible Says About ?



Acxa Susan

### 1.What Bible says about Love ?

"Love the Lord, your God, with all your heart and with all your soul and with all your strength and with all your mind" (Deu.6:5). We must love our Heavenly Father and love each other. Love does not hurt anyone. Therefore, it is the fulfillment of the Law. It is also one of the commandments of the Bible. Love your neighbours as yourself. The first and greatest commandment of God's law, is that we love Him and do all the parts of our duty to Him from a principle of love.

### 2. What Bible says about Hope ?

"Hope does not disappoint us, because God has poured out His love into our hearts by the Holy Spirit. Whom, He has given us" (Rom.5:5). The Lord has given us living hope through the resurrection of Jesus Christ from the dead. This hope will not disappoint us because it is sealed with the Holy Spirit, as a spirit of love. A right sense of God's love to us will make us not ashamed, either of our hope or of our suffering for Him.

### 3. What Bible says about Happiness ?

"Rejoice in the Lord always" (Phili.4:4). We should not be anxious about anything, but in everything present all your requests to God with prayer and with thanksgiving. Joy in God is of great consequence in the Christian life and Christians need to be again and again called to it.

### 4. What Bible says about Children ?

"Children, obey your parents in the Lord; for this is right" (Eph.6:1). The great duty of the children is to obey their parents. That obedience includes inward reverence as well as outward acts. Jesus said "Let the little children come to me, and do not hinder them, for the kingdom of God belongs to such as these" (Mark 10:14).

### 5. What Bible says about Faith ?

"Now faith is the assurance of things hoped for the conviction of things not seen" (Heb.11:1). This means that faith is deep trust in anyone or anything which is not visible to our eyes. For an instance, when we see smoke coming from the bushes or from a building. We immediately know that there is fire. We found only smoke, but we know there is fire behind the smoke. Smoke is a sign of fire; similarly, Faith is a sign of assurance and trust. We need to have faith in every aspect of our life. We need to demonstrate our faith not only in our public life, but deep within us. We need to exercise our faith through this constant faith, we can lead a good Christian life. Amen! God bless!!

HH Sisters' Outlook

# A Peek into Our HEAVENLY FATHER'S HEART



Julie Mathew
(Dubai)

My younger one, Daniel, is being punished today because he didn't obey his elder sister on the way back from school. I've been telling him for many days to obey her – after all, this is for his own good, to keep him safe and protected and to help him behave well-- but too many times over the past few days I've got complaints from my daughter that Daniel isn't obeying. So today I decided that it was time for some punishment!

Let me first give you a peek into little Daniel's heart, into something that makes his eyes light up with great excitement. Every time Daniel's father goes on a trip, Daniel eagerly asks him to bring back a small toy for him. There are stages of increasing excitement in the process of receiving this gift.A much anticipated high point is when Daniel's father has actually bought the toy and sends the photo of it through whatsapp. Daniel waits eagerly to see the picture– after all, it is evidence that this exciting toy has been purchased just for him and that he will soon hold it in his hands and play with it! ...This time when Daniel's father went on a trip was no different: Daniel had been calling up his Dada every day to remind him to buy the toy and post the picture. Today was the much anticipated climax – this morning I told Daniel that his Dada would surely buy the toy and post the picture today and that Daniel would get to see it when he returned from school. So you can imagine his anticipation when he got home today!

However,my daughter informed me that Daniel wasn't obedient on the way back home from school. As a warning she had told him that if he didn't obey her, she would ask me not to show him the picture of the toy.But Daniel, caught up in his disobedience, had not taken her warning seriously. So I decided it was time for punishment!

Daniel was terribly upset to hear from me that he wouldn't get to see the pictureof the toy because he hadn't obeyed his sister. He followed me around tearfully and begged to see the picture. When this didn't work, he sat down gloomy and sad. How my heart was torn! I could hardly bear to see him so upset, but I knew I had to follow through with this punishment so that he learns obedience!

This experience gave me a glimpse into our heavenly Father's heart. When he disciplines us, He also suffers along with us! But because He loves us so much, He has to teach us His ways, which are for our good.Through our trials, He squeezes us so that our impurities are removed and we come through shining like pure gold!

This relationship between the Father and us is beautifully explained in Hebrews.

*"My son, do not make light of the Lord's discipline, and do not lose heart when he rebukes you, because the Lord disciplines the one he loves,and he chastens everyone he accepts as his son."*

*Endure hardship as discipline; God is treating you as his children. For what children are not disciplined by their father? If you are not disciplined—and everyone undergoes discipline—then you are not legitimate, not true sons and daughters at all.Moreover, we have all had human fathers who disciplined us and we respected them for it. How much more should we submit to the Father of spirits and live! They disciplined us for a little while as they thought best; but God disciplines us for our good, in order that we may share in his holiness.No discipline seems pleasant at the time, but painful. Later on, however, it produces a harvest of righteousness and peace for those who have been trained by it. (Hebrews 12: 5-11)*

So our Heavenly Father disciplines us because He loves us and wants us to walk in His ways!His intention is to make us share in His Holiness, so that we can have fellowship with Him! But when he sees us struggling and broken in our times of disciplining through trials and suffering, His heart is deeply moved for us. He also cries with us!

The Apostle John, as he recounts the story of the death of Lazarus, reminds us several times that Jesus is not distant from us but intimately shares our sorrow.

*(John 11:33) When Jesus saw Mary weeping and the Jews who had come along with her also weeping, he was deeply moved in spirit and troubled.*

*(John 11:35) Jesus wept.*
*(John 11:38) Jesus, once more deeply moved, came to the tomb...*

These verses give us a glimpse into the ever loving heart of our Lord. How tender He is towards us!

The Psalms are also full of reminders of the compassion and mercy of the Lord"The Lord is gracious and compassionate, slow to anger and rich in love." (Psalm 145:8)What a beautiful way to describe the Lord's heart for us!

It's so wonderful to know that our Heavenly Father's heart cries along with us when we go through trials and suffering. He is never far from us: He is someone we can cling to in times of trouble! Although He disciplines us, we can be sure that it is only for our good. He is so kind and so faithful that even when we rebel against Him, he does not give up on us, but patiently urges us to return back to Him. When we still persist in sinning, He puts roadblocks in our paths so that He can stop us from sinning. These experiences are painful and difficult for us, but His gracious love is always there to take us through. He loves us deeply, like no other, and cares for us. Let's continue to yield to Him as he lovingly disciplines us so that He can make us perfect in Christ Jesus!







HH Artist



Praveen Antony

## അനുഭവ സാക്ഷ്യം

# അത്ഭുത പ്രകാശത്തിലേക്ക്

ഒരു സമുദായസഭാ വിശ്വാസിയായിരുന്ന ഞാൻ 2003 ഫെബ്രുവരി 18-ാം തീയതി വലിയ പ്രതീക്ഷയോടുകൂടിയാണ് പവിഴങ്ങളുടെ ദ്വീപ് എന്നറിയപ്പെടുന്ന ഈ കൊച്ചു ബഹ്‌റനിലേക്ക് കടന്നു വന്നത്. ഏറ്റവും തണുപ്പു കൂടിയ ഒരു സീസൺ ആയിരുന്നു ആ നാളുകൾ. ഞാൻ ഇവിടെ വന്നത് ഒരു ഹൈ പൊസിഷൻ പോസ്റ്റിലൊന്നും ആയിരുന്നില്ല. ഒരു ലേബർ വിസയിലായിരുന്നു. വന്ന ആദ്യമാസങ്ങളിൽ എന്റെ മനസിൽ വല്ലാത്ത വിഷമവും നിരാശയും വേദനയും തോന്നി.

അതികഠിന തണുപ്പ്, പരിചയം ഇല്ലാത്ത ആൾക്കാർ, ഒരു പരിചയവുമില്ലാത്ത ജോലി വലിയ വിഷമം ആയിരുന്നു മനസു നിറയെ. ഏതെങ്കിലും ഒരു ചർച്ചിൽ പോകണം എന്നൊരു ആഗ്രഹം മനസിലുണ്ടായി. ആദ്യ രണ്ടു മൂന്നു മാസങ്ങൾ ഇവിടെയുള്ള സമുദായ സഭകളിൽ മാറിമാറി പോയി എങ്കിലും മനസിന് ഒരു സമാധാനവും കിട്ടിയില്ല. അങ്ങനെയിരിക്കെ എന്റെ പിതാവിന്റെ മരണം, ജോലിയിൽ ചെറിയ ചെറിയ പ്രശ്നങ്ങൾ, ഞാൻ വല്ലാത്ത പ്രതിസന്ധികളിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുന്ന സമയത്താണ് ഇപ്പൊ അമേരിക്കയിലുള്ള രാജൻച്ചായനെ (ബ്രദ.രാജൻ വർഗീസ്) കണ്ടുമുട്ടുന്നതും ഐപിസി ബെഥേസ്ദ ചർച്ചിലേക്ക് വരുന്നതും പ്രിയ സജിച്ചായനെ പരിചയപ്പെടുന്നതും. പിന്നീടുള്ള ആരാധനയും പ്രാർത്ഥനയും ബെഥേസ്ദാ സഭയോടും ദൈവമക്കളോടും കൂടി ആയിരുന്നു.

സ്നാനപ്പെട്ടതിനുശേഷം എന്റെ ദൈവം ജോലിക്ക് ഒരു വിത്യാസം തന്നു. പിന്നീട് അങ്ങോട്ട് ദൈവം എന്നെ മാനിക്കാൻ തുടങ്ങി. വിവാഹം കഴിഞ്ഞു 8 മാസത്തിനുശേഷം ഭാര്യയെ ഇവിടെ കൊണ്ടുവരുവാൻ എന്റെ ദൈവം സഹായിച്ചു. ഒരു വർഷത്തിനുശേഷം ദൈവം ഞങ്ങൾക്കൊരു ആൺകുഞ്ഞിനെ ദാനമായി നൽകി. വെറും 55 ദിനാർ ബെയ്സിക്ക് സാലറി ഉണ്ടായിരുന്നപ്പോൾ എന്നേക്കാൾ യോഗ്യതയുള്ള പല എൻജിനീയേഴ്സ് നിൽക്കുമ്പോൾ ഒരു യോഗ്യതയും ഇല്ലാത്ത എനിക്ക് ദൈവം ഫാമിലി വിസ തന്നു മാനിച്ചു. എന്റെ യോഗ്യതയോ കഴിവോ ഒന്നും അല്ല ദൈവം എന്നെ സ്നേഹിക്കുന്നു. എന്റെ ചെറുതും വലുതുമായ എല്ലാ ആവിശ്യങ്ങളിലും എന്റെ ദൈവത്തിന്റെ കരം ചലിക്കുന്നത് എനിക്ക് അനുഭവിച്ചറിയാൻ സാധിക്കുന്നു.

കഴിഞ്ഞ ആഴ്ചയിൽ എന്റെ മോന് ഒരു പനി വന്നു. സാധാരണഗതിയിൽ രണ്ടോ മൂന്നോ ദിവസം കഴിഞ്ഞാൽ മാറുമായിരുന്നു പനി. ഇത് ഒരാഴ്ച ആയിട്ടും മാറിയില്ല, പനിക്ക് കുറവും കണ്ടില്ല. ഒരാഴ്ചയോളം മകൻ കിടപ്പിലായി.അന്നൊരു ഞായറാഴ്ച ആയിരുന്നു ഞാൻ വൈകിട്ട് ചർച്ചിൽ പോകാൻ ഒരുങ്ങുകയാണ്. അറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞു. ഞാൻ എന്റെ ദൈവത്തോട് ചോദിച്ചു ദൈവമേ ഇത്രേയും നാൾ ഞാൻ നിന്റെ മുഖത്ത് മാത്രമാണ് നോക്കിയത്. ഇന്ന് അങ്ങ് പറയണം ഇനി ഞാൻ ആരുടെ മുഖത്ത് നോക്കണം. കാരണം എന്റെ മകൻ ഒരാഴ്ചയായി പനിപിടിച്ചു കിടക്കുന്നു. ഈ ചോദ്യം ചോദിച്ചു എന്റെ കണ്ണിൽ നിന്ന് കണ്ണുനീർ ഒഴുകിതുടങ്ങി. അതിശയം എന്ന പറയട്ടെ എന്റെ മോൻ കിടന്ന കിടക്കയിൽ നിന്ന് ചാടി എഴുന്നേറ്റ് പപ്പാ ഞാനും വരുന്നു ചർച്ചിൽ എന്നു പറഞ്ഞു. അന്നത്തെ ആരാധനയ്ക്ക് ഞാനും എന്റെ മോനും കൂടിയാണ് പോയത്. ഈ ദൈവമാണ് എന്റെ ദൈവം. എനിക്ക് വേണ്ടതെല്ലാം തന്ന് ഈ ദേശത്തെന്നെ പുലർത്തുന്നു. എന്റെ വിലാപത്തെ എനിക്ക് നൃത്തമാക്കി തീർത്തു. എന്റെ രട്ടു അഴിച്ചു എന്നെ സന്തോഷം ഉടുപ്പിച്ചിരിക്കുന്നു.സ്തോത്രം.

ഇന്നും ഞാൻ ഓർക്കുന്നു നൈറ്റ് ഡ്യൂട്ടിയുടെ ഭാഗമായി സാർ, ജസ്രാ, ബാർബർ എന്നീ സ്ഥലങ്ങളിൽ ജോലി നോക്കുന്ന പലസമയങ്ങളിലും ഞാൻ മുട്ടിന്മേൽ നിന്ന് എന്റെ ദൈവത്തോട് നിലവിളിച്ചിട്ടുണ്ട്. സങ്കീർത്തനം 34 - ൽ പറയുന്നു ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല. ഒരു നന്മയും മുടക്കാതെ എല്ലാം സമൃദ്ധമായി നൽകി നടത്തുന്ന ദൈവം.



സജി.കെ.ഡാനിയേൽ

ആരെങ്കിലും മനോവേദനയാൽ ഭാരപ്പെടുന്നു എങ്കിൽ എന്റെ അനുഭവത്തിൽ നിന്നും ഞാൻ പറയുന്നു, ഭാരപ്പെടരുത് ദൈവത്തിൽ മാത്രം ആശ്രയിക്കുക. എന്നാൽ രേഖ എഴുതിയിരിക്കുന്നുവെന്ന് ദാനിയേൽ അറിഞ്ഞപ്പോൾ അവൻ വീട്ടിൽ ചെന്ന് അവന്റെ മാളികമുറിയുടെ കിളിവാതിൽ യെരുശലേമിനു നേരെ തുറന്നു. താൻ മുമ്പ് ചെയ്തു വന്നതുപോലെ ദിവസവും മൂന്നു പ്രാവിശ്യം മുട്ടുകുത്തി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു, സ്തോത്രം ചെയ്തു.

നമ്മൾ ദൈവസന്നിധിയിൽ മുട്ടുകൾ മടക്കുന്നവർ ആണെങ്കിൽ അവൻ നമ്മെ അനുഗ്രഹിച്ചു മാനിക്കും. ദൈവം എല്ലാവരേയും ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിറുത്തുന്നു.

# SUGAR FREE HEALTHY DATE CAKE






സൂസമ്മ കുര്യൻ

### INGREDIENTS

1.Wheat flour -2 cups
2.Baking Soda - 1 tsp
3.Baking Powder-1 tsp
4. Salt-1/4 tsp
5.Chopped Dates-11/4 (one and quarter) cups
6.Grated Carrot-1/2 cup
7.Chopped Walnut-1/2 cup
8.Raisins-1 cup
9.Cinnamon Powder-1 tsp
10.Dry Ginger Powder-1 tsp
11.Ground Cloves-1/2 tsp
12.Ground Nutmeg-1/2tsp
13.Orange Juice(fresh)-1/3 cup
14.Honey-1 tsp
15.Water-1 1/2 cup (one and half )

### METHOD

Mix together the first four ingredients and to keep aside dates and raisins in 11/2 (one and half) cup water and allow to simmer for 5 minutes. Add all the ground things into this mixture. Pour this over carrot and allow to cook completely. Next add orange juice, honey and walnut to this mixture. Now add the dry ingredients to the wet ingredients and combine well.
Bake it in a preheated oven at 375 degree for 45 minutes.

### SUGAR FREE FROSTING

Cocoa Powder-3/4 cup
Butter-1/2 cup
Vanilla Essence-1 tsp
Maple Syrup-3/4 cup
Honey-1/4 cup
Blend all those until smooth and creamy and pour over the cake.

## കിച്ചൺ ടിപ്സ്

1. ബീഫ് കനം കുറഞ്ഞ രീതിയിൽ മുറിക്കണമെങ്കിൽ കുറച്ചു സമയം ഫ്രീസറിൽ വെച്ചശേഷം മുറിക്കുക.
2. കറിവേപ്പില, മല്ലിയില മുതലായവ നന്നായി കഴുകിയശേഷം തുടച്ച് അൽപ്പം നനവുള്ള പേപ്പർ ടൗവ്വലിൽ വെച്ച് ചുരുട്ടി ഫ്രീസർ ബേഗിൽ ഇട്ടു വെയ്ക്കുക.
3. പച്ചക്കറി വഴറ്റുമ്പോൾ അൽപ്പം നാരങ്ങാനീര് ഒഴിച്ചാൽ രുചി കിട്ടും.
4. ടൊമാറ്റോ ധാരാളം കിട്ടുന്ന സമയങ്ങളിൽ പേസ്റ്റ് ആക്കി ഐസ് ട്രേയിൽ വെച്ച് കട്ടിയാക്കിയശേഷം അടർത്തി ഫ്രീസർ ബേഗിൽ വെയ്ക്കുക.



ഭാരത സുവിശേഷകരുടെ ശബ്ദം

സുവിശേഷ വയലുകളെ അടുത്തറിയാനും പ്രാർത്ഥിക്കാനും...



പാസ്റ്റർ സുജിത്ത് പി. ജോസഫ് (ഡൽഹി)

# കൊയ്ത്തിനായി വിളഞ്ഞു കിടക്കുന്ന വയലുകൾ

## കൊയ്ത്ത് വളരെ ഉണ്ട് വേലക്കാരോ ചുരുക്കം... 4

ദീർഘ വർഷങ്ങളായി കേരളത്തിലെ ദൈവസഭകളും ദൈവമക്കളും കണ്ണുനീരോടെ പ്രാർത്ഥിക്കുന്ന ഒരു വിഷയമാണ് ഉത്തരഭാരതത്തിലെ സുവീശേഷീകരണം എന്നുള്ളത്. ഈ പ്രാർത്ഥനയുടെ പരിണിത ഫലമായി അനേക ഗ്രാമങ്ങളും പട്ടണങ്ങളും സുവിശേഷീകരിക്കപ്പെടുകയും ചെയ്തു. ഇതിൽ നിന്നും മറ്റ് ഭാഷകൾ സംസാരിക്കുന്ന അനേക സഹോദരന്മാർ സുവിശേഷവേലയ്ക്കുവേണ്ടി സമർപ്പിക്കപ്പെടുകയും ചെയ്തു. 'എന്റെ ഭവനം, എന്റെ ഗ്രാമം, എന്റെ സംസ്ഥാനം, എന്റെ രാജ്യം' എന്ന വലിയ ആത്മഭാരം അവർക്കുണ്ടായിരുന്നു. ഇങ്ങനെ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ സുവിശേഷ വേലയ്ക്കുവേണ്ടി അതിശക്തിയോടെ പ്രവർത്തിക്കുന്ന ഒരു ദൈവദാസനെ പ്രാർത്ഥനയ്ക്കായി പരിചയപ്പെടുത്തുന്നതിൽ വളരെസന്തോഷമുണ്ട്.

ഉത്തർപ്രദേശിൽ മിർസാപുർ ഡിസ്ട്രിക്കിലെ ഒരു ഗ്രാമത്തിൽ ജനിച്ചു വളർത്തപ്പെട്ട സഹോദരനാണ് രാജ്കുമാർ. അന്ധവിശ്വാസങ്ങൾക്ക് പേരുകേട്ട ഗ്രാമമായിരുന്നു ഇത്. താനും തന്റെ കുടുംബവും അതിൽ ആകൃഷ്ടരായിതീർന്നു. പിതാവും മാതാവും മൂന്ന് സഹോദരിമാരും ഒരു സഹോദരനും അടങ്ങുന്നതാണ് തന്റെ കുടുംബം. ഒരിക്കൽ തന്റെ മൂത്ത സഹോദരി പൈശാചിക ബന്ധനത്തിലാകുകയും അനേക ക്രിയകൾ ചെയ്തിട്ടും ഫലമൊന്നും കാണാതെ തന്റെ സഹോദരി ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടു. ഇത് തനിക്കും കുടുംബത്തിനും താങ്ങാവുന്നതിലും അപ്പുറമായിരുന്നു. ഈ വേദന അവരിൽ നിന്നും മാറുന്നതിനു മുമ്പേ തന്റെ രണ്ടാമത്തെ സഹോദരിയും പൈശാചിക ബന്ധനത്തിൽ അകപ്പെടുവാൻ ഇടയായി. വീണ്ടും ഈ കുടുംബം അനേക പരിഹാര ക്രിയകൾ ചെയ്തു. എന്നാൽ ഇതിൽ നിന്ന് ഒരു മോചനം ഇവർക്ക് ലഭിച്ചില്ല.

ഈ സമയത്താണ് ഒരു ദൈവഭൃത്യൻ ഈ ഗ്രാമം സന്ദർശിക്കുകയും യേശുവിനെപ്പറ്റി പറയുകയും പ്രാർത്ഥിക്കുകയും ചെയ്തത്. ഈ തരണത്തിൽ തന്റെ സഹോദരിയുടെമേൽ ഉണ്ടായിരുന്ന ദുഷ്ടാത്മാവ് വളരെ നിലവിളിയോടെ തന്നെ വിട്ടുപോയി, സഹോദരി ആശ്വാസം പ്രാപിക്കുകയും ചെയ്തു. ഇത് അവരെ അത്ഭുതപ്പെടുത്തി. അവർ യേശുവിനെക്കുറിച്ച് അറിയുകയും ആ ദിവസങ്ങളിൽ തന്നെ ഈ ഭവനം കുടുംബമായി യേശുവിന്റേതായി.



രാജ്കുമാർ

തുടർന്ന് രാജ്കുമാർ ദൈവവചനം പഠിക്കുകയും തന്റെ ഗ്രാമത്തിലും മെഡിൻകേടാ, ജാലിംകേടാ, ടക്കറാണികേടാ, അമോൽ, കമലാപുർ എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. 2013 മുതൽ തന്നെ ദൈവവചനം പഠിപ്പിച്ച പാസ്റ്റർ ബിജു സോളമനോട് ചേർന്ന് ദൈവവേലയിൽ ആയിരിക്കുന്നു. മറ്റൊരു സപ്പോർട്ടും ഇല്ലാതെയാണ് താൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.ഈ ദൈവദാസനേയും പ്രവർത്തനങ്ങളേയും ഓർത്ത് പ്രി യ വായനക്കാർ പ്രാർത്ഥിക്കുമല്ലോ.

ഉത്തരഭാരതത്തിൽ ഇനിയും അനേക ഗ്രാമങ്ങളും പട്ടണങ്ങളും യേശുവിനെ അറിയുവാൻ ഉണ്ട്. അവിടേക്ക് സുവിശേഷകൻ രാജ്കുമാറിനെപ്പോലെയുള്ള ദൈവദാസന്മാരെ അയയ്ക്കേണ്ടതിന് നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം.

# മുന്തിരിയുടെ അനുഭവം



മനോഹ ജോസഫ്

**നാം ദൈവത്തോട് പാപം ചെയ്ത് അകന്നുപോകുമ്പോഴും ശുദ്ധീകരണം പ്രാപിക്കുന്നവന്റെ ജീവിതത്തിൽ ക്രിസ്തുവിന്റെ അനുഭവം വീണ്ടും വെളിപ്പെടുന്നു,**

യേശു പറഞ്ഞു 'ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു'. ക്രിസ്തുവാണ് യഥാർത്ഥ മുന്തിരിവള്ളി. മുന്തിരി ആദ്യമായി ഭൂമിയിൽ കൃഷി ചെയ്തത് നോഹയാണെന്നുള്ളത് ഉൽ.9:20- ൽ നാം കാണുന്നു.

നോഹ ദൈവത്തിന്റെ കൃപയുള്ളവനായിരുന്നു(ഉൽ.6:8). നീതിമാനും നിഷ്കളങ്കനുമായിരുന്നു(ഉൽ.6:9). അതിലുപരി അവൻ ദൈവത്തോടുകൂടെ നടക്കുന്നവനായിരുന്നു.

ആദാമിന്റെ മകനായ കയീൻ കൃഷിക്കാരനായിരുന്നു എങ്കിലും മുന്തരിയുടെ അനുഭവം ആദ്യമായി ഭൂമിയിൽ വെളിപ്പെടുത്തുവാൻ, അത് കൃഷി ചെയ്ത് ഒരു തോട്ടം ഉണ്ടാക്കുവാൻ ദൈവത്തോടുകൂടെ നടന്ന നോഹയ്ക്ക് മാത്രമേ കഴിഞ്ഞുള്ളൂ. ദൈവത്തോടുകൂടെ നടക്കുന്ന ഒരു വ്യക്തിക്ക് മാത്രമേ മുന്തിരിയുടെ അനുഭവം

കുടുംബത്തിലും, സഭയിലും വെളിപ്പെടുത്തുവാൻ കഴിയുകയുള്ളൂ. ക്രിസ്തുവാണ് മുന്തിരിയെങ്കിൽ നമുക്ക് ആ ക്രിസ്തുവിന്റെ അനുഭവം വെളിപ്പെടുത്തുവാൻ കഴിയണം.

ദൈവം ഉണ്ടാക്കിയ ഏദനിൽ എല്ലാതരം വൃക്ഷങ്ങളുമുണ്ടായിരുന്നു. മുന്തിരിയുമുണ്ടായിരുന്നു. ആദാം പാപം ചെയ്തപ്പോൾ ദൈവം ഏദനെ മറച്ചുകളഞ്ഞു. പിന്നീട് മനുഷ്യൻ ജീവിച്ച ഭൂമിയിൽ മുന്തിരിച്ചെടി കാണുന്നില്ല. ഭൂമി പാപംകൊണ്ട് നിറഞ്ഞു. മനുഷ്യനെ സൃഷ്ടിച്ചതോർത്ത് ദൈവം ദുഃഖിക്കുന്നു. ദൈവം ഭൂമിയിലുള്ള സകലത്തേയും ജലപ്രളയത്താൽ നശിപ്പിക്കുന്നു. അകൃത്യവും പാപവും അശുദ്ധിയും നിറഞ്ഞ ഭൂമിയെ ദൈവം ശുദ്ധീകരിക്കുന്നു, അതിനെ അനുഗ്രഹിക്കുന്നു.

ശുദ്ധിയായ ഭൂമിയിൽ നോഹ ആദ്യം കൃഷി ചെയ്തത് മുന്തിരിയാണ്, ശുദ്ധിയായ ഭൂമിയിൽ വീണ്ടും മുന്തിരിയുടെ അനുഭവം വെളിപ്പെട്ടുവന്നു. നാം ദൈവത്തോട് പാപം ചെയ്ത് അകന്നുപോകുമ്പോഴും ശുദ്ധീകരണം പ്രാപിക്കുന്നവന്റെ ജീവിതത്തിൽ ക്രിസ്തുവിന്റെ അനുഭവം വീണ്ടും വെളിപ്പെടുന്നു,

പെട്ടകത്തിൽ നിന്ന് ഇറങ്ങിയ നോഹ ആദ്യം ദൈവത്തിന് യാഗം അർപ്പിക്കുന്നു. പെട്ടകത്തിലൂടെ വിടുതൽ പ്രാപിച്ചവർ ദൈവത്തിന് കൊടുക്കുന്ന മഹത്വമാണ് ആരാധന. നോഹ ദൈവത്തിന് യാഗം അർപ്പിച്ചു.

അവന്റെ ആരാധന മണത്ത ദൈവം അവനേയും കുടുംബത്തേയും തലമുറയേയും ഭൂമിയിലുള്ള സകലത്തേയും അനുഗ്രഹിച്ചു. സഭയിലുള്ള ഒരുവന്റെ ആരാധന മറ്റുള്ളവർക്കും വിടുതലിന് കാരണമാകുന്നു.

# SALVATION BY GRACE



Pastor Joby Thomas

We all are staying in the world where we are experiencing Unhappiness, Sickness, Fear, Terror and more every day. People are running here and there in search of love. Happiness and peace and they are failed by day all these things are vanishing away from us.

***Lots of unanswered questions.***

1. Why this world changes lots ?
2. Why no love between the people ?
3. Why no Happiness and Peace in the world ?
4. Why this terrorism ?
5. Why this wars?...
   Why Why Why…

Your entire question will be answered only from the Word of God which is written over a period of roughly 2,000 years by 40 different authors from three continents.

***Why did God make us ?***

Genesis 1:27. so God created man in His own image; in the image of God He created him; male and female He created them.

Acts 17:24-25 God, who made the world and everything in it, since He is Lord of heaven and earth, does not dwell in temples made with hands. Nor is He worshiped with men's hands, as though He needed anything. Since He gives to all life, breath, and all things.

And he didn't make us because he was lonely. Long before we were here, God already had "company" with his Son and the Holy Spirit, refered to in Genesis 1:26, "Let us make man in our own image".

God chose to create us out of His great love. "I have loved you with an everlasting love" (Jere.31:3). Yes, God loved us before He even created us. It's impossible to get our heads around that idea, but it's true; that's what "everlasting" love means.

God is love ( 1 John 4:8), and because of that love and His wonderful creativity, He made us we can enjoy all that He is and that He has done.

God created us to fulfill His eternal plan. I could write pages and pages about this, but sufficient to say that God, in His infinite wisdom, chosed to make us a part of His eternal plan.

But His creation that created in His own image, went away from the God's love.

***How we all are sinners ?***

In Romans 3:23 it's says for all have sinned and fall short of the glory of God.

Genesis 3:1-6 "now the serpent was more crafty than any of the wild animals the Lord God has made. He said to the woman, "Did God really say, you must not to eat from any tree in the garden". The woman said to the serpent, "we may eat fruit from the trees in the garden. But God did say, you must not eat from the tree that is in the middle of the garden, and you must not touch it, or you will die. You will not certainly die, the serpent said to the woman. For God knows that when you eat from it your eyes will be opened, and you will be like God, knowing good and evil. When the woman saw that the fruit of the tree was good for food and pleasing to the eye, and also desirable for gaining wisdom. She took some and ate it. Then the eyes of both of them were opened, and they realized they were naked; so they sewed fig leaves together and made coverings for themselves".

The first thing Satan bring in your mind is doubt. "Did God really say" and next all the things in this world will be pleasing to your eye slowly so will be in his ways with worldly riches.

In Psalms 51:5 Behold, I was brought forth in iniquity, and in sin did my mother conceive me. So because of the disobedience in the garden of Eden by Adam and Eve. We all are sinners by our birth.

# തിന്മയെ നന്മയാൽ ജയിക്കുക



ജെയ്സൺ കായംകുളം

ദൈവമക്കൾക്കെതിരായി തിന്മ കളവായി പറയുന്ന ഭോഷ്കിന്റെ അപ്പനാണ് പിശാച്. അതുകൊണ്ട് തന്നെ വിശുദ്ധപൗലോസ് റോമർ 12:21-ൽ ഇപ്രകാരം പറയുന്നു 'തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക'. രണ്ട് പ്രധാനപ്പെട്ട കാര്യം നമുക്കിവിടെ കാണാൻ സാധിക്കും.

*1. തിന്മയോടു തോൽക്കരുത്*
*2. നന്മയാൽ തിന്മയെ ജയിക്കുക.*

ഒരു യഥാർത്ഥ ദൈവപൈതലിനെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്നതിതുതന്നെയാണ്. ആത്മീകമനുഷ്യൻ ഈ ലോകത്തിൽ ജീവിക്കുമ്പോൾ മാനുഷികമായി പോരാടുവാൻ ബൈബിൾ അനുശാസിക്കുന്നില്ല. ദൈവവചനം പറയുന്നു നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല പ്രത്യുത അതിന്റെ പിന്നിൽ വ്യാപരിക്കുന്ന ശക്തിയോടാണ്. പലപ്പോഴും നമ്മുടെ ശത്രുക്കൾ ജഡരക്തങ്ങളാണെന്ന് നമുക്ക് തോന്നിയേക്കാം. എന്നാൽ ആത്മദൃഷ്ടിയിലൂടെ നാം വീക്ഷിക്കുമ്പോൾ അതിന്റെ പിന്നിൽ വ്യാപരിക്കുന്ന സാത്താന്യശക്തികളാണെന്ന് നമുക്ക് മനസിലാക്കുവാൻ സാധിക്കും. സാത്താന്യശക്തികളുടെ ഉറവിടം ദൃശ്യമാകണമെങ്കിൽ ആത്മദൃഷ്ടി അഥവാ അകകണ്ണ് പ്രകാശിച്ചേ മതിയാകൂ. ദൈവവചനം ഇപ്രകാരം പറയുന്നു 'ആത്മാവ് സകലത്തേയും, ദൈവത്തിന്റെ ആഴങ്ങളേയും അറിയുന്നു. അത്മീകനോ സകലത്തേയും വിവേചിക്കുന്നു, താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല'.

തിന്മയെ നന്മയാൽ ജയിച്ച ഏക മാതൃകാപുരുഷനാണ് നമ്മുടെ വീണ്ടെടുപ്പുകാരനായ നസ്രയാനായ യേശുക്രിസ്തു. പാപപങ്കിലമായ ലോകത്ത് പാപം എന്തെന്നറിഞ്ഞിട്ടില്ലാത്ത ആ പാവനമായ ശരീരത്ത് നമ്മുടെ പാപപരിഹാരത്തിനായി സകല തിന്മയും ചുമത്തപ്പെട്ടു. മൂന്നര വർഷത്തെ തന്റെ പരസ്യശുശ്രൂഷാകാലഘട്ടത്തിൽ അനേകം രോഗികളെ സൗഖ്യമാക്കുകയും, ഭൂതങ്ങളെ പുറത്താക്കുകയും, മരിച്ചവരെ ഉയിർപ്പിക്കുകയും അനേകരുടെ കണ്ണീരൊപ്പുകയും ചെയ്ത നസ്രായനെ ഈ ലോകം സമ്മാനിച്ചത് പച്ചമരക്കുരിശാണെങ്കിൽ നമുക്ക് എത്രയധികം.

കല്ലറകൊണ്ട് യേശുവിന്റെ അദ്ധ്യായം അവസാനിപ്പിച്ച് മുദ്രവെക്കണമെന്ന് പീലാത്തോസും കൂട്ടരും വിചാരിച്ചു. അവരുടെ നഗ്നനേത്രങ്ങൾകൊണ്ട് കാണുന്നത് ശരി എന്ന് അവർ വിചാരിച്ചു. വാഗ്ദത്തം യേശുവിന്മേൽ കിടക്കുന്നടുത്തോളം പീലാത്തോസിനോ, റോമൻ ഇംപീരിയൽ മുദ്രയ്ക്കോ, ലോകത്തിലെ അധികാരത്തിനോ മൂന്ന് ദിവസത്തിൽ കൂടുതൽ യേശുവിനെ കല്ലറയ്ക്കുള്ളിൽ ഒതുക്കുവാൻ കഴിയുകയില്ല. മൂന്നാം ദിവസം അവൻ കല്ലറയെ ഭേദിച്ചു പുറത്തു വന്നു. തിന്മയ്ക്കും, ദൂഷണത്തിനും, അപവാദത്തിനും മൂന്ന് ദിവസത്തെ അകലംമാത്രമേയുള്ളൂ. എന്നാൽ നന്മയ്ക്ക് അനന്തയുഗങ്ങളാണുള്ളത്. അത് സത്യമാണ്, അത് നിത്യമാണ്.

അതുകൊണ്ട് വിശ്വാസവീരന്മാർ ഇപ്രകാരം എഴുതി 'ഞങ്ങൾ കാണുന്നതിനെയല്ല കാണാത്തതിനെയത്രേ നോക്കികൊണ്ടിരിക്കുന്നത്'. പീലാത്തോസേ ഇന്നു നീ കാണുന്നത് നിന്റെ വിജയമായി ആഘോഷിക്കുമ്പോൾ നാളെ നിന്റേയും നിന്റെ കുടുംബത്തിന്മേലും വരുന്ന ദൈവകോപം നീ അറിയാതിരിക്കുന്നത് അയ്യോ കഷ്ടം!. ഉപായത്തിലൂടെ കൈവരിക്കുന്ന വിജയം എന്നത്തേക്കുമുള്ള പരാജയത്തിന്റെ മുന്നോടിയാണ്. ഇത് മനസിലാക്കാത്ത വിഡ്ഢിയായ മനുഷ്യൻ താൽക്കാലിക വിജയങ്ങളിൽ ആശ്വാസം കൊള്ളുന്നു. ആകയാൽ പ്രിയ സ്നേഹിതരേ, നിങ്ങൾ സുബോധമുള്ളവരും നിർമദരും ആയിരിപ്പിൻ. ആരും തിന്മയ്ക്ക് പകരം തിന്മ ചെയ്യാതെയും നന്മയാൽ തിന്മയെ ജയിക്കുന്നവരായിരിപ്പീൻ.

യെശ.5:20-ൽ ഇപ്രകാരം എഴുതിയിരിക്കുന്നു 'തിന്മയ്ക്ക് നന്മഎന്നും നന്മയ്ക്ക് തിന്മയെന്നും പേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കൈപ്പിനെ മധുരവും മധുരത്തെ കൈപ്പും ആക്കുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം'. പ്രസ്തുത വാക്യത്തിൽ നിന്നും പ്രവാചകൻ നമ്മെ ഓർമ്മിപ്പിക്കുന്നത് സത്യത്തെ മറിച്ചുകളയരുത് എന്നാണ്. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ "സത്യം ചെയ്തിട്ട് ഛേദം വന്നാലും മാറാത്തവൻ'. മായം കലർത്തരുത്. മായം കലർത്തിയാൽ താൽക്കാലികമായി നല്ല ലാഭം ഉണ്ടാക്കാമെങ്കിലും നിത്യമായ ശാപത്തിന് ഹേതുവായിതീരും. തിന്മയ്ക്ക് പകരം തിന്മ ചെയ്യരുത്. നന്മയെ നന്മയായി കാണാൻ ശ്രമിക്കണം.സ്വാർത്ഥ താൽപ്പര്യങ്ങളുടെ സംരക്ഷണത്തിന് ഇരുട്ടിനെ വെളിച്ചമാക്കരുത്. അങ്ങനെ ചെയ്താൽ നിന്നിലുള്ള വെളിച്ചം കെട്ടുപോകും. വെളിച്ചത്തെ ഇരുട്ടാക്കരുത്. വെളിച്ചത്തിന്റെ നാഥൻ നമ്മുടെ ദൈവമല്ലോ!. കൈപ്പിനെ മധുരമാക്കുകയും മധുരത്തെ കൈപ്പാക്കുകയും ചെയ്യരുത്. നശ്വരമായ ഈ ലോകത്ത് ബൈബിൾ ഭാഷയിൽ നാല് വിരൽ നീളമുള്ള നമ്മുടെ ജീവിതത്തിൽ തിന്മയെ നന്മകാണ്ട് ജയിപ്പാൻ സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

# നിന്റെ ദൈവമായ യഹോവ രക്ഷിക്കുന്ന വീരനായി നിന്റെ മദ്ധ്യേ ഇരിക്കുന്നു - സെഫ.3:17



ജോസഫ് എൻ വർഗീസ്

ഇത് വായിക്കുന്ന പ്രിയ ജനമേ, നമ്മെ സൃഷ്ടിച്ചവനായ ദൈവം ആകാശത്തേയും ഭൂമിയേയും ജ്ഞാനത്തോടെ ഉണ്ടാക്കിയ ദൈവം, കരയുന്ന കാക്കകുഞ്ഞുങ്ങൾക്കും കാട്ടിലെ മൃഗത്തിനും അതതിന്റെ ഭക്ഷണം കൊടുക്കുന്ന ദൈവം, പ്രവാചകനിൽകൂടി പറയുന്നു അവൻ നമ്മുടെ മദ്ധ്യേ ഇരിക്കുന്നു. നമുക്ക് മുമ്പായി കടന്നുവന്ന് നമ്മെ കാത്തിരിക്കുന്ന ഒരു ദൈവം നമ്മുടെ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം വരുത്തുന്നവനായി നമ്മുടെ മദ്ധ്യേ ഇരിക്കുന്നു.

നമ്മുടെ കർത്താവും രക്ഷകനും ഇന്ന് നമുക്കുവേണ്ടി പിതാവിന്റെ അടുക്കൽ പക്ഷവാദം ചെയ്യുന്നവനായ കർത്താവായ യേശുക്രിസ്തുവും ഇപ്രകാരം പറഞ്ഞിരിക്കുന്നു (മത്താ.28:20). ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളുടെ കൂടെയുണ്ട്. കൂടാതെ യേശു പറഞ്ഞു (യോഹ.16:7). ഞാൻ പോയാൽ കാര്യസ്ഥനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും അപ്പോൾ പിതാവായ ദൈവവും പുത്രനായ ക്രിസ്തുവും കാര്യസ്ഥനായ പരിശുദ്ധാത്മാവും നമ്മോടുകൂടെ ഇരിക്കുന്നു.

എന്നാൽ നാം ഒരു കാര്യം മനസിലാക്കുക നമുക്കു ചുറ്റും നമ്മെ വിഴുങ്ങുവാനും മോഷ്ടിക്കുവാനും മുടിപ്പിക്കുവാനും വഴിതെറ്റിക്കുവാനും സാത്താനും ഊടാടി സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ അവനിൽ നിന്നും നമ്മെ കാക്കുവാനാണ് പിതാവും പുത്രനും പരിശുദ്ധാത്മാവും നമ്മുടെ മദ്ധ്യേ ഇരിക്കുന്നത്. അതുകൊണ്ടാണ് നമ്മുടെ കർത്താവ് മോശെ മുഖാന്തിരം അരുളിചെയ്ത് (ആവർ.23:14) ‘നിന്റെ ദൈവമായ യഹോവ നിന്നെ രക്ഷിപ്പാനും ശത്രുക്കളെ നിനക്ക് ഏൽപ്പിച്ച് തരുവാനും നിന്റെ പാളയത്തിന്റെ മദ്ധ്യേ നടക്കുന്നു: നിങ്കൽ വൃത്തികേട് കണ്ടിട്ട് അവൻ നിന്നെ വിട്ടകലാതിരിപ്പാൻ നിന്റെ പാളയം ശുദ്ധിയുള്ളതായിരിക്കേണം’.

നമുക്ക് ന്യായാധിപന്മാരുടെ പുസ്തകം 16-ാം അദ്ധ്യായത്തിൽ ഒരു ശിംശോനെ കാണുവാൻ സാധിക്കും. അവൻ ഗർഭംമുതൽ ഒരു നാസീർവ്യതക്കാരനായിരുന്നു. അവനിൽ ദൈവത്തിന്റെ ആത്മാവ് വന്നതിനാലാണ് അവനെ കെട്ടിയിരുന്ന കയർ കരിഞ്ഞ ചണനൂൽപോലെ ആയിതീർന്നത്. ആ ശിംശോൻ ഗസ്സയിൽ ചെന്നു. ബാക്കി കാര്യങ്ങളൊക്കെ നമുക്ക് അറിയാമല്ലോ? പോകാൻ പറ്റാത്ത സ്ഥലത്ത് പോയതുകാരണം അവന്റെ കണ്ണുകൾ ശത്രുക്കൾ കുത്തിപ്പൊട്ടിക്കുവാനും ബന്ധനസഥനാക്കുവാനും അവസാനം മരണം സംഭവിക്കുവാനും ഇടയായി.

യോശുവ 7-ാം അദ്ധ്യായത്തിൽ ഒരു ആഖാനെ കാണാം. ശപഥാർപ്പിതവസ്തു സംബന്ധിച്ച് അവൻ അകൃത്യം ചെയ്തതിനാൽ ആൾചുരുക്കമായിരുന്ന ഹായി പട്ടണക്കാരുടെ മുമ്പിൽ തോറ്റ് ഓടേണ്ടിവന്നു. കാരണം ദൈവം അവരുടെ മദ്ധ്യത്തിൽ നിന്ന് മാറികളഞ്ഞു.

2 ശമുവേൽ 11-ാം അദ്ധ്യായത്തിൽ കടന്നുവരുമ്പോൾ ഒരു ദാവീദിനെ കാണാം. അതിനുമുമ്പ് ദൈവത്തിന്റെ പെട്ടകത്തിന്റെ മുമ്പിൽ കുതിച്ചു നൃത്തം ചെയ്ത ദാവീദ് തന്റെ ജനം യുദ്ധം ചെയ്യുവാൻ പോയപ്പോൾ ദൈവസന്നിധിയിൽ മുട്ടുകുത്താതെ മാളികമുകളിൽ ഉലാത്തുവാൻ പോയി. അവിടെവെച്ച് അവന്റെ മനസ്സ് മാറി തെറ്റിലേക്ക് വീണു. കൂടാതെ ഒരു തെറ്റിനുപുറമേ മറ്റൊരു തെറ്റു കൂടി ചെയ്യേണ്ടതായും വന്നു. തന്റെ വിശ്വസ്തനായിരുന്ന ഊരിയാവിനെ ചതിച്ചുകൊല്ലേണ്ടതായി വന്നു. നമുക്ക് പലഭാഗങ്ങളിൽ ദാവീദ് ചെന്നിടത്തൊക്കേയും അവനു ജയം നൽകി എന്ന് കാണാം. എന്നാൽ അവൻ തെറ്റിലേക്ക് സാത്താനാൽ നയിക്കപ്പെട്ടപ്പോൾ അവന്റെ മദ്ധ്യേ നിന്നിരുന്ന ദൈവത്തിന് അവിടെ പ്രവർത്തിപ്പാൻ സാധിച്ചില്ല. അതിന്റെ ശിക്ഷ അവന് നൽകുവാൻ തക്കവണ്ണം ഇടയായി. അതുകൊണ്ടായിരിക്കാം ദാവീദ് ഇപ്രകാരം സങ്കീർത്തനത്തിൽക്കൂടി പറയുവാൻ ഇടയായത്. യഹോവ സ്വർഗ്ഗത്തിൽ നിന്ന് നോക്കുന്നു, ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ? എന്ന് . ദൈവം അന്തരീന്ദ്രങ്ങളെ ശോധന ചെയ്യുന്നവനാണ്. നമ്മുടെ ഇടയിൽ കുറച്ചു പേർക്ക് ഒരു വിശ്വാസമുണ്ട്, വെള്ളധരിച്ചും കൈയ്യും കഴുത്തും ഒക്കെ ക്ലിപ്പിട്ടും, മുഖം ക്ലീൻഷേവ് ചെയ്തും, കുറച്ചൊക്കെ പ്രാസത്തിൽ പ്രസംഗിക്കുവാനും നല്ലശൈലിയിൽ പ്രാർത്ഥിക്കുവാനും അറിയാമെങ്കിൽ വിശുദ്ധനാണെന്ന് (കർത്താവ് വരുന്നതുവരെ നമുക്ക് ആരേയും വിധിക്കുവാൻ അനുവാദമില്ലല്ലോ?). ഞാൻ പറഞ്ഞുവരുന്നതിന്റെ സാരം നമ്മുടെ കർത്താവ് നമ്മെ രക്ഷിപ്പാനും നമ്മുടെ ശത്രുക്കളുടെ കൈയ്യിൽ നി ന്നും വിടുവിപ്പാനും അടുത്തു വരുമ്പോൾ നമ്മുടെ പാളയത്തിൽ വൃത്തികേട് കാണുവാൻ ഇടയാകരുത്.

പ്രിയ സഹോദരന്മാരെ, നമുക്ക് നമ്മെതന്നെ ഒന്ന് ശോധന ചെയ്യാം. നമ്മുടെ പാളയം വുശുദ്ധിയുള്ളതാണോ? കർത്താവ് പറഞ്ഞു ഞാൻ വിശുദ്ധിയുള്ളവനാകുകയാൽ നിങ്ങളും വിശുദ്ധിയുള്ളവാരായിരിപ്പിൻ. എങ്കിൽ മാത്രമേ കർത്താവിന് പ്രവർത്തിക്കുവാൻ സാദ്ധ്യമാകുകയുള്ളൂ. ദൈവം നമ്മെ വീഴാതെവണ്ണം കാക്കുമാറാകട്ടെ!

# Tiny as Ants Yet Wonderfully Made...

***Psalm 139:14***
***I praise you because I am fearfully and wonderfully made. Your works are wonderful and I know that full well.***

If you have ever stood on top floors of any huge buildings and tried gazing at the buzz down on the streets, you cannot stop wondering how tiny and irrelevant human beings look from great heights. We are as small as ants. Its curiously amazing that God has always bothered to think that we matter. In fact, even though there are millions of things more humungous and complex, human creation-so mere yet so magnificently coded to achieve and advance themselves as years pass by.

What's funny about our creation is that, we are equally wonderful and perishable at the same time. We should not forget how complicated every single cell in our body is and how we continue to function with marvellous energy houses within ourselves that's not supported by any external factor's help.

We should also not forget that our life is small breath away and if that seizes, everything about us come to stand still. Such astonishing creation we are, yet we forget to thank God for the way we are. While there are enough reasons to complaint, there are impeccable reasons to thank the Lord for simply the way we are crafted by his hands.

***Psalm 139:13-For you created my inmost being; you knit me together in my mother's womb.***

Wow! Hear that verse?! Each of us was perfectly handcrafted by the Perfectionist Himself! So, there are no reasons to complaint about your body or about who you are. Because, if He has taken the time to knit you together in our mother's womb, He has a purpose for you being born! If any of you thinks that you are flawed in every sense, understand you are perfectly flawed for a perfect reason with a perfect plan! Sometimes, it is quite difficult to understand why things doesn't go right for you. Why you don't see an open door anywhere, feeling miserable like you don't belong anywhere.

We find it difficult to understand who we are. Every day is a quest to find meaning or make sense to this journey called life. You have enough things to worry about, but hey! Stop! Take a moment! Marvel at how Wonderful You Are!

Do not forget that you are capable of things greater than what you could possibly imagine! Sometimes, all you got to do is submit yourselves unto the Lord and keep thanking him for every single breath you take! When



Angela Anna Anish

you are feeling down, lonely, tired and when you feel like you have come to a dead end, take a minute and kneel down in prayers. Be a thanks offering to Him! You and I never bothered to care for the ants marching across the corner of your rooms, have we? Well remember that God has always cared to bother our mustard and mountain problems and blessed us with intelligence, creativity and power to recreate life from within us assuring you and me that Life is Worth Living Because He created us!



Dr. Hope

പ്രസംഗക്കുറിപ്പുകൾ

പാസ്റ്റർ വിനിൽ സി ജോസഫ്

# സങ്കീർത്തനങ്ങളിലെ ഭാഗ്യവാൻ

1. സങ്കീ.32:1 – ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ
2. സങ്കീ.34:8 – അവനെ ശരണം പ്രാപിക്കുന്ന പുരുഷൻ ഭാഗ്യവാൻ
3. സങ്കീ.128:1 – യഹോവയെ ഭയപ്പെട്ട് അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ
4. സങ്കീ.32:2 – യഹോവ അകൃത്യം കണക്കിടാതേയും ആത്മാവിൽ കപടം ഇല്ലാതേയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ
5. സങ്കീ.84:12 – സൈന്യങ്ങളുടെ യഹോവേ, നിന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ
6. സങ്കീ.84:5 – ബലം നിന്നിലുള്ള മനുഷ്യൻ ഭാഗ്യവാൻ
7. സങ്കീ.32:12 – യഹോവ ദൈവമായിരിക്കുന്ന ജാതിയും അവൻ തിരഞ്ഞെടുത്ത ജനവും ഭാഗ്യമുള്ളത്.
8. സങ്കീ.2:12 – അവനെ ശരണം പ്രാപിക്കുന്നവരൊക്കേയും ഭാഗ്യവാന്മാർ
9. സങ്കീ.127:5 – അവയെകൊണ്ട് തന്റെ ആവനാഴിക നിറച്ചിരിക്കുന്ന പുരുഷൻ ഭാഗ്യവാൻ
10. സങ്കീ.144:15 – യഹോവ ദൈവമായിരിക്കുന്ന ജനം ഭാഗ്യമുള്ളത്.

# ദൈവത്തെ കൂടാതെയുള്ള പ്രയത്നങ്ങൾ വ്യർത്ഥം

‘നിങ്ങൾ അതികാലത്ത് എഴുന്നേൽക്കുന്നതും നന്നാ താമസിച്ചു കിടപ്പാൻ പോകുന്നതും കഠിനപ്രയത്നം ചെയ്തു ഉപജീവിക്കുന്നതും വ്യർത്ഥമത്രേ; തന്റെ പ്രിയന്നോ, അവൻ അതു ഉറക്കത്തിൽ കൊടുക്കുന്നു‘സങ്കീ.127:2.

സങ്കീ.127:1-ാം വാക്യത്തിൽ ദൈവത്തിൽ ആശ്രയിക്കാതെയുള്ള മനുഷ്യന്റെ സകലപണികളും വ്യർത്ഥമാണ് എന്ന് മനസിലാക്കുവാൻ കഴിയും.


വീടിന്റെ പണിയോ, കുടുംബജീവിതമോ, വ്യാപാരമേഖലയോ, ഒരു രാജ്യത്തിന്റെ സുരക്ഷയോ, ഒരു സഭയുടെ പണിയോ എന്തു തന്നെ ആയിരുന്നാലും ദൈവത്തിൽ ആശ്രയിച്ചു പണിതാൽ മാത്രമേ അത് നിലനിൽക്കുകയുള്ളൂവെന്ന് ദൈവവചനം ഉറപ്പിച്ച് പറയുന്നു.

കർത്താവിനെ കൂടാതെ ജീവിതം ധന്യമാക്കുവാൻ ശ്രമിക്കുന്ന മനുഷ്യന്റെ ജീവിതവും താറുമാറായിപ്പോകുക തന്നെ ചെയ്യും. ഇങ്ങനെയുള്ള മനുഷ്യൻ തത്രപ്പെട്ട് എഴുന്നേറ്റ് ദൈവവചനം വായിക്കുന്നതിനോ പ്രാർത്ഥിക്കുന്നതിനോ സമയം കണ്ടെത്താതെ തന്റെ ഉപജീവന ചിന്തയാൽ എഴുന്നേറ്റ് ഓടുന്നതായി കാണാം.

അതുപോലെതന്നെ വൈകുന്നേരം വളരെ താമസിച്ച് ദൈവം തന്നിരിക്കുന്ന സമയത്തിൽപോലും തൃപ്തിയില്ലാതെ ദൈവം നടത്തുന്ന വഴികളെ ഓർത്ത് സ്തുതിക്കുകയോ നന്ദി പറകയോ ചെയ്യാതെ കിടക്കയിലേക്ക് പോകുന്നതായി കാണാം.

പകൽ മുഴുവൻ കഠിനാദ്ധ്വാനം ചെയ്യുന്നുവെങ്കിലും യാതൊരുവിധമായ സംതൃപ്തിയും ഇല്ലാതെ അഖിലാണ്ഡത്തെ സൃഷ്ടിച്ച സൃഷ്ടിതാവിലോ തന്നിൽ തന്നയോ സംതൃപ്തിയില്ലാത്തവനായി മുൻമ്പോട്ടുപോകുന്ന മനുഷ്യനോട് ദൈവം പറയുകയാണ് വ്യർത്ഥമനുഷ്യാ ഈ ഓട്ടം വ്യർത്ഥമാണ്.

എന്നാൽ കർത്താവിൽ ആശ്രയിച്ച് ജീവിക്കുന്ന മനുഷ്യന് ദൈവം ഉറക്കം കൊടുക്കുന്നു എന്ന് മൂലഭാഷയിൽ കാണുവാൻ കഴിയും. ഇതിന്റെ അർത്ഥം എന്താണ് ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്ന മനുഷ്യന് ലഘുവായ അദ്ധ്വാനത്തിൽ സംതൃപ്തി കണ്ടെത്തുന്നതുമൂലം അവന്റെ ആരോഗ്യം, അവന്റെ ഉറക്കം, അവന്റെ കുടുംബജീവിതം, അവന്റെ കുഞ്ഞുങ്ങൾ, അവനെ ആശ്രയിച്ചു കഴിയുന്ന ഏവർക്കും ദൈവീക സമാധാനമുാകും. കൂടാതെ എല്ലാം തരുന്ന സർവ്വേശ്വരനിൽ ആശ്രയം വെച്ചിരിക്കുന്നതുകൊണ്ട് ദൈവവും പരിപാലിക്കും.




‘ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവിശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്‘ - ഫിലി.4:6.

### *എന്തുകൊണ്ടാണ് പൗലോസ് ഇങ്ങനെ നിർദ്ദേശിക്കുന്നത്?*

*1. വിശ്വാസത്തോടുകൂടി നമുക്കു വേണ്ടി കരുതുന്ന കർത്താവിൽ ചിന്താകുലത്തെ ഇട്ടുകൊണ്ട് നാം ഭാരമൊഴിഞ്ഞവരായിരിക്കുക.*

*2. ക്രിസ്തുവിനോടുകൂടെ നാം ആയിരുന്നാൽ ദൈവീക സമാധാനം ഹൃദയങ്ങളെയും മനസുകളേയും കാക്കും.*

*3. നമ്മെക്കുറിച്ച് ദൈവം ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യുവാൻ അവൻ നമ്മെ ശക്തീകരിക്കും.*

അതുകൊണ്ടാണ് പൗലോസ് പറയുന്നത് ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതെന്ന്.

### *ദൈവവചനം എന്താണ് പറയുന്നത് ?*

ഉദാഹരണസഹിതം നാം ഒന്ന് ചിന്തിക്കുന്നത് നന്നായിരിയ്ക്കും.

മത്താ.6:24-34 വരെ വായിക്കുമ്പോൾ മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കേയും നിങ്ങൾക്ക് കിട്ടും. എന്തൊക്കെയാണ് എന്ന് 24 മുതൽ പഠിച്ചാൽ കാണുവാൻ കഴിയും.

ദൈവത്തെക്കൂടാതെ ഓടുന്ന മനുഷ്യനെപ്പറ്റി ദൈവം എന്താണ് പറയുന്നത് ? ഹഗ്ഗായി 1:5-9 വരെ വായിക്കുമ്പോൾ മനസിലാകും.

### *ദൈവത്തെക്കൂടാതെ ഓടുന്ന മനുഷ്യനെപ്പറ്റി പത്രോസ് എന്താണ് പറയുന്നത് ?*



പാസ്റ്റർ
ബോസ്സ് ബി. വർഗ്ഗീസ്

1 പത്രോ.5:7 - ‘അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടുകൊൾവിൻ‘.

### *ദൈവത്തെക്കൂടാതെ ഓടുന്ന മനുഷ്യനെപ്പറ്റി ദൈവം എന്താണ് പറയുന്നത് ?*

ദാവീദ് സങ്കീർത്തനം 37:5 ലും 55:22 ലും പറയുന്നു നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്ക അവനിൽ തന്നെ ആശ്രയിക്ക അവൻ അത് നിർവ്വഹിക്കും. നിന്റെ ഭാരം യഹോവയുടെമേൽ വെച്ചുകൊൾക അവൻ നിന്നെ പുലർത്തും. നീതിമാൻ കുലുങ്ങിപോകുവാൻ അവൻ ഒരുനാളും സമ്മതിക്കുകയില്ല.

പ്രിയ സഹോദരി സഹോദരന്മാരേ, നമ്മെതന്നെ ദൈവത്തിൽ സമർപ്പിച്ചുകൊണ്ട് മുമ്പോട്ടു പോയാൽ ദൈവീക സമാധാനവും സന്തോഷവും തരും. നാം സമാധാനപരമായി ഉറങ്ങുക എന്നതും ഉൽകണ്ഠകൂടാതെ ജീവിക്കുക എന്നതും ദൈവത്തിന്റെ ഇഷ്ടമാണ്.

അതുകൊണ്ട് വ്യാകുലപ്പെടാതെ കർത്താവിൽ ആശ്രയിച്ച് ജീവിയ്ക്കുക. ദൈവം നമ്മെ ഓരോരുത്തരേയും അനുഗ്രഹിക്കുമാറാകട്ടെ എന്ന് ആശംസിയ്ക്കുന്നു.

# വെളിപ്പാട് പുസ്തകം – ഒരു പഠനം 1



ബോബി തോമസ്
മാഞ്ഞൂരാൻ

ദൈവനാമത്തിന് മഹത്വം!

കുഞ്ഞാടായ യേശുക്രിസ്തുവിന്റെ മണവാട്ടിയും കല്യാണവിരുന്നിൽ പങ്കാളികളായി വരുന്ന വിരുന്നുകാരും തമ്മിലുള്ള വ്യത്യാസം ഇന്നു ഒട്ടനവധി ദൈവജനത്തിനും തിരിച്ചറിവില്ലാതെയിരിക്കുന്നു എന്നത് സങ്കടത്തോടെ എഴുതട്ടെ.

ഉദാഹരണമായി പല കൂടിവരവുകളിലും ആദ്യം, ഈ എളിയവൻ ചോദിച്ചിട്ടുണ്ട് "കുഞ്ഞാടിന്റെ കല്യാണവിരുന്നിൽ വിരുന്നുകാരായി പങ്കെടുക്കുവാൻ താൽപര്യമുള്ള, ആഗ്രഹമുള്ളവർ കൈ ഉയർത്തി ഒരു ഹല്ലേലൂയ്യാ പറയാൻ". സദസിലുള്ള മിക്ക ദൈവദാസന്മാരടക്കം (ശുശ്രൂഷകർ) ജനം ഉറക്കെ കൈ ഉയർത്തി ഹല്ലേലൂയ്യാ എന്നു പറയും. തുടർന്ന്, "കുഞ്ഞാടിന്റെ കാന്തയായി തന്നോടുകൂടെ വാഴുവാൻ താൽപര്യം/സന്തോഷമുള്ളവർ കൈയ്യുയർത്തി ഹല്ലേലൂയ്യാ പറയാൻ" പറയുമ്പോൾ ഇളിഭ്യരായി രണ്ടാമത്തെ ഹല്ലേലൂയ്യാ ഒരു വല്ലാത്ത പരുവത്തിൽ ആയി പോകുന്നതായി പലതവണ/മിക്കപ്പോഴും കണ്ടിട്ടുണ്ട് എന്നത് സങ്കടകരമാണ്.

ദൈവസഭ കാന്തയും മറ്റുള്ളവർ വിരുന്നുകാരുമാണ് എന്ന സത്യം പലർക്കും - ശുശ്രൂഷകന്മാരടക്കം -തിരിച്ചറിഞ്ഞിട്ടില്ല. മരണാനന്തര ജീവിതത്തെപ്പറ്റിയും, നിത്യതയെപ്പറ്റിയും, വരുവാനിരിക്കുന്ന ന്യായവിധിയെപ്പറ്റിയും, സാത്താന്യവ്യാപാരം പ്രത്യക്ഷമായി, ഈ ലോകത്തിൽ വരുവാനിരിക്കുന്നതിനെപ്പറ്റിയും യേശു അവനേയും സന്നാഹങ്ങളേയും തന്റെ മഹത്വത്തിന്റെ പ്രഭയിൽ കീഴടക്കി തകർത്തെറിയുന്നതിനെപ്പറ്റിയും അക്ഷരിക രാജ്യം ആയിരമാണ്ട് ഭൂമിയിൽ സ്ഥാപിക്കുന്നതിനെപ്പറ്റിയും തുടർന്നു സാത്താനെ അൽപ്പകാലത്തേക്ക് തുറന്നു വിടുന്നതിനെപ്പറ്റിയും വെള്ള സിംഹാസനം, നിത്യനരകാഗ്നി, പുതിയ യെരുശലേം, ദൈവത്തോടും



*അടുത്ത കാലത്തായി കേൾക്കുവാനിടയായ ചില ദുരുപദേശങ്ങൾ -കരുതിക്കൂട്ടിയല്ലെങ്കിലും-അറിഞ്ഞപ്പോൾ, മേൽപറഞ്ഞ വിഷയങ്ങളെപ്പറ്റി ഒരു ലഘുപഠനം പെട്ടെന്ന് വായിച്ചു മനസിലാക്കാൻ ഉതകുമാറ് തയ്യാറാക്കുവാൻ തുനിഞ്ഞത്.*

അവന്റെ കുഞ്ഞാടായ ക്രിസ്തുവിനോടും കൂടെ നിത്യതയിൽ നാം വാഴുന്നതിനെപ്പറ്റി, നിത്യതയിൽ സഭയുടേയും മറ്റു മനുഷ്യരുടേയും നിലകൾ, പുതിയ ആകാശ ഭൂമികളിലെ ജാതികൾ എന്നിങ്ങനെയുള്ളവയെപ്പറ്റി ചിന്തിക്കാനോ, പഠിക്കാനോ, പഠിപ്പിക്കാനോ, ജനത്തെ ബോധവൽക്കരിക്കാനോ, അതിനായി ജനത്തെ ഒരുക്കാനോ ഒന്നും ഇന്ന് ആർക്കും കാര്യമായ താൽപ്പര്യമില്ല.

സഭയും മഹോപദ്രവകാല രക്തസാക്ഷികളും 144,000 പേർ, പഴയനിയമ വിശുദ്ധന്മാർ, 24 മൂപ്പന്മാർ, 4 ജീവികൾ തുടങ്ങിയ വിഷയങ്ങളെപ്പറ്റി ഇന്ന് ആരും പഠിപ്പിക്കാറില്ല. പറഞ്ഞാൽ തന്നെ കൂട്ടികുഴച്ചാണ് പറഞ്ഞുകാണാറ്. ഇത്തരണത്തിൽ, ഈ കൂട്ടിക്കുഴക്കൽ, വചനം അറിയാതെ ജനം തെറ്റിപ്പോകുമാറ്, സാത്താന്റെ ഒരു തന്ത്രമായി നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

അടുത്ത കാലത്തായി കേൾക്കുവാനിടയായ ചില ദുരുപദേശങ്ങൾ -കരുതിക്കൂട്ടിയല്ലെങ്കിലും-അറിഞ്ഞപ്പോൾ, മേൽപറഞ്ഞ വിഷയങ്ങളെപ്പറ്റി ഒരു ലഘുപഠനം പെട്ടെന്ന് വായിച്ചു മനസിലാക്കാൻ ഉതകുമാറ് തയ്യാറാക്കുവാൻ തുനിഞ്ഞത്. ചില നാളുകളായി, ഏകദേശം 14-ൽപ്പരം വർഷങ്ങളായി ദൈവാത്മനിയോഗത്താൽ, സ്വന്തമായി നടത്തിവരുന്ന പഠനങ്ങൾ, വേദപുസ്തക - പഴയപുതിയ നിയമ ചരിത്രങ്ങളും അതിനുപോൽഫലകമായ കാലഘട്ടത്തിലെ ലോകചരിത്രവും, യിസ്രായേൽ, ഈജിപ്ത്, കനാന്യ/അമോര്യ, അശ്ശൂർ, ബാബിലോണ്യ, മേദ്യ, പേർഷ്യ, യവന, റോമാ ചരിത്രങ്ങളും പഠിക്കുവാൻ അൽപ്പമായി ഇടലഭിച്ചതിനാൽ "ദ ഓൾഡ് ടെസ്റ്റമെന്റ് ക്രോണോളജി" എന്ന നാമത്തിൽ ആദാം മുതലുള്ള ചരിത്രം 4000 ൽപ്പരം വർഷങ്ങളോളം കൃത്യമായി വരച്ച് ഒരു "ടൈം ലൈൻ" തയ്യാറാക്കുവാൻ ദൈവം കൃപചെയ്തു.

ഈ പഠനങ്ങൾ ദാനിയേൽ, യിരെമ്യാവ്, യെഹസ്കേൽ, സെഖര്യാവ് പ്രവചനങ്ങളെ കുറെ മനസിലാക്കുവാൻ സഹായകമായി. തുടർന്ന് വളരെയധികം ദൈവാത്മനിയോഗത്താൽ വെളിപ്പാട് പുസ്തകം പഠക്കുവാനും ദൈവം കൃപ നൽകി. ആയതിന്റെ വെളിച്ചത്തിൽ 1500 ൽപ്പരം സ്ളൈഡുകൾ ഇംഗ്ലീഷിലും മലയാളത്തിലുമായി വെളിപ്പാടുപുസ്തക പഠനം വിശദമായി, ആനുകാലിക ചരിത്ര, ലോക സംഭവവികാസങ്ങളേയും കൂട്ടിച്ചേർത്തു തയ്യാറാക്കുവാൻ പരിശുദ്ധാത്മാവ് സഹായിച്ചു. പലയിടത്തും ക്ലാസുകൾ എടുത്തുവരുന്നു.കർത്താവിൽ ആശ്രയിച്ചു തയ്യാറാക്കിയ ഈ ലഘുപഠനം വരുംലക്കങ്ങളിൽ അനേകദൈവമക്കൾക്ക് പ്രയോജനമായിതീരട്ടെയെന്ന പ്രാർത്ഥനയോടെ നിറുത്തുന്നു.

Hello Health




വേനൽക്കാലത്ത് നാം എല്ലാവരും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം നിർജലീകരണമാണ്. ആരോഗ്യമുള്ള ഒരാളുടെ ശരീരത്തിൽ 60-70 ശതമാനം വരെ വെള്ളമുണ്ടായിരിക്കണം.

അതുകൊണ്ട് ധാരാളം വെള്ളം കുടിക്കുന്ന കാര്യത്തിൽ ആരും മടികാണിക്കരുത്. പ്രത്യേക ശ്രദ്ധ കുഞ്ഞുങ്ങളുടെ മേലുണ്ടായിരിക്കണം. ജലാംശം കൂടിയ ഭക്ഷണങ്ങൾ കഴിക്കുമ്പോൾ ശരീരത്തിലെ ജലാംശം നില നിർത്തുതോടൊപ്പം ശരീരത്തിന് ആവശ്യമായ പോഷണം നൽകാനും വിശപ്പ് ശമിപ്പിക്കാനും സാധിക്കുന്നു.

80% ന് മുകളിൽ ജലാംശമുള്ള പഴങ്ങൾ കഴിക്കുന്നത്, ധാരാളം വെള്ളവും ആവശ്യത്തിന് നാരുകളും വൈറ്റമിനുകളും മിനറലുകളും ആന്റിഓക്സിഡന്റുകളും വളരെ കുറച്ച് മാത്രം കലോറിയിൽ ലഭിക്കുകയും വിശപ്പ് ശമിപ്പിക്കുകയും ചെയ്യുന്നു.

ശരീരത്തിന്റെ ഊഷ്മാവ് നിലനിർത്താൻ, ഓക്സിജൻ വഹിച്ചു കൊണ്ട് പോകാൻ, മാലിന്യം നീക്കം ചെയ്യാൻ, കോശങ്ങളുടെ നിർമ്മാണത്തിന്, ശരിയായ ദഹനത്തിനും ആഗീരണത്തിനുമെല്ലാം വെള്ളം കൂടിയേ തീരൂ.

# ലൂക്കോസ് സുവിശേഷത്തിലെ 1-ാം അദ്ധ്യായവും ദൈവസന്നിധിയും...



പാസ്റ്റർ വിനിൽ
സി. ജോസഫ്
ഐപിസി ബെഥേൽ

ലൂക്കോസ് സുവിശേഷം 1-ാം അദ്ധ്യായത്തിൽ നിന്ന് അനേക വേദപഠിതാക്കൾ പ്രസംഗവും പ്രബോധനവും എടുക്കാറുണ്ട്. കാരണം മറഞ്ഞുകിടക്കുന്ന മന്ന വെയിലടിക്കുമ്പോൾ പുറത്തു വരുന്നതുപോലെ ആത്മാവ് ഈ അദ്ധ്യായത്തിൽ ആഴമേറിയ വിഷയങ്ങൾ കരുതിവെച്ചിരിക്കുന്നു. വൈദ്യനായ ലൂക്കോസ് നല്ലൊരു ചരിത്രകാരനും എഴുത്തുകാരനും കൂടിയാണ്. പഴയനിയമ ദേവാലയത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. പ്രാകാരം, പരിശുദ്ധസ്ഥലം, അതിപരിശുദ്ധസ്ഥലം എല്ലായിടവും ദൈവസാനിധ്യമുള്ളതാണെങ്കിലും ദൈവാധിവാസം നി റഞ്ഞു നിൽക്കുന്നത് അതിപരിശുദ്ധസ്ഥലത്തെ കൃപാസനത്തിൽ ആണ്. ദൈവസന്നിധി എന്ന് 1-ാം അദ്ധ്യായത്തിൽ പലസ്ഥലങ്ങളിൽ പറഞ്ഞിരിക്കുന്നു. അവിടെ പ്രാഗൽഭ്യത്തോടെ നിൽക്കുന്നവരേയും പരാമർശിക്കുന്നതായി കാണാം.

**A. “ഇരുവരും ദൈവസന്നിധിയിൽ നീതിയുള്ളവരും കർത്താവിന്റെ സകലകൽപ്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാത്തവരായിരുന്നു” ലൂക്കോ.1:6**

ദാവീദിന്റെ കാലഘട്ടത്തിൽ പുരോഹിതന്മാരെ 24 കൂറുകളായി തിരിച്ചിരിക്കുന്നു. അതിൽ 8 -ാമത്തെ കൂറാണ് അബിയാക്കൂറ്. ആ കൂറിൽ ഉൾപ്പെട്ട പുരോഹിതനാണ് സെഖര്യാവ്. മറ്റൊരു പുരോഹിതന്റെ മകളായ എലിസബത്തിനെ സെഖര്യാവ് വിവാഹം കഴിച്ചു. രണ്ടുപേരും ഒരുപോലെ ദൈവസന്നിധിയിൽ നീതിയുള്ളവരും സകല കൽപ്പന അനുസരിക്കുന്നവരും വിശ്വസ്തരും പ്രാർത്ഥിക്കുന്നവരുമായിരുന്നു. ഭാര്യയും ഭർത്താവും ഒരുപോലെ തങ്ങളുടെ ആത്മീകം കാത്തു സൂക്ഷിച്ചു. ചില കുടുംബത്തിൽ ഭർത്താവ് നല്ല ആത്മീയനാണെങ്കിൽ ഭാര്യ കുറച്ചു പുറകിലായിരിയ്ക്കും. ഭാര്യ നല്ല ആത്മീയ കാഴ്ച്ചപ്പാടുള്ള ആളാണെങ്കിൽ ഭർത്താവ് പുറകിലായിരിയ്ക്കും. എന്നാൽ ഇവിടെ ഇവർ ഒരുപോലെ ദൈവസന്നിധിയിൽ ആത്മീയ മാതൃകാ കുടുംബമായിരുന്നു. നാം ഓരോരുത്തരും ദൈവസന്നിധിയിൽ മാതൃകാ കുടുംബമായി തീരാൻ ശ്രമിക്കണം. ഇവർക്ക് ദൈവം കൊടുത്ത അനുഗ്രഹിക്കപ്പെട്ട തലമുറയാണല്ലോ കർത്താവിന് വഴിയൊരുക്കിയ സ്നാപക യോഹന്നാൻ. ലൂക്കോസ് 1:15 – “അവൻ കർത്താവിന്റെ സന്നിധിയിൽ വലിയവനാകും”.

അതെ മാതാപിതാക്കൾ ദൈവസന്നിധിയിൽ വിശ്വസ്തരായപ്പോൾ മകൻ ദൈവസന്നിധിയിൽ വലിയവനായി. ലോകപ്രകാരം ഉന്നത പൊസിഷനിൽ എത്തിയില്ലെങ്കിലും ദൈവസന്നിധിയിൽ ആയല്ലോ. ലോകക്കാർ പറയും സ്നാപക യോഹന്നാന്റെ ജീവിതം വലിയ പരാജയമായിരുന്നു എന്ന്. കാരണം നല്ല യൗവ്വനത്തിൽ മരിച്ചു. ജീവിതം കുറേക്കാലം മരുഭൂമിയിൽ, നല്ല ഭക്ഷണം ഇല്ല, വസ്ത്രം ഇല്ല, സമ്പത്ത് ഇല്ല, ഈ ലോകത്തിൽ പറയത്തക്കതൊന്നും ഇല്ല. എന്നാൽ ദൈവത്തിന്റെ കണ്ണിൽ യോഹന്നാൻ വലിയവനാണ്. ദൈവസന്നിധിയിൽ വലിയവനാകാൻ യോഹന്നാൻ കൊടുത്ത വില വലിയതായിരുന്നു.

**1. പുരോഹിത പദവി:** സെഖര്യാപുരോഹിതന്റെ മകൻ പുരോഹിതനാകണം, എന്നാൽ ആ പദവി വേണ്ടെന്ന് വെച്ചു. സമൂഹത്തിൽ മാന്യതയുള്ള, ബഹുമാനമുള്ള, ആരും ആദരിക്കുന്ന ഒരു വ്യക്തിത്വത്തിനുടമയാകാം. പക്ഷേ തന്റെ വിളിയുടേയും തിരഞ്ഞെടുപ്പിന്റേയും മുമ്പിൽ അത് വേണ്ടെന്ന് വെച്ചു.

**2. പുരോഹിത വസ്ത്രം:** രാജവസ്ത്രത്തിന് തുല്ല്യത പുലർത്തുന്ന വസ്ത്രമായിരുന്നു. കോടികൾ വിലമതിക്കുന്നതാണെന്നാണ് പണ്ഡിതാഭിപ്രായം. അതും ദൈവനാമത്തെപ്രതി ഉപേക്ഷിച്ചു.

**3. ഭക്ഷണം :** യാഗമൃഗത്തിന്റെ ഏറ്റവും മാംസ സമ്പുഷ്ടമായ ഭാഗമാണ് പുരോഹിതന് ലഭിക്കേണ്ടത്. അതും ഉപേക്ഷിച്ചു. വെട്ടുകിളിയും കാട്ടുതേനും ഭക്ഷിച്ച് ഒട്ടകരോമംകൊള്ള തോൽവാറും ധരിച്ച് മരുഭൂമിയിൽ ദൈവീക അരുളപ്പാടിനായി കാത്തിരിക്കുന്നു. ആലയത്തിൽ വളരേണ്ട വ്യക്തി ദൈവനിയോഗം ഏറ്റെടുത്തു. അതെ ദൈവമക്കളേ നാം കാണുന്ന പലരും ദൈവസന്നിധിയിൽ വലിയവനാകണമെന്നില്ല. നാം അറിയാത്ത പലരും ദൈവസന്നിധിയിൽ വലിയവനായെന്നുമിരിക്കും. ലോകമോഹങ്ങളുടേയും മ്ലേച്ഛതകളുടേയും പദവികളുടേയും പുറകേ പോകാതെ ദൈവേഷ്ടം മനസിലാക്കി ജീവിക്കാം.

**B. ലൂക്കോസ് 1:19- ൽ ദൂതൻ അവനോട്; ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ആകുന്നു.**

കൂറിന്റെ ക്രമപ്രകാരം ആ ആണ്ടിൽ ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്യുവാൻ കൃപയാൽ സെഖര്യാവിന് നറുക്കുവീണു. പ്രാഗൽഭ്യമുള്ളവർക്കുമാത്രമേ ദൈവസന്നിധിയിൽ പോകാൻ പറ്റൂ. സ്വന്തം പാപത്തിനുവേണ്ടി യാഗമർപ്പിക്കണം, അതിനുശേഷം യിസ്രായേൽ മക്കളുടെ പാപപരിഹാര രക്തവുമായി കയറിചെല്ലണം. പുരോഹിത വസ്ത്രത്തിന് പുറമേ നടുക്ക് വലിയൊരു കെട്ടും അതിൽ ചങ്ങലയും ഉണ്ട്. ക്രമീകരണം ഇല്ലാതെയാണ് അകത്തുപോകുന്നതെങ്കിൽ അവിടെ ദൈവസന്നിധിയിൽ മരിച്ചുപോകും. ഇവിടെ സെഖര്യാവ് അകത്തുകയറി സമയമായിട്ടും പുറത്തുവരാത്തപ്പോൾ ചിലർ ചിന്തിച്ചിട്ടുണ്ടാകാം ദൈവദാസൻ എന്തെങ്കിലും തെറ്റ് ചെയ്തതാണ്, അകത്തുപെട്ടുപോയിട്ടുണ്ടാകാം. എന്നാൽ സെഖര്യാവ് നാളുകളായി പ്രാർത്ഥിച്ചിരുന്ന പ്രാർത്ഥനയുടെ മറുപടി ലഭിക്കുകയായിരുന്നു അകത്ത്. മറ്റുള്ളവരുടെ അർത്ഥാൽ യിസ്രായേൽ മക്കളുടെ പ്രാർത്ഥനാ വിഷയവുമായി അകത്ത് പോയതാണെങ്കിലും തന്റെ വിഷയം ദൈവം ഓർത്തു. ദൂതനിറങ്ങി പറയുന്നു ഞാൻ ദൈവസന്നിധിയിൽ നിൽക്കുന്ന ഗബ്രിയേൽ ദൂതനാണ്, മറുപടിയുമായി വന്നതാണ്. നമ്മുടെ ദൈവത്തിന് അനേക ദൂതഗണങ്ങൾ ***ഉണ്ട്***. എവിടെ ദൈവത്തിനുവേണ്ടി യുദ്ധം ചെയ്യണമോ അവിടെ പോകുന്ന ദൂതനാണ് മീഖായേൽ. അതുപോലെ ആരാധനയിലും സൗന്ദര്യത്തിലും മനോഹരമായ പാട്ടിലും മുമ്പിൽ നിന്ന ദൂതനാണല്ലോ ലൂസിഫർ (യെഹ.28:13-19, യെശ.14:12-16). നിഗളത്താൽ വെട്ടേറ്റ് ദൈവസന്നിധിയിൽ നിന്നും താഴെപ്പോയി സാത്താനായി മാറി. എന്നാൽ ദൂതറിയിക്കുന്ന ഗബ്രിയേൽ ദൂതൻ പറയുന്നു ഞാൻ ഇപ്പോഴും ദൈവസന്നിധിയിൽ നിൽക്കുന്ന ദൂതനാണ്.

ദൈവമക്കളേ, പലരും നിഗളത്താലും അഹങ്കാരത്താലും ദൈവസന്നിധിയിൽ നിന്നും താഴെ പോകുമ്പോൾ സന്നിധിബോധത്തോടെ ദൈവകൃപയിൽ നില നിന്ന് കർത്താവിന്റെ വേലചെയ്യാം.

***യൂദ 24 - “വീഴാതെവണ്ണം നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവന്” നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമ്മുടെ രക്ഷിതാവായ ഏകദൈവത്തിന് തന്നെ സർവ്വകാലത്തിന് മുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ. ആമേൻ.***

HH REJOICE



*Prayerful wishes for a blessed married life to*

Rinju & Feba

*With best compliments*

Gilgal Church Of God, Bahrain

## Command & Promise of the Month

**COMMAND**

***കൊലൊ.3:17***

വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന് സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ

**PROMISE**

***1 കൊരി.2:9***

ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റേയും ഹൃദയത്തിൽ തോന്നീട്ടുമില്ല എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ.

# 38th Anniversary Celebrations of IPC Bahrain Sunday School

IPC Bahrain Sunday school celebrated its 38th Anniversary on 01st of June 2017 at The New Indian School Auditorium. The theme for this year Anniversary was “God’s Love”.
Pr. Shibu Mathew (Registrar, Mount Zion Bible College) was the guest speaker for the event, who delivered a challenging message, Pr. T.T Thomas (Patron), Pr. M.J David, Pr. Jaison K.K, Pr. T Thangaraj, Evg. Madhusoodanan etc. were present in the meeting.

Various programs performed by the Sunday school students drew wide acceptance and were commended by many for its variety and creativity. Winners of Sunday school examinations and other competitions were presented with awards and trophies. Students who have graduated from 10th class were presented with certificates.

The regular classes of IPC Bahrain Sunday school for the new academic year have started on 08th of June 2017. The classes from Non-Schooling till Class X are held at the N.E.C on every Thursdays from 06:45 to 08:15 pm.

***Parents who are interested in sending their child/children to IPC Bahrain Sundayschool are requested to contact Mr. Shajan Mathew (Headmaster) on 39085429 or Mr. Manoj Thomas (Secretary) on 39574819, for details.***
















# 5th Anniversary Celebrations of Hebron IPC Sunday School









The 5th Anniversary of Hebron IPC Sunday School, Bahrain was held on 2nd June 2017 at the NEC Fellowship Hall. Various programs were performed by the students and teachers based on the Añniversary theme “The Refiner’s Fire”. Prizes for the winners of Sunday school examination held on 19th May 2017 were distributed by Pastor K.M. George.

***Hebron IPC Sunday Schools are held on every Friday at 8:30 am at NEC multipurpose hall. All are welcome. For more details contact Br. Joju Joseph, Tel: 34080440***








# IPC Bethesda - 9th Sunday School Anniversary

The 9th Sunday School Anniversary Celebrations of IPC Bethesda, Bahrain was held on 1st June 2017 at Ban SaengThai Auditorium.

Welcome dance by the Juniors, Worship Song led by the Bethesda Sunday School Choir, Action Song,M ime and eye catching choreographies were the major attractions. Pr. Babu Abraham led the Prize distribution ceremony.














# IPC Bethel, Bahrain Sunday School Anniversary






















# പുറപ്പാട് പുസ്തകം

മോശൈക പഞ്ചഗ്രന്ഥത്തിലെ ദ്വിതീയ ഗ്രന്ഥമാണ് പുറപ്പാട് പുസ്തകം. അബ്രഹാമിന്റെ സന്തതി പരമ്പരകളായ യിസ്രായേൽ മിസ്രയീമിലേക്ക് ക്ഷാമം നിമിത്തം ചെന്നെത്തിപ്പെടുന്നതോടുകൂടി ഉൽപ്പത്തി അവസാനിക്കുമ്പോൾ ദൈവീക വാഗ്ദത്തപ്രകാരം തിരിച്ച് കനാൻ നാട്ടിലേക്ക് മടങ്ങിപോകുന്ന യാത്രാവിവരണമാണ് പുറപ്പാട് പുസ്തകത്തിന്റെ ഇതിവൃത്തം.

വാഗ്ദത്തങ്ങളും നിയമങ്ങളും ആരാധനയ്ക്കുള്ള അവകാശവും നൽകി വിശ്വമദ്ധ്യേ എല്ലാവർക്കും ദൃഷ്ടാന്തമായിരിക്കുന്നതിനുവേണ്ടി ജീവനുള്ള ഏകസത്യദൈവം വിളിച്ചു വേർതിരിച്ചു നിർത്തിയിരുന്ന ജനതയായ യിസ്രായേലിന്റെ നാനൂറ്റിമുപ്പത് വർഷത്തെ പ്രവാസ ജീവിതത്തിന് അറുതി വരുത്തിയ സംഭവ വികാസങ്ങളും തുടർന്നുള്ള മരുഭൂപ്രയാണ വിവരണങ്ങളും വളരെ സവിസ്തരം രേഖപ്പെടുത്തിയിരിക്കുന്ന പുസ്തകമാണ് മോശൈക പഞ്ചഗ്രന്ഥത്തിന്റെ ദ്വിതീയ കാണ്ഡമാണ് പുറപ്പാട് പുസ്തകം.

## ഗ്രന്ഥനാമം

സ്പെറ്റുവജന്റ് തർജ്ജിമക്കാർ പഞ്ചഗ്രന്ഥത്തിലെ രണ്ടാം പുസ്തകത്തിന് നൽകിയ 'എക്സോഡോസ്' എന്ന വാക്കിന്റെ ലത്തീൻ രൂപമാണ് എക്സഡോസ്. ഒരു സ്ഥലം വിട്ടു മറ്റൊരിടത്തേക്ക് പോകുക എന്നാണ് ഈ വാക്കിനർത്ഥം. പുതിയ നിയമത്തിൽ എബ്രായർ 11:22 ലും ഇതേ പദം തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. പുസ്തകത്തിലെ ആദ്യവാചകത്തിന്റെ ആദ്യവാക്കുകൾ ഗ്രന്ഥത്തിന്റെ പേരായി ഉപയോഗിക്കുക എന്ന രീതിയാണ് എബ്രായ ഭാഷയിൽ ഈ പുസ്തകത്തിൽ കാണുന്നത്. ഇവയാണ് പേരുകൾ എന്നർത്ഥം വരുന്ന 'വിഎല്ലെഹ് ഷിമോത്ത്' എന്നാണ് എബ്രായ ഭാഷയിൽ ഈ പുസ്തകത്തിന്റെ പേര്. 'ഷിമോത്ത്' എന്ന് ചുരുക്കി വിളിക്കാറുമുണ്ട്. മിസ്രയീമിലേക്ക് വന്ന യിസ്രായേൽ മക്കളുടെ പേര് എഴുതികൊണ്ടാണല്ലോ പുറപ്പാട് പുസ്തകം ആരംഭിക്കുന്നത്.

## പ്രധാന വ്യക്തികൾ

### 1. മോശെ

**മണൽക്കാടിന്റേയും മരീചികയുടേയും സന്തതികളായിരുന്ന യിസ്രായേൽ ജനതയുടെ ഇരുളടഞ്ഞ അദ്ധ്യായത്തിൽ നിന്നുമുള്ള ചെമ്മാനങ്ങൾ മാറ്റി ഒരു പുതിയ യുഗപിറവിയ്ക്ക് തുടക്കം കുറിച്ച യിസ്രായേലിന്റെ ആരാധ്യആചാര്യനായ, അനിഷേധ്യ നേതാവായ മോശെയാണ് പുറപ്പാട് പുസ്കതത്തിന്റെ പ്രധാന കഥാപാത്രം. മോഷെഹ് (വലിച്ചെടുക്കപ്പെട്ടു) എന്നതാണ് പേരിന്റെ എബ്രായ രൂപം. തുത്തുമോസ്, അഹിമോസ് എന്നീ പേരുകളുടെ ഉത്തരപദമായ 'മ് സി' ൽ നിന്നാണ് മോശെ എന്ന പദം രൂപപ്പെട്ടതെന്ന് കരുതുന്നു. 120 വർഷം ജീവിച്ചിരുന്ന മോശെയുടെ ചരിത്രം 40 വർഷം വീതം ഉള്ള 3 ഘട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്.**

1. *മിസ്രയീമിൽ ഫറവോന്റെ കൊട്ടാരത്തിൽ*
2. *മിദ്യാനിൽ*
3. *മരുഭൂമിയിൽ*

### 2. അഹരോൻ

**യിസ്രായേലിന്റെ മിസ്രയീം വിടുതൽ മുതൽ മരുഭൂയാത്രയിലുടനീളം മോശെയുടെ നാവായിരുന്ന ദൈവത്താൽ നിയോഗിക്കപ്പെട്ട വാഗ്മിയായിരുന്നു അഹരോൻ. മോശെയെക്കാൾ 3 വയസ് പ്രായകൂടുതലുള്ള ജ്യേഷ്ഠസഹോദരൻ, യിസ്രായേലിന്റെ ആദ്യമഹാപുരോഹിതൻ.**

### 3. ഫറവോൻ

**ഈജിപ്റ്റ് രാജാക്കന്മാരുടെ സ്ഥാനപ്പേരാണിത്. ഒരു നാമമായും, നാമത്തോടുചേർന്നുള്ള ഔദ്യോഗിക നാമമായും ബൈബിളിൽ പ്രയോഗിച്ചിരിക്കുന്നു. 'വലിയവീട്' എന്നർത്ഥമുള്ള ഈജിപ്ഷ്യൻ പ്രയോഗത്തിന്റെ എബ്രായ രൂപമാണ് ഫറവോൻ. ആദിമകാലത്ത് ഈ പേര് പ്രധാന ഭരണാധികാരിക്ക് മാത്രമാണ് ചേർത്തിരുന്നത്. എന്നാൽ 18-ാം രാജവംശത്തിന്റെ കാലംമുതൽ ഈജിപ്റ്റ് രാജാവിന്റെ ഔദ്യോഗിക നാമമായി മാറി.**

**പുറപ്പാട് പുസ്കത്തിലെ 40 അദ്ധ്യായങ്ങളെ 3 ഭാഗങ്ങളായി തിരിച്ചുവേണം വേദപഠിതാക്കൾ വിചിന്തനം ചെയ്യുവാൻ.**

#### *1. യിസ്രായേൽ മിസ്രയീമിൽ –1:1, 12:36*

**മിസ്രയീമിൽ വന്ന യിസ്രായേല്യരുടെ വംശാവലിയിൽ ആരംഭിച്ച് 10 ബാധകൾ അയച്ച് യിസ്രായേലിനെ മിസ്രയീമിൽ നിന്നും വിടുവിക്കുന്ന ചരിത്രംവരെ. മോശെയുടെ ജീവിത ചരിത്രം( 40 വർഷം) യിസ്രായേലിന്റെ അടിമത്വപീഡനചരിത്രം. മോശെയും അഹരോനും ഫറവോന്റെ മുമ്പിൽ നിൽക്കുന്നതുവരെയുള്ള കാര്യം ഈ ഒന്നാംഭാഗത്ത് ഉൾപ്പെടും.**

#### *2. പുറപ്പാടും സീനായ് പർവ്വതത്തിലേക്കുള്ള യാത്രയും ( 13:1 – 18:27).*

**മിസ്രയീമിൽ നിന്നുള്ള ആഘോഷപൂർവ്വമായ യാത്രയും ഫറവോന്റെ പിൻതുടരലും നാശവും മോശെയുടെ പാട്ടും, ശൂർ, സീൻ, രെഫീദിം എന്നീ മരുഭൂമിയിലെ സംഭവങ്ങളും, മോശെയുടെ അമ്മായിഅപ്പനായ യിത്രോവ് മോശെയെ സന്ദർശിക്കുന്നതുവരെയുള്ള സംഭവ വികാസങ്ങൾ.**

#### *3. യിസ്രായേൽ സീനായിൽ (19:1 – 40:38)*

**ദൈവത്തോടുള്ള മോശെയുടെ വാസം അവിടെവെച്ച് ലഭിക്കുന്ന 10 കൽപ്പനകൾ, ഉടമ്പടി പ്രമാണങ്ങൾ, ഉടമ്പടിയുടെ സ്ഥിരീകരണം, സമാഗമനകൂടാരത്തിന്റെ മാതൃക, പൗരോഹിത്യം, സ്വർണ്ണകാളക്കുട്ടി, സമാഗമനകൂടാരത്തിന്റെ പണിയുടെ തുടക്കവും സ്ഥാപനവും തുടങ്ങി പൗരോഹിത്യ രീതികൾവരെയുള്ള ഒരുപിടി കാര്യങ്ങൾ ഈ ഭാഗത്ത് വിവരിക്കുന്നു.**

## സ്ഥിതിവിവര കണക്കുകൾ

**വിശുദ്ധ വേദപുസ്തകത്തിലെ രണ്ടാം പുസ്തകമായ പുറപ്പാട് പുസ്തകത്തിൽ 40 അദ്ധ്യായങ്ങളും 1213 വാക്യങ്ങളുമുണ്ട്. 1089 ചരിത്രവാക്യങ്ങൾ, 129 നിവർത്തിയാക്കപ്പെട്ട പ്രവചനങ്ങൾ, 45 ചോദ്യങ്ങൾ, 827 കൽപ്പനകൾ, 28 വാഗ്ദത്തങ്ങൾ ഇവകൂടാതെ മോശെയിലുടെ ദൈവം ചെയ്ത 42 അത്ഭുതങ്ങളിൽ 35 എണ്ണത്തിന്റെ വിവരണവും ഈ പുസ്തകത്തിലുണ്ട്.**

# LIVING AS CHILDREN OF GOD BY FAITH




Merin Varghese Bose
Palmerston North
New Zealand

"So in Christ Jesus you are all children of God through faith" Galatians 3:26. Faith in what Jesus accomplished on the cross, and there is no way we can become more of God's children through anything we do.

In the letter to the Galatians, Paul is perplexed when writing about the importance of holding on to their faith in Christ, rather than trying to attain something more by human efforts. He was writing to the Galatians who "were running a good race" (Galatians 5:7) and 'who began by the Spirit then turned to finish by means of human effort' (Galatians 3:3) and remarkably he mentions the same controversy he experienced with apostles Peter and James (Galatians 2:11-13). Paul had clearly presented the gospel of the crucified Christ (Galatians 3:1) which is the foundational and structural knowledge of our faith.

Paul draws on the historical basis of why faith in Christ and his blood alone is enough for us. God had "promised" Abraham that he would bless nations through





his offspring. Abraham simply believed what God promised, [referred to as his faith (Hebrews 11:11)]. Generations later, the law was given to the descendants of Abraham (the Israelites) and they had begun to trust in their efforts to try and fulfil the law, that it became impossible to trust in God for who He is. Galatians 3:18 says,"For if the inheritance depends on the law, then it no longer depends on the promise; but God in his grace gave it to Abraham through a promise." Paul explains here that the Christian life is the blessed result of God's promise to Abraham. The work that Jesus Christ accomplished on the cross is the promise fulfilled to bless all nations.

We cannot become more of God's children by our work, but through the power of his Spirit that is at work in us as Christ has enabled this (Galatians 5:16&18). The precious Holy Spirit keeps reminding us that we are God's children (Galatians 4:6), and this is the identity that helps us to live pleasing lives to God. Along with Paul's encouragement in Galatians 4:19 'Christ be formed in you' let us keep reminding ourselves that we are God's children because Christ has attained this position for us through his blood. Growing in the knowledge of this reality is the highlight of Christianity which is a life of overflowing blessing-for ourselves but also for others around us.

Amen.

# വിജയത്തേരിൽ നമ്രശിരസ്ക്കനായൊരു തേരാളി



ടീയെസ് കപ്പമാംമൂട്ടിൽ

വിസ്മൃതിയുടെ തീരങ്ങളിൽ മറഞ്ഞുകിടക്കുന്ന ഭൂതകാലത്തിന്റെ ഏടുകളിലൂടെ നാം കടന്നുപോകുമ്പോൾ, ചരിത്രത്തിന്റെ ഇടനാഴിയിൽ മഹാന്മാരുടെ ഒരു നീണ്ട നിര തന്നെ നമുക്ക് കാണുവാൻ കഴിയും. അവരൊക്കെയും മനുഷ്യരാശിയുടെ അഭിവൃദ്ധിക്കുവേണ്ടി അമൂല്യമായ സംഭാവനകൾ നൽകിയിട്ടുള്ളവരാണ്. ഭൂലോകത്തെ കീഴ്മേൽ മറിച്ചുകൊണ്ട് ചരിത്രത്തിന്റെ ഗതി തിരുത്തിക്കുറിച്ചവരാണ് അവരിൽ ചിലർ.

ഗണിതശാസ്ത്രം, ജ്യോതിശാസ്ത്രം, പ്രകൃതിശാസ്ത്രം തുടങ്ങിയ ശാസ്ത്രശാഖകളിൽ തന്റെ അവഗാഹജ്ഞാനവും, ബുദ്ധിവൈഭവും തെളിയിച്ച പ്രതിഭാശാലികളിൽ പ്രഥമഗണനീയനായ സർ ഐസക് ന്യൂട്ടൺ, ഇരുപതാം നൂറ്റാണ്ടിന്റെ മഹാനായ ശാസ്ത്രജ്ഞനും, ശാസ്ത്രലോകം അനശ്വരനായി കരുതുന്ന പ്രകൃതിശാസ്ത്രജ്ഞനും, ഊർജ്ജതന്ത്രജ്ഞനുമായ ആൽബെർട്ട് ഐൻസ്റ്റീൻ, തോമസ് എഡിസൺ, ലൂയി പാസ്റ്റർ. മഹാന്മാരുടെ താരപ്രഭ ശാസ്ത്രനഭോമണ്ഡലത്തിൽ മാത്രം ഒതുങ്ങി നി ൽക്കുന്നില്ല.

ഐക്യനാടുകളിൽ അടിമത്വത്തിന്റെ നുകത്തിനു കീഴിൽ കുഴഞ്ഞുവീണുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന് പുതിയൊരു ജീവിതം പ്രദാനം ചെയ്യുവാൻ ജീവിതം സമർപ്പിച്ച എബ്രഹാം ലിങ്കൺ, രണ്ടാം ലോകമഹായുദ്ധത്തിൽ സഖ്യസേനയെ വിജയസോപാനത്തിലേക്ക് കൈ പിടിച്ചു വഴിനടത്തുന്നതിൽ അനിതരസാധാരണമായ നേതൃപാടവം പ്രകടിപ്പിച്ച സർ വിൻസ്റ്റൺ ചർച്ചിൽ, സത്യവും അഹിംസയും എന്ന മന്ത്രം ഉരുവിട്ടുകൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പിടിയിൽ നിന്ന് ഭാരതത്തെ സ്വാതന്ത്ര്യത്തിലേക്കു നയിച്ച മഹാത്മഗാന്ധി. കണ്ണെത്താത്ത ദൂരത്തിലേക്ക് നീണ്ടുപോകുന്ന മഹാന്മാരുടെ നിര നമ്മിൽ ആവേശത്തിന്റെ അലമാലകൾ ഉയർത്തുന്നു.

ശിരസ്സു നമിച്ചു നിൽക്കുന്നത് താഴ്മയുടേയും, വിനയത്തിന്റേയും ലക്ഷണമാണ്. അതേ സമയം തന്നെ അത് പരാജയത്തേയും, കുറ്റബോധത്തേയും സൂചിപ്പിക്കുന്നു. ഒരു അന്തർദ്ദേശീയ കായികമേളയിൽ സ്വർണ്ണമെഡലും അണിഞ്ഞ് ഒരു കായികതാരം വിക്ടറി സ്റ്റാന്റിൽ നമ്രശിരസ്ക്കനായി നിൽക്കുന്നത് നമുക്ക് സങ്കൽപ്പിക്കുവാൻ കഴിയുമോ? വിജയവീഥിയിലൂടെ തേരുതെളിയിക്കുന്ന ഒരു രാജസേനാനി തേരിൽ ശിരസ്സു നമിച്ചു നിൽക്കുന്നത് നമുക്കു വിഭാവന ചെയ്യുവാൻ കഴിയുമോ?

പുരാതന ലോകത്തിലെ മഹാന്മാരുടെ നിരയിൽ സ്ഥാനം പിടിച്ച ഒരു സർവ്വസൈന്യാധിപനെ 2 രാജാക്കന്മാർ 5-ാം അദ്ധ്യായം ഒന്നാം വാക്യത്തിൽ നമുക്കു കാണാം. തന്റെ യജമാനനാ യ ആരാം രാജാവിനാൽ മഹാനും, മാന്യനുമായി പരിഗണിക്കപ്പെട്ട പരാക്രമശാലി. വിജയ സോപാനത്തിന്റെ ഉന്നതങ്ങളിൽ നിൽക്കുമ്പോഴും, പരാജയബോധത്തോടെ ശിരസ്സു നമിച്ചു നിൽക്കുന്ന രാജസേനാനി. വിജയത്തിൻെ സുവർണ്ണശിലകൾ പാകിയ വിശാലമായ രാജവീഥിയിലൂടെ തേരുതെളിയിക്കുമ്പോഴും വിങ്ങുന്ന ഹൃദയത്തിന്റെ വേദനകൾ കടിച്ചമർത്തുന്ന സൈന്യാധിപൻ-നയമാൻ. ഈ തിരുവചനഭാഗം നന്നായി ഉൾക്കൊള്ളുവാൻ ആരാം രാജ്യം എന്ന സിറിയയെക്കുറിച്ചും, അവിടെയുള്ള പ്രധാന പട്ടണമായ ദെമ്മേശെക് എന്ന ദമാസ്ക്കസിനെക്കുറിച്ചും ചില വസ്തുതകൾ ഗ്രഹിച്ചിരിക്കുന്നത് പ്രയോജനകരമാണ്.

യിസ്രായേലിന്റെ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന ആരാം ദേശത്തെ സിറിയ എന്നാണ് യവനദേശക്കാർ വിളിച്ചിരുന്നത്. രണ്ടാം സഹസ്രാബ്ദത്തിൽ ആരാമ്യർ യൂഫ്രട്ടീസ് മേഖലയിൽ അധിവസിച്ചിരുന്നതായി പുരാവസ്തുഗവേഷകർ അഭിപ്രായപ്പെടുന്നു. ഈ കാലഘട്ടത്തിൽ യിസ്രായേലിന് നിരന്തരം തലവേദനയുണ്ടാക്കിയ ശത്രുരാജ്യമായിരുന്നു ആരാം എന്ന വസ്തുത ശക്തമായ സൂചനകളിലൂടെ തിരുവചനം വ്യക്തമാക്കുന്നു്.

ക്രിസ്തുവിന് മുമ്പ് 9-ാം ശതാബ്ദത്തിൽ ദമാസ്ക്കസ് ഒരു ശാദ്വലഭൂമിയായിരുന്നു. ചേതോഹരമായ ഒരു മരുപ്പച്ച. ലോകത്തിലെ ഏറ്റവും പുരാതന നഗരമായി ഇതിനെ കരുതുന്നവരുണ്ട്. പ്രവാചക ശ്രേഷ്ഠനായി ഇസ്ലാം മതവിശ്വാസികൾ ആദരിക്കുന്ന മുഹമ്മദ് നബി, ശതാബ്ദങ്ങൾക്കുശേഷം തെക്കൻ കുന്നിൻചരിവുകളിലൂടെയുള്ള യാത്രയ്ക്കിടയിൽ താഴ്വരയിൽ സ്ഥിതിചെയ്യുന്ന ദമാസ്ക്കസ് പട്ടണത്തെ കൺകുളുർക്കെ കാണുവാൻ ഒരു നിമിഷം നിന്നു. നയനാന്ദകരമായിരുന്നു ആ ശാദ്വലഭൂമിയുടെ മനോഹാരിത. ആ പട്ടണം ഭൂമിയിലെ പറുദീസയായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. ആ നഗരത്തെ നോക്കി അദ്ദേഹം ഇപ്രകാരം പ്രതികരിച്ചുവത്രേ - ' മനുഷ്യന് ഈ ഭൂമിയിൽ ഒരു പറുദീസ മാത്രമേ ഒരു പക്ഷേ കാണുകയുള്ളൂ. എന്നാൽ എന്റെ പറുദീസ ഉയരത്തിലാണ്'.

(...തുടരും)

# ദൈവരാജ്യത്തിൽ ജനിച്ചിരുന്നെങ്കിൽ



Pastor Daniel Kumplappallil

(...കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

ഇപ്രകാരമുള്ള ഒരു വീണ്ടും ജനനം നമ്മിൽ ആത്മാവിനെ സജീവമാക്കി മാറ്റുന്നു. സർവ്വശക്തനായ ദൈവം തന്നെ നമ്മിൽ വസിക്കുവാനായി എത്തുന്നു, നമ്മുടെ ശരീരത്തെ തന്റെ മന്ദിരമാക്കി മാറ്റുന്നു. സർവ്വശക്തനായ ദൈവം ഈ രാജ്യത്തിൽ നമ്മോടുകൂടെ വസിക്കുന്ന അവസ്ഥ. എത്ര മനോഹരമായ ദൈവരാജ്യ ജീവിതമാണ് നമ്മിൽ പകരുന്നതെന്ന് അനുഭവിച്ചറിയുക തന്നെ വേണം. പാപത്തിൻെ അടിമത്തത്താൽ നഷ്ടമായിപോയ ആത്മീക ജീവൻ നിങ്ങളിലേക്ക് മടക്കി പിടിക്കുവാൻ ഒരു ആവേശം നിങ്ങളുടെ ഉള്ളിൽ തിരതല്ലുന്നില്ലേ, കാരണം നിങ്ങളുടെ ആത്മാവ് ദൈവത്തിന്റെ ആത്മാവിനായി ഉള്ളിൽ ഞരങ്ങിക്കൊണ്ടിരിക്കുന്നു. ദൈവത്തിൻെ ആത്മാവ് നിങ്ങളുടെ ആത്മാവിൽ വരുന്നതോടെ ദൈവീകമായ നിത്യജീവന് അവകാശിയായി മാറുന്നു. ക്രിസ്തുയേശു ജനങ്ങളോടു സംസാരിക്കുമ്പോൾ സ്നാപക യോഹന്നാനെ പറ്റി ഇപ്രകാരമത്രേ പറഞ്ഞത് സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല. ദൈവരാജ്യത്തിൽ ഏറ്റവും ചെറിയവനോ യോഹന്നാനേക്കാൾ വലിയവൻ. അതായത് ജഡപ്രകാരമുള്ള ജനനത്തിൽ യോഹന്നാൻ വലിയവനാണ്, എന്നാൽ ക്രിസ്തുവിൽ വിശ്വസിച്ച് ആത്മാവിൽ ജനനം പ്രാപിച്ച് ദൈവരാജ്യത്തിൽ അംഗമായ നിങ്ങൾ ആത്മീയമായി വലിയ വിലയുള്ളവനത്രേ. പുറമെയുള്ള ജഡത്തിൽ യാതൊരു അധികാരവും ഇല്ലായിരിക്കാം. അഥവാ ഉണ്ടെങ്കിൽ തന്നെ അത് ഈ ലോകം തരുന്ന താൽക്കാലിക അധികാരസ്ഥാനങ്ങളത്രേ.

എന്നാൽ വീണ്ടും ജനനം പ്രാപിച്ചവർ ദൈവീക അധികാരങ്ങൾ ആത്മാവിൽ പ്രാപിക്കുന്നു. ഒന്നാം മനുഷ്യനായ ആദമിനോട് ദൈവം കൽപ്പിച്ചത് നിങ്ങൾ സന്താനപുഷ്ടുയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മൽസ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകലഭൂചരജന്തുവിന്മേലും വാഴുവീൻ. എന്നാൽ പിശാചിൻെ പരീക്ഷയിൽ പരാജയപ്പെട്ട മനുഷ്യൻ നഷ്ടമാക്കിയ ആത്മീകാധികാരം ഒടുവിലത്തെ ആദാമായ ക്രിസ്തുവിലൂടെ മനുഷ്യകുലത്തിന് മടക്കി നൽകുന്ന മനോഹര പദ്ധതിയത്രേ ദൈവരാജ്യത്തിലേക്കുള്ള




വീണ്ടും ജനനം. ആത്മാവാകുന്ന ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ച ആത്മീക മനുഷ്യൻ ദൈവകൽപ്പന ലംഘിച്ച് ആത്മീകമരണം സമ്പാദിച്ചപ്പോൾ, കാൽവറിയിലെ പ്രായശ്ചിത്ത യാഗമരണത്തിൽ പാപമില്ലാത്ത ക്രിസ്തുയേശു നമുക്കുവേണ്ടി പാപമായി, നമ്മുടെ പാപങ്ങളുടെ ശിക്ഷ ഏറ്റുവാങ്ങി, പാതാളത്തിന്റേയും മരണത്തിന്റേയും താക്കോൽ അധകാരപ്പെടുത്തി പിശാചിൻെ സർവ്വബലത്തിന്മേലുമുള്ള അധികാരം പുതിയ സൃഷ്ടിയായ നമുക്ക് തന്നു. കൊരിന്ത്യയിലെ വിശ്വാസികളോട് പരിശുദ്ധാത്മാവ് പറയുന്നത് ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു, പഴയത് കഴിഞ്ഞുപോയി (2 കൊരി.5:17). ആ പുതിയ സൃഷ്ടി നമ്മുടെ അകത്തുവന്ന ആത്മീക മനുഷ്യൻ അത്രേ. നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടണമെന്ന് പൗലോസ് അപ്പൊസ്തൊലൻ പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥനയോടു ചേർന്ന് നമുക്കും ഇപ്രകാരം ആഗ്രഹിച്ചു പ്രാർത്ഥിക്കാം എന്ന ആഹ്വാനത്തോടെ നിർത്തട്ടെ (എഫെ.3:16-19).

# Jesus in Every Book of the Bible



Rev. Georgy Mathew Alexios

*(Continued from the last issue)*

## New Testament

### Matthew

He is the ***Messiah.*** He is the Son of David (Matt. 1:1); the King of the Jews (Matt. 2:2); the Son of God (Matt. 2:15); the Bridegroom (Matt. 9:15).

### Mark

He is the ***Servant Man*** (Mark 10:45); the Holy One of God (Mark 1:24); the King of Israel (Mark 15:32).

### Luke

He is the ***Son of Man.*** He is the Horn of Salvation (Luke 1:69); the Consolation of Israel (Luke 2:25).

### John

He is the ***Son of God*** (John 1:1,14,18); the Lamb of God (John 1:29,36); the Bread of Life (John 6:35); the Light of the world (John 8:1); the Great I Am (John 8:58); the Door of the sheep (John 10:7,9); the Good Shepherd (John 10:11); the Resurrection and the Life (John 11:25); the Way, the Truth, and the Life (John 14:6); the True Vine (John 15:1).

### Acts

He is the ***Baptizer in the Holy Spirit.*** He is the Ascended Lord, the Prince of life (Acts 3:15); the Judge of the living and the dead (Acts 10:42); the Just One (Acts 7:52); the Hope of Israel (Acts 28:20).

### Romans

He is our ***Justifier.*** He is the Rock of offence (Rom. 9:33); the Deliverer (Rom. 11:26); the Lord of the living and the dead (Rom. 14:9); the Root of Jesse (Rom. 15:12).

### 1 Corinthians

He is the ***Last Adam*** (1 Cor. 15:45); the First-fruits (1 Cor. 15:23).

### 2 Corinthians

He is the ***Guarantor of all God's Promises*** (2 Cor. 1:20); the Image of God (2 Cor. 4:4-6).

### Galatians

He is the ***One who Sets us Free*** (Gal. 1:4).

### Ephesians

He is the ***Christ of Riches.*** He is the Head over all things (Eph. 1:22); the Cornerstone (Eph. 2:20).

### Philippians

He is the ***One who Meets our Every Need*** (Phil. 4:19), the Name above all names (Phil. 2:9).

### Colossians

He is the ***Fullness of the Godhead*** (Col. 1:19). He is the Image of the Invisible God (Col. 1:15); the Head of the Church (Col. 1:18); the Beginning (Col. 1:18); the Firstborn from the dead (Col. 1:18); the Hope of glory (Col. 1:27).

### 1 Thessalonians

He is the ***Soon Coming King***(1 Thess. 1:10).

### 2 Thessalonians

He is the ***Lord of Peace*** (2 Thess. 3:16).

### 1 Timothy

He is the ***Only Mediator Between God and Man*** (1 Tim. 2:5); the eternal King (1 Tim. 1:17).

### 2 Timothy

He is the ***Righteous Judge*** (2 Tim. 4:8).

### Titus

He is the ***Great God and Saviour*** (Tit. 2:13).

### Philemon

He is a ***Friend Who Sticks Closer Than a Brother*** (Philem. 3).

### Hebrews

He is the ***Faithful High Priest*** (Heb. 2:17); the Heir of all things (Heb. 1:2); the Author and Finisher of our Faith (Heb. 12:2).

### James

He is the ***Lord of glory*** (Jas. 2:1); the Judge at the door (Jas. 5:9).

### 1 Peter

He is the ***Chief Shepherd*** (1 Pet. 5:4); the Living stone (1 Pet. 2:4).

### 2 Peter

He is ***God's Beloved Son*** (2 Pet. 1:17).

### 1 John

He is the ***Eternal Life*** (1 John 1:2); the Righteous and our Advocate (1 John 2:1).

### 2 John

He is the ***Son of the Father God*** (2 John 3).

3John: He is the ***Truth*** in whom we should walk (3 John 3).

### Jude

He is our ***God and Saviour*** (Jude 25).

### Revelation

He is the ***King of kings and Lord of lords*** (Rev. 19:16); the Absolute Sovereign over all Creation (Rev. 1:5; 2:27); the Lion of the Tribe of Judah (Rev. 5:5); the Sacrificed Lamb (Rev. 5:6); the Faithful and True (Rev. 19:11); the Word of God (Rev. 19:13); the Alpha and the Omega, the First and the Last (Rev. 22:13); the Bright and Morning Star (Rev. 22:16).

**The question is, do you know Him? It is not knowing about Him, but knowing Him. Make sure that you know Him because it affects your eternity.**

# നോഹൈക പ്രവചനങ്ങളുടെ ചരിത്ര പ്രസക്തി 4



രാജൻ തോമസ്

(...കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

***10. മിസ്രയിമും സന്തതികളും (വാക്യം 13)*** – ആധുനിക ഈജിപ്ത് ഉൾപ്പെടെയുള്ള വടക്കൻ ആഫ്രിക്കൻരാജ്യങ്ങൾ, ആജിയൻ സമുദ്രത്തിനു ചുറ്റുമുള്ള ഭാഗങ്ങൾ, തുടങ്ങിയ പ്രദേശങ്ങളിൽ മിസ്രയിമിന്റെ സന്തതികൾ കുടിയേറിപാർത്തു. പ്രസ്തുത ഗോത്രങ്ങളിൽനിന്നുമാണ് ഇന്നത്തെ പാലസ്തീനികളുടെ പൂർവ്വ പിതാക്കന്മാരായ ഫെലിസ്ത്യർ ഉത്ഭവിച്ചത്. ആജിയൻ തീരത്തുനിന്ന് ആദ്യം ഈജിപ്തിലേക്കും അവിടെ നിന്നും ഇന്നത്തെ പാലസ്തിനിലേക്കും കുടിയേറിപാ ർത്ത വർഗ്ഗമായിരുന്നല്ലോ ഫെലിസ്ത്യർ.

***11. പൂത്ത് (വാക്യം 6)*** ആധുനിക ലിബിയയും മറ്റുമാണ്, പുരാതനകാലത്ത് പൂത്യർ എന്നറിയപ്പെട്ടിരുന്നത്.

***12. കനാനും സന്തതികളും (വാക്യം 15–19)*** പലസ്തീനികളും അതിനു ചുറ്റും പാർക്കുന്ന മിശ്രിത ജനതതികളുടെ പിതാവായിരുന്നു കനാൻ. സീദോൻ ഇന്നത്തെ ലബനോനിലെ ഒരു പട്ടണമായി മാറി.

ഹേത്തിൽ നിന്നും ഹിത്യർ ഉത്ഭവിച്ചു. യെബൂസ്യർ യെരുശലേം നിവാസികളായിതീർന്നു.

അമോര്യർ, ഗിർഗ്ഗശ്യർ, ഹിവ്യർ, അർക്ക്യർ, സീന്യർ, അർവ്വാദ്യർ, സെമാര്യർ, ഹമാത്യർ മുതലായവർ ആധുനിക പലസ്തിനിലെ സമ്മിശ്ര ജനതകളായി മാറി. കനാന്യർ എന്ന് ഇവർ പൊതുവെ അറിയപ്പെടുന്നു. ഏതായാലും, ഇസ്രായേൽ ജാതിയൊഴിച്ച് ഇന്നത്തെ ഇസ്രായേൽ, പാലസ്തീൻ, ലബനോൻ പ്രദേശങ്ങളിൽ വസിക്കുന്ന ജനതതികളുടെ പിതാക്കന്മാരായിരുന്നു കനാനും, തന്റെ സന്തതി പരമ്പരകളും.

നാം മുകളിൽ കണ്ടതുപോലെ പു രാതന കുടിയേറിപാർപ്പിന്റെ കാലയളവുകളിൽ, ആഫ്രിക്കൻഭൂഖണ്ഡത്തിന്റെ വടക്കുഭാഗത്തുള്ള ഇന്നത്തെ ഈജിപ്ത്, സുഡാൻ, ലിബിയ, അൾജീരീയ, മുതലായ ഭാഗങ്ങളിൽ പാർത്ത് പെരുകി ഇന്നത്തെ ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ മറ്റു ഭാഗങ്ങളിലേക്ക് വാസമുറപ്പിച്ച നീഗ്രോ വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ളവർ ഹാമിന്റെ സന്തതി പരമ്പരകളായി കണക്കാക്കപ്പെടുന്നു. യെമൻ, ഒമാൻ, സൗദി അറേബ്യ, കുവൈറ്റ്, ബഹറിൻ, തുടങ്ങിയ അറേബ്യൻ രാജ്യങ്ങളിലെ വംശങ്ങളിലും, ഹാമിന്റെ സന്തതികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു.

മുൻ കണ്ടതുപോലെ ഇന്നത്തെ പാലസ്തീൻ, ലബനോൻ, ജോർദ്ദാൻ, മുതലായ രാജ്യങ്ങൾ ഹാമിന്റെ വംശപരമ്പരയായി കണക്കാക്കാം.

ഉത്തര ഭാരതത്തിൽ നിന്നും തെക്കോട്ട് ആര്യന്മാരാൽ പാലയനം ചെയ്യപ്പെട്ട്, ഇന്നത്തെ തെക്കൻ ഭാരതത്തി ന്റെ ഭാഗമായിതീർന്ന ദ്രാവിഡ വർഗ്ഗങ്ങളും, ഹാമിന്റെ സന്തതി പരമ്പരയാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

അടുത്തതായി ശേമിന്റെ സന്തതി പരമ്പരകൾ ആരൊക്കെയാണ്?

***1. ഏലോം*** – പുരാതന ബാബിലോണിന്റെ കിഴക്ക് ഭാഗ ത്തായി വസിച്ച ഏലോമിന്റ സന്തതികൾ ആധുനിക ഇറാന്റെ ഭാഗമായി മാറി.

***2. അശ്ശൂർ*** – ബാബിലോണിന്റെ വടക്ക് പടിഞ്ഞാറായി വാസമുറപ്പിച്ച അശ്ശൂരിന്റെ സന്തതികൾ പുരാതന അസ്സീറിയൻ സംസ്കാരത്തിന്റെ ഭാഗമായും ആധുനിക ഇറാക്കിന്റെ ഭാഗമായുമിരിക്കുന്നു.

(തുടരും...)

# ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾവിൻ



റ്റിന്റു വിവിൻ

മനുഷ്യജീവിതത്തിൽ ഏറ്റവും ശ്രേഷ്ഠമായ കാര്യമാണ് ദൈവസാന്നിധ്യം അനുഭവിക്കുക എന്നുള്ളത്. നാം ഓരോരുത്തരും മറ്റെന്തിനേക്കാളും പ്രാധാന്യം നൽകേണ്ടതും ദൈവത്തിനാണ്. ‘ദൈവമേ നീ എന്റെ ദൈവം; അതികാലത്തെ ഞാൻ നിന്നെ അന്വേഷിക്കും. വെള്ളമില്ലാതെ ഉണങ്ങി വരണ്ട ദേശത്ത് എന്റെ ഉള്ളം നിനക്കായ് ദാഹിക്കുന്നു, എന്റെ ദേഹം നിനക്കായ് കാംക്ഷിക്കുന്നു‘ (സങ്കീ.63:1). ഭക്തൻ അതികാലത്തെ അന്വേഷിക്കേണ്ടത് ദൈവത്തിനെയാണ് എന്ന് സങ്കീർത്തനക്കാരൻ ഓർമ്മിപ്പിക്കുന്നു. ദൈവത്തെ നാം കാത്തിരിക്കുമ്പോൾ ജീവിതത്തിൽ ക്രമീകരണം അനിവാര്യമാണ്. അബ്രഹാമിലും മോശെയിലും നമുക്കത് ദർശിക്കാനാകും (ഉൽ.18:7, പുറ.3:5).

എന്നാൽ പുതിയ നിയമത്തിൽ അപ്പൊസ്തലനായ പൗലോസ് പറയുന്നു ‘ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മലകന്യകയായി ഏൽപ്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു‘ (2 കൊരി.11:2). ഈ നിശ്ചയത്തിൽ മണവാളനായ ക്രിസ്തു മണവാട്ടിയായ സഭയ്ക്ക് സ്വന്തരക്തം കൊടുത്തു എന്ന് കാണാം. സ്വന്ത രക്തം അഥവാ ജീവൻ നൽകി സമ്പാദിച്ച മണവാട്ടി ഇനി മണവാളനുള്ളതാണ്. ക്രിസ്തു വിശ്വാസിയെ സംബന്ധിച്ചടുത്തോളം, നാം ഇനി താതാങ്ങൾക്കുള്ളവരല്ല.

ഞാൻ എനിക്കുള്ളവളല്ലായെന്നും എന്നെ വിവാഹ നിശ്ചയം ചെയ്ത എന്റെ മണവാളനായ ക്രിസ്തുവിനുള്ളവനാണെന്നും ഉള്ള മനോഭാവം ഉാകാത്തിടത്തോളം എനിക്ക് ശരിയായ രീതിയിൽ ഒരുങ്ങുവാൻ കഴിയുകയില്ല. ആമോസ് പ്രവാചകൻ വിളിച്ചു പറയുന്നു ‘നിന്റെ ദൈവത്തെ എതിരേൽപ്പാൻ ഒരുങ്ങിക്കൊൾക‘ (ആമോസ് 4:12). മണവാളൻ ആകുന്ന തലയാം ക്രിസ്തു സ്വർഗ്ഗത്തിലും മണവാട്ടി അകുന്ന ശരീരമാകുന്ന സഭ ഭൂമിയിലുമാണ്. അപ്പോൾ ഇത് രണ്ടും കൂടി യോജിച്ചേ മതിയാകൂ. അതിനായി മണവാളൻ ഒരുക്കത്തോടെ തന്റെ തോഴ്മക്കാരുമായി വാദ്യഘോഷങ്ങളോടുകൂടി വരും. ഒരുങ്ങിയിരിക്കുന്ന തന്റെ മണവാട്ടിയെ ചേർക്കും.

ആകയാൽ മണവാട്ടിയായ നാം ഓരോരുത്തരുടേയും ചിന്ത മണവാളനെക്കുറിച്ചു മാത്രമായിരിക്കണം. നമ്മുടെ നിരൂപണങ്ങളിൽപോലും നിറഞ്ഞുനി ൽക്കേണ്ടത് മണവാളൻ ഇരിക്കുന്ന ഇടമായ ഉയരത്തിലെ ചിന്തകളായിരിക്കണം. നമ്മുടെ മനസിനെ ക്ഷീണപ്പെടുത്തുന്ന, കണ്ണുകളെ അരോചകപ്പെടുത്തുന്ന, ഹൃദയത്തെ വഞ്ചിക്കുന്ന പാപസ്വഭാവങ്ങളെ ജീവിതത്തിൽ നിന്നും അകറ്റി നിർത്തണം. എന്റെ വിവാഹ നിശ്ചയം കഴിഞ്ഞതാണെന്ന ബോധം നമുക്കെപ്പോഴും ഉണ്ടായിരിക്കണം. ഈ ലോകത്തിലെ ശബ്ദകോലാഹലങ്ങൾക്കിടയിലും കൊണ്ടുപോകാനായി വരുന്ന മണവാളന്റെ ശബ്ദം തിരിച്ചറിയണമെങ്കിൽ നാം സദാ സമയം ഏകാഗ്രചിത്തരായിരിക്കണം.

എവിടെയാണ് ഒരുക്കം നഷ്ടപ്പെടുന്നത്? അനുസരണക്കേടിനാൽ ദൈവവ്യവസ്ഥ ലംഘിച്ചാൽ ഒരുക്കം നഷ്ടപ്പെടും. പ്രത്യേകിച്ച് ഇന്നത്തെ കാലഘട്ടത്തിൽ ഒരുവശത്ത് മണവാളൻ ധാരാളമായി നന്മകളും അനുഗ്രഹങ്ങളും തന്നപ്പോൾ, മണവാളനെക്കുറിച്ചുള്ള അന്വേഷണം കുറഞ്ഞു പോയി. എന്നാൽ ബുദ്ധിയുള്ള 5 കന്യകമാരെപ്പോലെ വിളക്കിൽ എണ്ണ കരുതിയും വിളക്ക് കത്തിച്ചും കൊണ്ട് കാത്തിരിക്കാം. രാഷ്ട്രപതിയോ പ്രധാനമന്ത്രിയോ ഭരണകർത്താക്കളിൽ അരെങ്കിലുമോ വരുന്നു എന്നറിയുമ്പോൾ തന്നെ അതിന് മുന്നോടിയായി അവർ യാത്ര ചെയ്യുന്ന വഴികൾ, ചുറ്റുപാടുകൾ ഒക്കെ ഒരുക്കും. കാരണം അവരുടെ സന്ദർശനത്തിൽ ഒരു കുറവും ഉണ്ടാകാൻ പാടില്ല. മാനുഷികമായ ഭരണകർത്താവിന് ഇത്രത്തോളം പ്രാധാന്യം ഉണ്ടെങ്കിൽ അഖിലാണ്ഡത്തിന്റെ ഉടയവനായ ദൈവത്തെ എതിരേൽപ്പാൻ നാം എത്രത്തോളം ഒരുങ്ങി എന്നൊരു സ്വയശോധന ദിനംപ്രതി ഉണ്ടാകേണ്ടതല്ലേ ?

സാധാരണ കണ്ടുവരാറുള്ളതുപോലെ വിവാഹ ചടങ്ങുകളിൽ മണവാട്ടിയെ ഒരുക്കാറുണ്ടല്ലോ. എന്നാൽ ഇവിടെ പരിശുദ്ധാത്മാവിന്റെ സഹായത്തോടെ മണവാട്ടി തന്നെത്താൻ ഒരുങ്ങണം. ഒരുങ്ങിയില്ലെങ്കിൽ ഒരു വലിയ വില കൊടുക്കേണ്ടായി വരും. കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും കൂടെ പ്രത്യക്ഷനാകുമ്പോൾ നമ്മുടെ മണവാളനെ എതിരേൽപ്പാൻ നമുക്കൊരുങ്ങാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.


## “Instead of seeking Jesus for your needs, make Him your need.”



Jeeson C.T

If someone ever came to us asking us to list out a few of our needs, would we ask for some time to think about a few of our needs? Absolutely not! It wouldn’t take us long to list it out. Food, clothing, money, friends, happiness, education, job etc., Long is the list of our needs. We humans are constantly aware of our needs and our lives are shaped and driven by our needs. And yes, these needs are legitimate. Ofcourse we need all those things mentioned above. But the question we need to ask iswhere Jesus isplaced in our list of needs. Is it towards the end of the list, or somewhere in between, or does Jesus even have a place in that list. In most of our lives, Jesus is someone we seek when we have a troubling situation or problem. It is in times of our needs that we seek him the most. Frankly speaking, we wouldnot be seeking Jesus if we never had any problems. And that is mainly because we know Jesus only as our Saviour. Yes ofcourse He is our Saviour. He gave his life to save the whole human race. And if He showed that kind of love to gift us salvation, He is ready to take care of our present needs too. But as we get to know Him more, we’ll come to the realization that being our Saviour is not the only role Jesus has in our lives, but that He is also an amazing friend.

He can and always wants to be a constant part of our daily life. he longs for such a relationship from us. As Christians, Jesus should be our prime need and being with Him at all times and pleasing Him should be our greatest desire.For the people of this world, happiness is found in doing worldly things. But for us, happiness should be being with our Lord and Amazing friend, Jesus. We should have the deepest desire to be with Him at all times, no matter where we are, or what we do. No matter what this world has to offer us, our love for Him, should draw us nearer to Him.




Jesus should be our prime need in this life, because everything we’ll find in Him is everlasting. He is everlasting. So it is important that our list of needs starts with Jesus and our minds are constantly desperate for his companionship. Let us therefore prepare ourselves for that wonderful gift of eternal life, by learning to seek that, which is everlasting. God bless.

*“One thing I have desired of the Lord, That will I seek: That I may dwell in the house of the Lord all the days of my life, to behold the beauty of the Lord, and to inquire in His temple.”*

*Psalm 27:4*

# പതിവിനു വിപരീതമായി ഉയരുന്ന പ്രതികൂലം!



റിജോ വർഗീസ് തോമസ്

നമ്മുടെ ജീവിതത്തിൽ പലപ്പോഴും നാം ചോദിക്കുന്നതും കേൾക്കുന്നതുമായ ഒരു ചോദ്യമാണ്, 'എന്തേ പതിവിനു വിപരീതമായി നമ്മുടെ ജീവിതത്തിൽ ഇങ്ങനെ സംഭവിക്കുന്നത്?'. എപ്പോൾ നാം ദൈവത്തിനായി ജീവിതം സമർപ്പിക്കുന്നോ ആ നിമിഷം മുതൽ നാമും പിശാചുമായി ഒരു ആത്മീകയുദ്ധം ആരംഭിക്കുന്നു. കാരണം തന്റെ അൽപ്പകാലത്തെക്കുറിച്ച് ബോധ്യമുള്ള പിശാച് കഴിയുമെങ്കിൽ ദൈവപൈതന്മാരെയും തെറ്റിക്കുവാൻ ഭൂമിയിൽ ഊടാടികൊണ്ടിരിക്കുന്നു. എഫെസ്യ ലേഖനകർത്താവ് വിളിച്ചു പറയുന്നു നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, ഈ ലോകത്തിന്റെ
അന്ധകാരശക്തിയോടത്രേ ( എഫെസ്യ.6:10-12). അവന്റെ തന്ത്രങ്ങളോടു എതിർത്തു നിൽക്കാനായി ദൈവത്തിന്റെ സർവ്വായുധ വർഗ്ഗം ധരിച്ചുകൊൾക. എന്നാൽ നമ്മുടെ ജീവിതത്തിൽ ഇതുപോലെ പ്രതിസന്ധികൾ വരുമ്പോൾ ദൈവത്തിൽ ആശ്രയിക്കാതെ ഈ ലോകമനുഷ്യരെപ്പോലെ മനുഷ്യരിലും സമ്പത്തിലും ആശ്രയിച്ച് നിരാശയുടെ അഗാധഗർത്തത്തിൽ ആകുന്നവരും കാര്യസാധ്യത്തിനായി ഉപവാസവും പ്രാർത്ഥനയും ചെയ്യുന്നവരുമായതുകൊണ്ട് ഒന്നും നേടാൻ സാധിക്കുന്നില്ല. എന്നാൽ നമ്മുടെ പിതാക്കന്മാർ വിലകൊടുത്തു കാത്തു സൂക്ഷിച്ച വിശുദ്ധജീവിതവും ദൈവീക കാഴ്ചപ്പാടും മുഴുവനായി മറന്നു ഓട്ടം ഓടുന്ന വിശ്വാസിയെ 'ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾക'.

ക്രൈസ്തവ ഗോളത്തിന്റെ പരാജയം, സൃഷ്ടിച്ച ദൈവത്തേക്കാൾ വലിയതായി കടന്നുവരുന്ന പ്രശ്നങ്ങളെ കാണുകയും ദൈവശക്തിയെ ചെറുതായി കാണുന്നതുമാണ്. ആകെക്കൂടെ തട്ടിക്കൂട്ടിയ ആരാധനകാലം, ദൈവവചന വിപരീതമായ പഠിപ്പിക്കലുകളും യേശുവിന്റെ ക്രൂശുമരണത്തേക്കാൾ, പുനരുത്ഥാനത്തേക്കാൾ, ദൈവീക രക്ഷയേക്കാൾ അത്ഭുതങ്ങളുടേയും അടയാളങ്ങളുടേയും രോഗശാന്തിയുടേയും പുറകേ ഓടുന്ന ന്യൂജനറേഷൻ വിശ്വാസിയേ 'ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായി, അത് നമ്മിൽ തുടങ്ങിയാൽ ദൈവസുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? നീതിമാൻ പ്രയാസേന രക്ഷപ്രാപിക്കുന്നു എങ്കിൽ അഭക്തന്റേയും പാപിയുടേയും ഗതി എന്താകും' (1 പത്രോ.4:17,18). അങ്ങനെയെങ്കിൽ പ്രതികൂലത്തിലും പ്രയാസത്തിലും സ്വയശക്തിയിൽ ആശ്രയിക്കാതെ ദൈവവമുഖം അന്വേഷിച്ചാൽ അബ്രഹാമിനെ നടത്തിയവൻ, യിസഹാക്കിനായി കരുതിയവൻ, യാക്കോബിനെ അനുഗ്രഹിച്ചവൻ നമ്മേയും അവന്റെ കൃപയാൽ നടത്തിപരിപാലിക്കും. ജീവിതത്തിൽ പ്രതികൂലം ആഞ്ഞടിച്ചപ്പോൾ ദൈവീക ദൂതിനോടൊപ്പം അവനു വേണ്ടത് കൊടുത്തു ശക്തനായി ഏലിയാവിനെ നിലനിർത്തിയെങ്കിൽ ദൈവം നമ്മേയും സഹായിക്കും.


പതിവിന് വിപരീതമായി പ്രശ്നങ്ങൾ ഉയരുമ്പോൾ നാം ഒന്നു മനസിലാക്കണം ദൈവത്തിലാണ് നമ്മുടെ ആശ്രയം എങ്കിൽ നമ്മെ വിടുവിപ്പാൻ അവൻ ശക്തൻ. എബ്രായ ബാലന്മാരുടെ ജീവിതം നാം പഠിച്ചാൽ (ദാനിയേൽ 3-ാം അദ്ധ്യായം), അവർ ലോകക്കാർ ജീവിച്ചതുപോലെ ജീവിച്ചിരുന്നെങ്കിൽ, ഒരു നിമിഷം പാപത്തിനായി കണ്ണടച്ചുവെങ്കിൽ പതിവിന് വിപരീതമായി പ്രതികൂലം അവരുടെ ജീവിതത്തിൽ വരില്ലായിരുന്നു. പാപത്തോട് അനുരഞ്ജനം ചെയ്യാതെ ദൈവകൽപനയ്ക്കായി വിലകൊടുത്ത അവരെ ദഹിപ്പിച്ചുകളയേണ്ടതിന് ഏഴ് മടങ്ങ് വർദ്ധിപ്പിച്ച തീയുടെ മുമ്പിലും തങ്ങൾ കാത്ത വിശ്വാസത്തെ മുറുകെ പിടിച്ചു തങ്ങൾ സേവിക്കുന്ന ദൈവം ഈ പ്രതികൂലത്തിൽ നിന്ന് വിടുവിക്കും! അല്ലെങ്കിലും പാപത്തോട് സന്ധിചെയ്യില്ലായെന്ന് ഉറച്ച തീരുമാനം എടുത്ത ദൈവഭൃത്യർക്ക് മുമ്പേ തീയിൽ ഇറങ്ങി രക്ഷിച്ച ദൈവം. യോസേഫിന്റെ ജീവിതം നോക്കിയാൽ വാഗ്ദത്തം പ്രാപിച്ചവനെ തകർക്കുവാൻ പ്രതികൂലങ്ങൾ ഉയർന്നു വന്നപ്പോഴും, പാപത്തിനെ എതിർത്ത തന്റെ ജീവിതം കാരാഗൃഹത്തിന്റെ ഇരുട്ടറയിൽ ആയെങ്കിലും അവിടെനിന്നും വാഗ്ദത്ത നിവൃത്തിയിൽ എത്തിച്ചു സർവ്വശക്തൻ.

എന്റെ ഈ ലേഖനം വായിക്കുന്ന പ്രിയ സഹോദരാ സഹോദരീ...നിന്റെ ജീവിതം ജീവനുള്ള ദൈവത്തെ ആരാധിക്കുന്നതും, അവിടുത്തെ കൽപന മുറുകെ പിടിച്ചതുമൂലം പതിവിന് വിപരീതമായി പ്രതികൂലം അടിച്ചുയർന്നാലും കണ്ണിന്റെ കൃഷ്ണമണിപോലെ നമ്മെ സൂക്ഷിച്ച് നിത്യജീവന് അവകാശി അക്കുന്ന ശക്തനായവനാണ് നമ്മെ വിളിച്ചതെന്ന് ഉറയ്ക്കുക.

എന്നാൽ ചെറിയ പ്രശ്നങ്ങളിൽ പതറിപോകുന്ന സമൂഹത്തെ യിരമ്യാ പ്രവാചകൻ വിളിച്ചു ചോദിക്കുന്നു 'കാലാളുകളോടുകൂടെ ഓടിയിട്ട് ക്ഷീണിച്ചു പോയാൽ കുതിരകളോട് എങ്ങനെ മത്സരിച്ച് ഓടും ?' (യിര.12:5). ഭൗമീക ജീവിതത്തിലെ സുഖസൗകര്യങ്ങളെ ദൈവീക അനുഗ്രഹത്തിന് അടിസ്ഥാനമായി കാണാതെ ദൈവീക വ്യവസ്ഥയിലും ചട്ടത്തിലും വിളിച്ച ദൈവത്തിന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ നാം കാലടികൾ വെക്കണം. നമുക്ക് മുമ്പ് ഓട്ടം ഓടി പരാജയപ്പെട്ട വലിയൊരു കൂട്ടം ചുറ്റും നിൽക്കുമ്പോൾ നാം സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടാൻ സർവ്വശക്തൻ കൃപ ചെയ്യട്ടെ. ഈ ദിവസങ്ങളിൽ നമുക്കുണരാം, എഴുന്നേറ്റ് ദൈവരാജ്യത്തിനായി പണിയാം, കാഹളംപോലെ നമ്മുടെ ശബ്ദം ഉയർത്താം, പ്രാണപ്രിയന്റെ വരവിനായി നമ്മേത്തന്നെ ഒരുക്കാം.

'നമ്മിൽ വെളിപ്പെടാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടം സാരമില്ല' എന്ന് എണ്ണുവാൻ നമുക്ക് സാധിക്കും. നാം വിചാരിച്ചാൽ ദൈവത്തിനായി പലകാര്യങ്ങളും ചെയ്തു തീർക്കുവാൻ നമുക്ക് സാധിക്കും. എന്നാൽ ആത്മീക മയക്കത്തിൽ നിന്നും നമുക്ക് ഉണരാം. ' ഉറങ്ങുന്നവനേ മരിച്ചവരുടെ ഇടയിൽ നിന്നും എഴുന്നേൽക്ക' എന്ന ദൈവശബ്ദം കേട്ട് ഉണരുന്ന വരാകാൻ ദൈവം സഹായിക്കട്ടെ.

# മനുഷ്യാ നീ ആര്?



ബാബു
പുത്തൻ പറമ്പൻ

ഒരു പൊൻപുലരിയിൽ വിടർന്ന
നൽ പനിനീർ പുഷ്പം കണക്കെ
പാരിൽ പ്രശോഭിതരാം മാനവർക്ക്-
എന്തുള്ളൂ ലാഭം ഇഹേ എന്നോർക്കുമോ

താനെന്നഭാവം നടിച്ചിടും മാനവർ
തന്നിലേയ്ക്കൊന്നു തിരിഞ്ഞുനോക്കിയാൽ
എന്തുള്ളുഭാവം നടിച്ചിടാൻ പാരിൽ
വിട്ടൊഴിഞ്ഞല്ലയോ പോവുള്ളൂ നിശ്ചയം

നിൻ ധന മാന മഹിമകളല്ലൊം നിൻ
ഭുജ ബലത്താൽ നേടിയതാണെന്നോർത്താ-
മോദചിത്തരായ് വാണിടും വേളയിൽ
ക്ഷണിക്കാതെ വന്നെത്തിടുന്ന ഒരതിഥി-
നിന്നെയും തേടി

ചൊല്ലിടുന്നു ഒറ്റവാക്കിനാൽ അതിഥിതൻ
ആഗമനോദ്ദേശം

ആദ്യമായ് സ്വയം പരിചയപ്പെടുത്തിടാം ഞാൻ
ആരും വെറുക്കുമെൻ നാമം
മരണമെന്നാകുന്നുവല്ലോ എന്നോമനപ്പേർ

ഞെട്ടുന്നു പരിഭ്രമിച്ചീടുന്നു
ആരാണുനിന്നെ ക്ഷണിച്ചതീനേരം
എന്താണുവേണ്ടതെന്നോതിയാൽ നൽകിടാം
സേവകർ നിൽപ്പതു കണ്ടില്ലയോ

ആരും തടയില്ലയെങ്ങുമേ എന്നെ
ഏതുനേരത്തും കടന്നുപോയിടാമെനിക്ക്
കൂട്ടിനായ് വേണമെനിക്കിന്നൊരാളെ
പോരൂ നീയിന്നുകൂട്ടിനായ്ക്കൂടെ
മതി മതി വാസം നിനക്കിഹത്തിൽ

അയ്യോ എന്നുവിളിച്ചുകേഴുന്നു
ഇല്ലില്ലയെന്നു കരഞ്ഞുചൊല്ലുന്നു
നൽകൂ എനിക്കൊരൽപ്പനേരം കൂടി
രുചിച്ചില്ലല്ലോ ലോകവാസം മുഴുവനും

കൂടെ പിറന്നവർ കേണിടുന്നു
നേർച്ച കാഴ്ചകൾ നൽകിടുന്നു
എന്നിട്ടും പോവതില്ല അതിഥി ഏകനായ്
കരം ഗ്രഹിച്ചുകൊണ്ടുപോയിടുന്നു
അതിഥിതൻ ഭവനമാം ആറടിമണ്ണിൽ
ഓർക്കുമോ സോദരാ
ധന മഹിമകൾവിട്ടു പോയില്ലയോ
കൂടെപിറന്നവർ യാത്രയിലെത്ര അനുഗമിച്ചു
നിന്നെ
മൂകമാം ശ്മശാനഭൂമിയിൽ ഒരുനുള്ളുമണ്ണു-
മാത്രം നൽകി മടങ്ങിയില്ലേ-
തീരുമോ നിൻ ജീവിതം ആശവക്കല്ലറയിൽ
ഇല്ലില്ല തീരില്ല നിശ്ചയം ജീവിതം
ആരംഭമാണതെന്നോർത്തിടേണം.

## എങ്ങോ കേട്ട ശബ്ദം

ഈ ശബ്ദകോലാഹലങ്ങൾക്കിടയിലും
കേട്ടതല്ലേ ഒരുനൽസ്വരം നീ
വരിക വരിക എൻ ചാരത്തുനീ എന്ന
ആത്മനാഥൻ സ്വരം കേട്ടതല്ലേ

അന്നതു കേട്ടതായ് നടിച്ചില്ല
കേട്ടതോ ഗ്രഹിച്ചില്ല ഒട്ടുമേ നീ
പെട്ടെന്നു വന്നു ദുർഘട സമയം
സ്വയം ശപിക്കുന്നു സ്വയം പഴിക്കുന്നു

ആരാൽ ഭവിച്ചു ഇതൊക്കെയെന്നോർത്ത്
ഓടുന്നു ചൊല്ലുന്നു പ്രിയരോടൊക്കെയും
പ്രിയരോ കൈ-മലർത്തീടുന്നു കൈ ഒഴി
ഞ്ഞീടുന്നു
ഏറ്റം തളർന്നു വിവശനായ് തീരുന്നു
നിദ്രയില്ലാതെ തിരിഞ്ഞും മറിഞ്ഞും
സൽഗുരുവിൻ തിരുമൊഴി ഓതിടുമ്പോൾ
നാണം മറയ്ക്കുവാൻ ഒരുമുഴം തുണിക്കായ്
കേഴും മാനവരാശിയെ ഓർക്കുമോ നീ

സ്നേഹമാണ് ഞാനെന്നോതിയ താതൻെ
തിരുമൊഴി ഓതിടും പ്രിയസോദരരേ
ആ ദിവ്യസ്നേഹം പകർന്നീടാൻ കഴിയുമോ
മാനവരാശിക്കിന്നിഹത്തിൽ

HH Rhythm

സ്നേഹം നടിച്ചും ഭാവിച്ചുകാണിക്കും
നിന്നന്തരംഗത്തിൽ അന്ധകാരമല്ലയോ
സ്വാർത്ഥതയ്ക്കായുള്ള സ്നേഹം നടിച്ചിടു
മ്പോൾ, ഓർക്കണം കാൽവറിക്കുന്നിലെ
സ്നേഹം

എന്താണ് സ്നേഹമെന്നു നീ കണ്ടതില്ലേ
കാൽവറിക്കുന്നിൽ നീ കണ്ടതല്ലേ
കരുണാമയൻ തൻ ദിവ്യസ്നേഹം

ഏകിയില്ലേ നിനക്കായ് മുഴുവനും
ഏകിയില്ലേ തൻ തിരുവസ്ത്രം നിനക്കായ്
ചീട്ടിനാൽ കീറിയില്ലേ-
അരുമനാഥനെ പങ്കുവച്ചില്ലേ

കൊട്ടാരതുല്യമാം സൗധത്തിൽ വാണു നീ
സൽഗുരുവിൻ തിരുമൊഴി ഓതിടുമ്പോൾ
തെരുവീഥിതൻ ഓരത്തുലതലചായ്ച്ചീടും
മാനവരാശിയെ ഓർക്കുമോ നീ

ആകാശം മുട്ടുമീ ആലയങ്ങൾ
മത്സരങ്ങളാൽ തീർന്നതല്ലേ
വസിച്ചീടും നാഥനതിനുള്ളിലെന്ന്
വിശ്വസിക്കുന്നുവോ മാനവാ നീ
ഇല്ലില്ല വാസമതിനുള്ളിലെന്ന്
രണ്ടായിരം മുമ്പ് കണ്ടതില്ലേ നീ

# യൗവ്വനവും സൃഷ്ടാവും



പാസ്റ്റർ ലിജോ മാത്യു
COGFGPF Bahrain

'നിന്റെ യൗവ്വനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക'- സഭാപ്ര.12:1

ജ്ഞാനികളിൽ ജ്ഞാനിയായിരുന്ന ശലോമോൻ ജീവിതത്തിന്റെ ആരംഭദശയിൽ ദൈവത്തോട് അടുത്തു നിൽക്കുകയും ദൈവം തന്നെ ഏൽപ്പിച്ചതായ എല്ലാ ഉത്തരവാദിത്വങ്ങളും ഭംഗിയോടെ നിർവ്വഹിക്കുകയും ചെയ്തു. തന്റെ പിതാവായ ദാവീദിനോടുള്ള ദൈവത്തിന്റെ വാഗ്ദത്തം അതായത് ദൈവാലയനിർമ്മാണം ശലോമോനിൽക്കൂടി പൂർത്തീകരിക്കുവാനും ദൈവതേജസ്സ് ആലയത്തിലേക്കിറങ്ങി വരുന്നത് കണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവാനും അവന് കഴിഞ്ഞു. എന്നാൽ പിന്നീടുള്ള അവന്റെ ജീവിതം എന്നു പറയുന്നത് ലോകസ്നേഹത്തിലൂടെയായിരുന്നു. ദൈവകൽപ്പനയെ മുഖവിലയ്ക്കെടുക്കാതെ ജാതികളിൽ നിന്നുവരേയും അവൻ ഭാര്യമാരെ തിരഞ്ഞെടുത്തു. അതുമുഖാന്തരം അവന്റെ ജീവിത കാലത്തിലെ പിന്നീടുള്ള വർഷങ്ങൾ ദൈവത്തിൽ നിന്നും അകന്നു പോകുവാനിടയായി.


ദൈവം നേരിട്ട് വന്ന് അവനോട് അരുളിചെയ്തിട്ടും അന്യദേവന്മാരെ സേവിക്കുവാനും പൂജാഗിരികൾ ഉണ്ടാക്കുവാനും അതിന്റെ പ്രതിഷ്ഠ നടത്തുവാനും യാതൊരു കുറ്റബോധവുമില്ലാതെ താൻ ചെയ്യുന്നത് ശരിയാണ് എന്ന ചിന്തയോടെ ചെയ്തു. അതു കാരണം അവൻ ദൈവത്തിങ്കൽ നിന്നും അകലുവാനിടയായി, ദൈവസാനിധ്യം നഷ്ടമായി. അവന്റെ ജീവിതത്തിന്റെ അവസാന സമയമാണ് താൻ വീണ്ടും ദൈവസന്നിധിയിലേക്ക് മടങ്ങിവന്നെങ്കിലും ദൈവവുമായുള്ള ആദ്യസ്നേഹത്തിൽ എത്തിച്ചേരുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് അദ്ദേഹം 'സകലതും മായ' എന്ന് മനസിലാക്കി. പിന്നീട് യൗവ്വനക്കാരനായിരുന്നപ്പോൾ തനിക്ക് എന്തെല്ലാം ചെയ്യാമായിരുന്നു എന്നോർത്ത് പശ്ചാത്തപിക്കേണ്ടതായി വന്നു. ദൈവം കൊടുത്ത അനേക അവസരങ്ങൾ പാഴാക്കി നശിച്ചു പോകുന്നതും നാശത്തിലേക്ക് എത്തിച്ചേരുന്നതുമായ ലോക,ജഡ ചിന്തകളിൽ ഉഴന്ന് തന്റെ ജീവിതത്തെ നഷ്ടപ്പെടുത്തി. അത് ഓർത്തുകൊണ്ടാണ് തന്റെ ജീവിതത്തിന്റെ അവസാന സമയത്ത് താൻ യൗവ്വനക്കാരോട് പ്രബോധിപ്പിക്കുന്നു 'യൗവ്വനകാലത്ത് നിന്റെ സൃഷ്ടാവിനെ ഓർത്തുകൊൾക'.

ഇന്നത്തെ യൗവ്വനക്കാരെ ഏറ്റവുമധികം ബാധിക്കുന്ന വ്യാധിയാണ് പ്രലോഭനങ്ങൾ. ലോകത്തിന്റെ, ജഡത്തിന്റെ സുഖം അഥവാ സന്തോഷം അനുഭവിക്കുവാൻ ഇന്നത്തെ യുവതലമുറ വെമ്പൽ കൊള്ളുകയാണ്. തിരുവചനത്തിൽ നാം ശ്രദ്ധിക്കുമ്പോൾ ലോകസുഖം ഇഷ്ടപ്പെടുന്നവർ അഥവാ ഉല്ലാസപ്രിയർ ദരിദ്രനായിത്തീരും ( സദൃ.21:17). മിഥ്യയായ സുരക്ഷിതത്വം (യെശ.47:8,9), ആത്മീക വന്ധ്യത (ലൂക്കോ.8:14), ദുരഹങ്കാരം (ലൂക്കോ.12:19), ആത്മീക മരണം ( 1 തിമൊ.5:6) എന്നിവ സംഭവിക്കുന്നു. മാത്രവുമല്ല ഇടവിടാതെ ആഘോഷ വിരുന്നുകൾ ആഗ്രഹിക്കുന്നവരായി മാറുന്നു.

അടുത്ത പ്രലോഭനം എന്ന് പറയുന്നത് ധാരാളിത്തം ആണ്. ജ്ഞാനിയുടെ പാർപ്പിടത്തിൽ ഉള്ള വിലയേറിയ നിക്ഷേപവും തൈലവും മൂഢനായവൻ ദുർവ്യയം ചെയ്തു കളയുന്നു (സദൃ.21:20). മുടിയൻ പുത്രൻ ഇതിനൊരു നല്ല ഉദാഹരണമാണ്. അപ്പൻ അദ്ധ്വാനിച്ചുണ്ടാക്കിയ സ്വത്ത് ചോദിച്ചുമേടിച്ചുകൊണ്ട് സകലവും നശിപ്പിച്ചു കളഞ്ഞു. ധാരാളിയായി ജീവിച്ചു അവസാനം അത് അവനെ പന്നി തിന്നുന്ന വാളവരയിൽ എത്തിച്ചു. സുബോധം നഷ്ടപ്പെട്ട് അലഞ്ഞുതിരിയുന്ന അവസ്ഥയിൽ അവൻ എത്തിച്ചേർന്നു. ധാരാളിയായി ദുർവ്യയം ചെയ്യുന്ന ഈ തലമുറ മുടിയൻ പു ത്രന്റെ ചരിത്രം എപ്പോഴും ഓർക്കുന്നത് നന്നായിരിയ്ക്കും. അടുത്ത പ്രലോഭനം സ്വന്ത ഇഷ്ടപ്രകാരം നടക്കുക എന്നതാണ്. ഇങ്ങനെയുള്ളവർ അവർക്ക് എല്ലാകാര്യങ്ങളും അറിയാമെന്നും ആരും അവരെ ഒന്നും പഠിപ്പിക്കായെന്നും ചിന്തിക്കുകയും വാശിപിടിക്കുകയും ചെയ്യുന്നു. യിസ്രായേലിന്റെ നാലാമത്തെ രാജാവായ രെഹബെയാം വൃദ്ധന്മാരുടെ ആലോചനയെ തള്ളികളഞ്ഞതുകൊണ്ടാണ് യിസ്രായേൽ രണ്ടായിതീരുവാൻ കാരണമായത്. മാതാപിതാക്കന്മാരെ അനുസരിക്കുകയും നരച്ചതലയെ ബഹുമാനിക്കുകയും ചെയ്താൽ ഇന്നത്തെ യൗവനക്കാർ അനുഗ്രഹിക്കപ്പെട്ടവരായിമാറും എന്നുള്ളതിന് യാതൊരു സംശയുമില്ല.

അടുത്ത പ്രലോഭനം ലോകത്തിൽ മാത്രമല്ല സഭകളിലും ഇന്ന് കാണാൻ കഴിയുന്നതാണ്. വിശ്വാസത്തിന്റെ മുഖമുദ്രകളായ വേർപാടും വിശുദ്ധിയും തെറ്റിക്കുന്നതിൽ, ആചരിക്കാതിരിക്കുന്നതിൽ ഇന്നത്തെ ക്രിസ്തീയ തലമുറ ഒരുപാട് മുന്നിലാണ്. പിതാക്കന്മാർ ക്രിസ്തുവിനായി ഉപേക്ഷിച്ചത് യാതൊരു അറപ്പും കൂടാതെ തലമുറകൾ തിരിച്ചെടുക്കുന്നത് നമ്മുക്ക് ദർശിക്കാവുന്നതാണ്. അവരുടെ നടുവിൽ നിന്ന് പുറപ്പെട്ട് വേർപ്പെട്ടിരിപ്പീൻ എന്നുള്ളതായ ദൈവകൽപ്പനയെ അപ്പാടെ ലംഘിച്ച് ലോകത്തിന്റെ ആഗ്രഹങ്ങളും ജാതികളോടുള്ള സഹവാസവും സൗഹൃദവും കൂടി വിശ്വാസിയാണോ അവിശ്വാസിയാണോ എന്ന് തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ ഒരുപറ്റം യൗവ്വനക്കാര് മാറിയിരിക്കുന്നു. അതോർക്കുമ്പോൾ ശലോമോൻ പറഞ്ഞത് വളരെ ശരിയാണ്. ഈ നശിച്ചുപോകുന്ന ലോകത്തിൽ സൃഷ്ടാവായ ദൈവത്തെ ഓർത്തുകൊണ്ട് അവനെ സ്തുതിച്ച് ആരാധിച്ച് ഇന്നത്തെ യുവതലമുറ പ്രലോഭനങ്ങളിൽ, പിശാചിന്റെ കെണികളിൽ പെടാതെ നമ്മേയും നമ്മുടെ തലമുറകളേയും സൃഷ്ടാവിങ്കലേക്ക് ഓരോ നിമിഷവും അടുപ്പിച്ചുകൊണ്ട് അവൻ ഒരിക്കൽ ശോധന ചെയ്യുമെന്നും പ്രതിഫലം തരുന്ന ദൈവവുമാണെന്നുള്ള ചിന്ത ഉണർത്തികൊണ്ട് വിശുദ്ധിയും വേർപാടും ആചരിച്ച് ദൈവസഭയ്ക്കും കുടുംബത്തിനും മാതാപിതാക്കൾക്കും ദേശത്തിനും തിമൊഥെയോസിനെപ്പോലെ ഒരു ഉത്തമ മാതൃകയായി ജീവിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് അവസാനിപ്പിക്കുന്നു.



# HUMILITY: Has it become an antiquated virtue in our churches?



Dr. P C Abraham

(... Continued from Page 1)

Now, “He went up on the mountain and called to him those he himself wanted. They came to him. Then he appointed the twelve that they might be with him and that he might send them out to have power to heal sickness and to cast out demons.” Mark 3:13-15

With resolute determination Jesus embarked on a mission to induct the twelve to a 3- year degree course of intensive training to equip them to take over and carry on his mission after he had gone back to his Father.

Now in Mark 9 Jesus and the twelve are on their road from Galilee to Capernaum. The training has come to the final term. Just before graduation, an ugly conversation erupted and a serious argument developed among them. On arriving home, possibly Peter’s home in Capernaum, Jesus asked them: “What was it that you disputed among yourselves on the road?” Mark 9:33. But they kept silent. Their dispute was over the issue of “who would be the greatest among them”. Jesus called them for a teaching session and dropped a ‘bomb shell’ among them. The greatest shall become the least. The first shall become the last. The master shall become the servant of all.

This was then followed by an object lesson. He took a little child in his arms and said “whoever receives one of these little children in my name receives me” Mark 9:37. As the child in the arms of Jesus fully trusted him, Jesus was affirming that every believer who trusted Him is embedded in Christ. Are we all not the children held by Himas we put our trust in him? If so, are we not all brothers and sisters in Christ? Are we not needed to accept and to receive each other without discrimination?We may differ in our experience and the level of light and understanding received from the scriptures, but we have the same life within - the life of Christ among us all. That should be the basis of our treating each other that are in the body of Christ.

We have pride resident within us. Humility is alien to human DNA. Pride will never stay private and dormant all the time. Though it is buried deep into the fallen human fabric,it will burst out at the least provocation of self-esteem or ego.

***1. Pride destroys unity:*** After the dispute on the road the twelve stopped talking to each other. They were silent. A breakdown of communication has happened. It is damaging to community living. The Corinthian church had a similar problem of division and partisan spirit among the members of the church. Do we have it in our churches? Remember, we are exhorted to keep the unity of Spirit in the bond of peace. Eph. 4:3. Humble people are loved and remain loving.

***2. Pride devastates ministry:*** Pride can transform a harmonious spiritual ministry into a cacophony of fleshly activities, though claiming to be done in the name of Jesus. Quite often, the paradigm shift happens gradually and may remain unnoticed, until it shows up inflicting irreparable damages to the worshipping community. They may still going through the motions of worship and intensified spiritual activities wearing mask of spirituality. Do we have to compete among ourselves for prominence in the ministry? Do we have to be little another for us to feel elevated and respected?

***3. Pride causes loss of reward:*** Christ was highly critical about the wearing of the spiritual paraphernalia to cover up the hypocrisy of the Pharisees. Therefore, he addressed them by using sharp words. That jolted their spiritual pride. In order to exhibit their spirituality they used to blow trumpets at the road junctions to call the attention of people for them to see how much they are giving to the poor. They used to do long public prayers to impress others. They attached tassels to their robes as symbols of honor and position. They put up sad faces and throw ashes to show off their penitence and intensity of fasting. At funerals they used to tear their garments to express their sorrow over the bereaved one while their hearts remained cold and untouched by grief. According to Jesus, they already got their reward they were after- men’s accolades. Hence they needed no more reward in eternity. What a loss!

***4. Pride invites judgement:*** Jesus gave a scathing remark to those who caused another to stumble. Mark 9: 42 “Whoever causes one of these little ones who believe in me to stumble, it would be better for him if a millstone were hung around his neck and he were thrown into the sea”. All the heavens are watching how we treat each other in the body of Christ. Any mistreatment, any act of causing pain to another innocent believer, any scheme to belittle another or any other action or inaction that causes the other to stumble is a serious crime in the sight of God. The reason: Christ lives in the other. Hence it is seen as done against Christ.

***5. Pride creates exclusivity:*** John raises the flag with a question: “Master, we saw someone who did not follow us casting out demons in your name. We forbade him, because he did not follow us”. Mark 9:38. Jesus responded “He who is not against us is on our side”. They thought that they only had the exclusive right to use the name of Jesus. They were claiming superiority over the seventy the Lord sent out earlier to represent Him in the ministry. The so called elite group of twelve spelled out prohibition to probably one of those seventy who was still faithfully serving the community. Did the twelve learn anything from their class room sessions? Their spiritual pride prevented them from understanding the vital lesson on humility that Jesus was trying to teach them.

In Colossians chapter 3 Paul gives us a practical road map of how we should treat each other in the body of Christ. It is a two-rail track of Christian living that leads to pleasing God. Col.3:17 “Whatever you do in word or deed do all in the name of the Lord Jesus, giving thanks to God the Father through him”. What does the scripture say? All your actions, behavior and attitudes shall be conditioned as if you are Jesus Christ. You represent HIM and are doing them in his name. You are not to take his name in vain. Your walk and talk should not betray the character of Christ Jesus. You are representing Christ before others. You are His ambassador. Col. 3:23 “Whatever you do, do it heartily, as to the Lord and not to men”. Here, the role is reversed. All our actions shall be seasoned as if the other person you are dealing with is Jesus Christ. All believers are indwelt by the Holy Spirit. “Christ in you, the hope of glory”. Through his Spirit, Christ is resident in every believer. Therefore, what you are doing to the other person is as unto the Lord.

In short, all our actions, inactions, gestures, dealings and communications, whether they are public or private shall be guided by the golden principle “What Christ does to Christ”. This will revolutionize the chemistry of our churches; reinvigorate the fellowship within and a quantum leap in the level of our spirituality. This will happen only when we follow the example set by the Lord Jesus, for he is the supreme model of humility.

HH Studio



***The Full Gospel Church of Suvartha Bahrain honoured Meril Ann John, First Rank Holder in BFA from Raja Ravi Varma College, Mavelikkara and First Rank Holder in MFA (Master Degree of Fine Arts) from RLV college, Tripunitura***

# BIBLE QUIZ




Jijo Angamaly

1. ഒരേ വിഷയത്തിനുവേണ്ടി മൂന്ന് പ്രാവിശ്യം പ്രാർത്ഥിച്ചവനാണ് പൗലോസ്.
   എന്നാൽ ഒരേ വിഷയത്തിനുവേണ്ടി ആറു പ്രാവിശ്യം പ്രാർത്ഥിച്ച വ്യക്തിയാര് ?
2. മോശൈക ഗ്രന്ഥങ്ങളിൽ ഒരേ പേരുള്ള ഭാര്യമാരുടെ ഭർത്തൃപദം അലങ്കരിച്ച രണ്ടുപേരുണ്ട്. ആരാണീ ഭർത്താക്കന്മാർ ?
3. സ്വന്തം സഹോദരിയുടെ പേര് മകൾക്ക് നൽകിയതാര് ?
4. ദൈവവചനം തീയിലിട്ടത് യെഹോയാക്കിം. എന്നാൽ ദൈവവചനം വെള്ളത്തിലിട്ടതാര് ?
5. ശീതകാലത്ത് നടത്തപ്പെട്ട ഉത്സവമേത് ?
6. 102 പേരെ ദഹിപ്പിച്ച് കൊന്നതാര് ?
7. 'മർത്യനെ ഓർക്കേണ്ടതിന് അവൻ എന്ത്' എന്ന് ചോദിച്ചത് ദാവീദ്.
   'മർത്യനെ ഗണ്യമാക്കേണ്ടതിന് അവൻ എന്തുള്ളു' എന്ന് ചോദിച്ചതാര് ?
8. മറുരൂപമലയെ 'വിശുദ്ധ പർവ്വതം' എന്ന് വിശേഷിപ്പിച്ച എഴുത്തുകാരനാര് ?
9. പഴയ നിയമത്തിൽ വാക്സാമർത്ഥ്യമില്ലാത്തവനെന്ന് ഏറ്റ് പറഞ്ഞത് മോശെ.
   അതുപോലെ വാക്സാമർത്ഥ്യമില്ലാത്തവനെന്ന് ഏറ്റ് പറഞ്ഞ പുതിയ നിയമ കഥാപാത്രം ആര് ?
10. പഴയ നിയമ കനാൻദേശത്ത് പിറന്ന് വീണ പുതിയ നിയമ കഥാപാത്രം ആര് ?

---

1. Paul is the one who prayed 3 times for the same subject matter.
   But who prayed 6 times for another subject matter?
2. Two persons in the Pentateuch had wives with the same names. Who are they?
3. Name the person who had a daughter with the same name of his own sister?
4. Jehoiakim is the one who threw the Word of God into the fire.
   Name the person who threw the Word of God into the water?
5. Name the festival celebrated during the winter season?
6. Name the person who burned 102 people with fire?
7. David is the one who asked "What is man that You are mindful of him?".
   Name the person who asked "What is man, that you should exalt him?"
8. Who described the 'mount of transfiguration' as a 'holy mount'?
9. "I am not eloquent" is the confession of Moses in the Old Testament.
   Name the New Testament character who confessed "I am untrained in speech"
10. Name the New Testament person who was born in the Old Testament Canaan?

## ശരി ഉത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളായവർ

(Issue 3)



ബൈബിൾ ക്വിസ്
*ബ്ലെസി ലിജോ (മനാമ ബ്രദറൻ അസംബ്ലി)*



Puzzle: Sherin John Varghese
*(IPC Hebron)*

# PUZZLE

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| A | K | Y | U | W | T | R | M | A | I | T |
| O | | | | | | | | | | P |
| W | | | | | | | | | | H |
| L | | | | | | | | | | O |
| A | | | | | | | | | | A |
| N | | | | | | | | | | F |
| S | | | | | | | | | | G |
| U | | | | | | | | | | O |
| N | | | | | | | | | | A |
| O | | | | | | | | | | L |
| R | | | | | | | | | | S |
| B | | | | | | | | | | I |
| U | | | | | | | | | | O |
| C | | | | | | | | | | E |
| T | | | | | | | | | | F |
| R | | | | | | | | | | R |
| R | | | | | | | | | | T |
| Y | E | T | W | E | S | I | N | D | A | S |

A verse from Proverbs is hidden in this shape.

It's taken from NKJV

To find it, you'll need to start at the correct letter.

Then read every second letter, going in the clockwise direction.

**E-mail : hhgulfnews@gmail.com**
**Whatsapp : 00973 38383399**

## ശരി ഉത്തരങ്ങൾ

Issue #3, June 2017

### ബൈബിൾ ക്വിസ്

1. യാവാൻ
   Gene.10:4 - JAVAN
2. 127
   Gene.23:1; 11:32 - 127
3. ദാവീദ്
   1 Chro 2:16,17; 3:1 - DAVID
4. ബേത്ത്ശേമെശ്യർ
   1 Sam.6:20
   MEN OF BETH SHEMESH
5. ആഹാബ്
   2 Chro.18:5 - AHAB
6. എഫ്രയീം
   Hosea 13:1 - EPHRAIM
7. വിധവ
   1 Timo.5:9 - WIDOW
8. കയ്യഫാവ്
   John 11:49-51 - CAIAPHAS
9. സെഖര്യാവ്
   Zech.6:11 - ZECHARIAH
10. സത്യം
    Pro.23:23- Truth

### Puzzle

1. **Hairy tat - Thyatira**
2. **Cola idea - Laodicea**
3. **Babes here? - Beersheba**
4. **Space idol - Decapolis**
5. **Hen vine - Nineveh**
6. **Heap hid a pill - Philadelphia**
7. **To China! - Antioch**
8. **Omit as a poem - Mesopotamia**
9. **Manure cap – Capernaum**
10. **I'm a Sara – Samaria**

ബൈബിൾ ക്വിസിനും
പസിലിനും
വെവ്വേറെ സമ്മാനങ്ങൾ
ശരിയുത്തരമയക്കുന്ന
എല്ലാവർക്കും
*HH Appreciation Certificate*

## ബൈബിൾ ക്വിസിനും പസിലിനും ശരിയുത്തരം അയച്ചവർ

Issue 3

1. സിന്ധു ജോഷി, ബഹ്റിൻ ചർച്ച് ഓഫ് ലിവിംഗ് ഗോഡ്
2. ജോൻസി അനിൽ, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
3. ജോൻസി വെസ്ലി, ഐപിസി കുവൈറ്റ്
4. വിൽസൺ തങ്കച്ചൻ, ഐപിസി ബെഥേൽ
5. അക്സാ മേരി ബിജു, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
6. അബിയാ മിരിയം ബിജു, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
7. മഞ്ചു നെവിൻ, ഐപിസി ബെഥേൽ
8. ജോളി ബിജു, ഐപിസി കൊല്ലം
9. ലിസി വർഗീസ്, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
10. മിനി ഡാനിയേൽ, റിവൈവൽ ഫെല്ലോഷിപ്പ് ചർച്ച്
11. ബ്ലെസി ലിജോ, മനാമ ബ്രദറൺ അസംബ്ലി
12. ലിറ്റി ഷിബു, മനാമ ബ്രദറൺ അസംബ്ലി
13. ജോഷി തോമസ്, ദൈവവചന കൂട്ടായ്മ
14. തങ്കച്ചൻ വി.എം, മനാമ ബ്രദറൺ അസംബ്ലി
15. ജെസി ജേക്കബ്, അസംബ്ലി ഓഫ് ഗോഡ് ചർച്ച്
16. വർഗീസ് ഡാനിയേൽ(പ്രകാശ്), ഐപിസി ബെഥേൽ
17. സുനി എസ്.സുകു, ഐപിസി ബഹ്റിൻ തമിഴ് ചർച്ച്
18. ജിഷാ വിവേക്, ഐപിസി ഹെബ്രോൻ
19. ജാൻസി ജെറിൻസ്, ഇമ്മാനുവേൽ ഐപിസി
20. സുബി ലിജോ മാത്യു, ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ്
21. ആനി ജോൺസൺ, മനാമ ബ്രദറൺ അസംബ്ലി
22. ആലിസ് ജോർജ് ദ ഫുൾ ഗോസ്പൽ ചർച്ച് ഓഫ് സുവാർത്ത
23. ബിൻസി ഷാരോൻ, കനാൻ ഗോസ്പൽ മിനിസ്ട്രീസ്
24. ഗിഫ്റ്റി ആൻ ജിബി, ഐപിസി ബെഥേൽ
25. മെറ്റി ഷിബു, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
26. സാലി സജി, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
27. പ്രീതി ബിനിൽ, റിവൈവൽ ഫെല്ലോഷിപ്പ് ചർച്ച്
28. ബെനിസൺ ബ്ലെസൺ, ഇൻഡ്യൻ റിവൈവൽ അസംബ്ലി
29. ബെറ്റി ബാബു, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
30. റീനാമോൾ ചാക്കോ, ബ്രദറൺ അസംബ്ലി മജ്‌ലിസ്
31. സിനി ഡിപിൻ, റിവൈവൽ ഫെല്ലോഷിപ്പ് ചർച്ച്
32. ബിന്ദു ജോൺസൺ, ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ്
33. ആനി എബ്രഹാം, ഇമ്മാനുവേൽ ഐപിസി
34. ലിൻസി രൂപേഷ്, ബെഥേൽ ചർച്ച്
35. മേരി ഫ്രാൻസിസ്, ഇമ്മാനുവേൽ ഐപിസി
36. റിൻസി ഗ്രേസി, ശാരോൻ ഫെല്ലോഷിപ്പ് ചർച്ച്
37. അമ്പിളി തോമസ്, ഐപിസി ബേഥെസ്ദാ

*ശരിയുത്തരമയച്ചവർക്കുള്ള സർട്ടിഫിക്കറ്റുകൾ അതാത് സഭകളിൽ എത്തിക്കുന്നതാണ്.

## ബൈബിൾ ക്വിസിന് മാത്രം ശരിയുത്തരം അയച്ചവർ

1. ഏയ്ഞ്ചൽ ബിനു, രെഹബോത്ത് റിവൈവൽ ചർച്ച്
2. അനിതാ റോയി, ക്രൈസ്റ്റ് ചർച്ച് ഇന്റർനാഷണൽ
3. സബിതാ സുജിത്ത്, ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ, ന്യൂഡെൽഹി
4. ജോജു എസ് ഡി, മുഖറഖ് പ്രയർ ഗ്രൂപ്പ്
5. ഷൈനി ഷിബു, ഗഫൂൽ ബ്രദറൻ അസംബ്ലി



ക്വിസ് മാസ്റ്റർ ജിജോ അങ്കമാലി 3-ാം ലക്കത്തിലെ വിജയികളെ തിരഞ്ഞെടുക്കുന്നു

## Puzzle-those who sent correct answers

1.Anna Susan Joby, Rehoboth Revival Church
2.Hesphsiba Ann Roy, Christ Church International
3.Helen Grace Roy, Christ Church International
4.Shiny Evi, Bethel Church
5.Christina Merin Thomas, Bahrain Church of Living God
6.Grace Biju George, Bethel Church
7.Jacob Kurien, Church of Bahrain
8.Thomas Chacko, Revival Fellowship Church
9.Susan Siby, IPC Bethel
10.Aneeta Thomas, Assembly of God
11.Job.M.Reji, Assembly of God
12.Esther Elssa Ani, Immanuel IPC
13.Annie Pappachan, Immanuel IPC
14.Mini Shaji, Bethel Church
15.Alan Ani Abraham, Immanuel IPC
16.Robin Johnson, Church of God Full Gospel Prayer Fellowship
17.Schweitzer Paul, Sharon Fellowship Church
18.Amanda Grace Paul, Sharon Fellowship Church
19.Ruby Sara Varghese, Sharon Fellowship Church
20.Angel Vinod, IPC Bahrain
21.Blessy Vinod, IPC Bahrain
22.Abel Vinod, IPC Bahrain
23.Susan Biju Varghese, Philadelphia Church
24.Emmanual Jis, Bahrain Church of Living God
25.Irene Saji Mark, Assembly of God
26.Shyna Madhu, IPC Bahrain
27.Irene Ann Thomas, Bethesda IPC
28. Elsy Thomas, Assembly of God Church
29. Sherin John Varghese, IPC Hebron
30. Prabha Biju, IPC Bethel
31. Rijin Joel Biju, Church of Philadelphia
32. Asha Joelal, IPC Bethel
33. Rufus Babu George, Sharon Fellowship Church
34. Catherine Jisna, Bahrain Church of Living God
35. Robin Johnson Varghese, Church of God Full Gospel Prayer Fellowship
36. Sofy Jacob, Church of God Full Gospel Prayer Fellowship
37. Sam Tom, Church of God Full Gospel Prayer Fellowship
38. Judith Franko, Gilgal Church of God
39. Anita Ann John, Sharon Fellowship Church
40. Nissy Saju, IPC Bahrain
41. Saju Mathew, IPC Bahrain
42. Jolly John Varughese, IPC Hebron
43. Shyna Madhu, IPC Bahrain
44. Rooth Jeejie Francis, Sharon Fellowship Church
45. Ann Thankam Jacob, Manama Brethren Assembly
46. Achsah Yacob, Assembly of God Church
47. Arya Anil, Sharon Fellowship Church
48. Peninnah Mariam Shibu, Gafool Brethren Assembly
49. Samuel Abraham Sunny, IPC Bahrain

### ബൈബിൾ ക്വിസ്/പസിൽ നിബന്ധനകൾ

1. ബൈബിൾ ക്വിസ്/പസിൽ സംബന്ധിച്ച് അന്തിമ തീരുമാനങ്ങൾ മാസ്റ്ററിൽ നിക്ഷിപ്തമായിരിക്കും | 2. ഏത് പ്രായക്കാർക്കും പങ്കെടുക്കാവുന്നതാണ്
3. എല്ലാ മാസവും 20-ാം തീയതിക്ക് മുമ്പ് ഉത്തരങ്ങൾ അയക്കുക | 4. ഉത്തരങ്ങൾ ഈമെയിലിലോ വാട്സാപ്പിലോ അയക്കാവുന്നതാണ്
5. **ഉത്തരങ്ങൾ അയക്കുന്നവർ പേര്, ഫോട്ടോ, ഉൾപ്പെട്ട് നിൽക്കുന്ന കൂട്ടായ്മ, കോൺടാക്ട് നമ്പർ എന്നിവ കൃത്യമായി എഴുതുക.**
6. ഒന്നിലധികം ശരിയുത്തരങ്ങൾ ഉണ്ടായാൽ നറുക്കെടുപ്പിലൂടെ വിജയിയെ കണ്ടെത്തുന്നതായിരിക്കും
7. ശരിയുത്തരം അയച്ചവരുടെ പേരുകളും വിജയിയുടെ ഫോട്ടോ ഉൾപ്പെടെ ഓരോ ലക്കത്തിലും അറിയിക്കുന്നതാണ്
8. വിജയിക്ക് ആകർഷകമായ സമ്മാനം നൽകുന്നതാണ്
9. പൂർണമല്ലാത്ത ഉത്തരങ്ങൾ പരിഗണിക്കുന്നതല്ല
10. ബൈബിൾ ക്വിസിന്റെ ഉത്തരങ്ങൾ റഫറൻസ് ഉൾപ്പെടെ അയക്കണം
11. ബൈബിൾ ക്വിസിനും പസിലിനും വെവ്വേറെ സമ്മാനങ്ങൾ നൽകുന്നതാണ്.
12. ശരിയുത്തരമയക്കുന്ന എല്ലാവർക്കും *HH Appreciation Certificate* ലഭിക്കുന്നതാണ്

HH Studio



ഹലോ ഹോപ്പ് 2-ാം ലക്കം ബൈബിൾ ക്വിസ് വിജയി ***നിൻസി പ്രവീണിന്*** *(ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ പ്രയർ ഫെല്ലോഷിപ്പ്)* സമ്മാനം നൽകുന്നു. ഇടത്തു നിന്ന്: *രാജീവ് സ്റ്റുവർട്ട്, പാസ്റ്റർ ലിജോ മാത്യു,* നിൻസി പ്രവീൺ, ചെറിയാൻ മാത്യൂസ്



ഹലോ ഹോപ്പ് 2-ാം ലക്കം പസിൽ വിജയി ***പ്രീതി ബിനിലിന്*** *(റിവൈവൽ ചർച്ച് ഓഫ് ബഹറിൻ)* സമ്മാനം നൽകുന്നു. ഇടത്തു നിന്ന്: *രാജീവ് സ്റ്റുവർട്ട്,* പ്രീതി ബിനിൽ, ചെറിയാൻ മാത്യൂസ്,

# യേശുക്രിസ്തുവിന്റെ രക്തത്തിലുള്ള ആത്മീക അധികാരം



പാസ്റ്റർ
തോമസ് വർഗ്ഗീസ്
(കോയമ്പത്തൂർ)

ഗുണകരമായി സംസാരിക്കുന്ന കുഞ്ഞാടിന്റെ രക്തം ഇന്നും ക്രിസ്തുവിന്റെ രക്തം എന്തിനായി നിലവിളിക്കുന്നു(യെശ.53:5, വെളി.12:11, ഉൽ.4:10, എബ്രാ.12:24).

നിഷ്കളങ്കമായ രക്തം ചൊരിയുമ്പോഴത് സംസാരിക്കും. സഹോദരനെ കൊന്ന കയീനോട് ദൈവം ചോദിച്ചു ‘ നിന്റെ അനുജന്റെ രക്തത്തിന്റെ ശബ്ദം എന്നോട് നിലവിളിക്കുന്നു‘(ഉൽ.4:10). ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹ രക്തം(എബ്രാ.12:24). അപ്പോൾ നിഷ്കങ്കമായ രക്തം സംസാരിക്കും, അത് നിലവിളിക്കും. ‘നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ നിഷ്കങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം(എബ്രാ.9:14) എത്ര അധികമായി സംസാരിക്കുകയും നിലവിളിക്കുകയും ചെയ്യും.

ഒരു മനുഷ്യന് ദൈവം കൊടുത്ത ആയുസിന്റെ പൂർണ്ണകാലാവധി ജീവിക്കുവാൻ അനുവദിക്കാതെ ദാരുണമായി കൊല ചെയ്യപ്പെടുന്ന അവസ്ഥ. ഒരാളുടെ ശരീരത്തിൽ നിന്ന് രക്തം വാർന്നൊഴുകി ഇഞ്ചിഞ്ചായി മരിക്കുമ്പോൾ ആ ഭീകര മരണം ഒരു നിലവിളിയായി ദൈവസന്നിധിയിൽ എത്തുന്നു. ഒരു ജീവനെ അപ്രകാരം നശിപ്പിച്ചുകളഞ്ഞവനെതിരെ എടുക്കേണ്ട നടപടികൾക്കായുള്ള ഒരു യാചനയാണത്. രക്തത്തിൽ ജീവൻ അടങ്ങിയിരിക്കുന്നു. ഒരാൾ അകാരണമായി കൊല ചെയ്യപ്പെടുമ്പോൾ ആ രക്തം വീഴുന്ന ഭൂമിപോലും ശാപഗ്രസ്തമാകുന്നു. യേശുക്രിസ്തുവിന്റെ രക്തം ഇന്ന് എന്താണ് നിലവിളിക്കുന്നത്. എന്തിനുവേണ്ടി സംസാരിക്കുന്നു ?

*1. അത് മാപ്പിനുവേണ്ടി നിലവിളിക്കുന്നു(ലൂക്കോ.23:34).‘പിതാവേ ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കണമേ എന്ന് യേശു പറഞ്ഞു‘.*

നമ്മുടെ പാപപ്രവർത്തികൾ ക്ഷമിക്കുവാൻ മാത്രമല്ല, നമ്മുടെ പാപസ്വഭാവത്തേയും ക്ഷമിക്കുവാൻ ദൈവത്തോട് നിലവിളിക്കുന്നു. ‘അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റു നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു‘(യെശ.53:5). അകൃത്യങ്ങളും അതിക്രമവും രാണ്. യിസ്രായേലിലെ ഒന്നാമത്തെ രാജാവായ ശൗൽ മരിക്കേണ്ടിവന്നത് യഹോവയോട് ചെയ്ത അതിക്രമങ്ങൾ മൂലമാണ്(1 ദിന.10:13). നമ്മുടെ ആന്തരിക താൽപ്പര്യമാണ് നമ്മെ ഇതിന് പ്രേരിപ്പിക്കുന്നത്. എന്നാൽ നമ്മുടെ അകൃത്യങ്ങൾക്കും അതിക്രമങ്ങൾക്കും വേണ്ടി ക്രിസ്തു രക്തം ചിന്തി.

*2. നമ്മുടെ ആത്മാവിൻറെ സമാധാനത്തിനായി ക്രിസ്തുയേശുവിന്റെ രക്തം നിലവിളിക്കുന്നു(യോഹ.14:27)*

നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേലായി – യെശ.53:5. നമ്മുടെ അന്തരാത്മാവിന്റെ സമാധാനത്തെ നഷ്ടപ്പെടുത്തി നമ്മെ നിരാശയിലേക്കും അസ്വസ്ഥതയിലേക്കും വലിച്ചെറിയുന്ന എല്ലാത്തിന്റേയും വേദന അവൻ വഹിച്ചു, രക്തം ചൊരിഞ്ഞു. മറ്റൊരു ബലികൊണ്ടും ഒരിക്കലും ലഭിക്കാത്ത ആത്മാവിന്റെ സമാധാനം കർത്താവിന്റെ രക്തത്താൽ നമുക്ക് ലഭിച്ചു.

*3. നമ്മുടെ വേദനകളുടെ ആശ്വാസത്തിനായി യേശുവിന്റെ രക്തം നിലവിളിക്കുന്നു(യെശ.53:4)*

കർത്താവ് നമ്മുടെ ദുഃഖങ്ങളുടെ വേദനയാണ് കാൽവറിയിൽ വഹിച്ചത്. നമുക്ക് ആശ്വാസം നൽകുവാൻ അവിടുന്ന് നമ്മുടെ വേദനകളെ ചുമന്നുവെന്ന് തിരുവെഴുത്ത് പറയുന്നു. നമുക്ക് ആശ്വാസം നൽകുവാൻ സർവ്വാശ്വാസകനായ അവിടുന്ന് കാൽവറിയിൽ രക്തം ചിന്തി ജീവൻ ബലിയായി നൽകി. ഏകാന്തതയിൽ നിന്നുള്ള ആശ്വാസം, നിരാശയിൽ നിന്നുള്ള ആശ്വാസം, മരണത്തിൽ നിന്നുള്ള ആശ്വാസം, വേർപാടിൽ നിന്നുള്ള ആശ്വാസം.

*4. നമ്മുടെ സന്തോഷത്തിനായി ക്രിസ്തുവിന്റെ രക്തം നിലവിളിക്കുന്നു(യോഹ.17:13, 15:11)*

ആന്തരിക സൗഖ്യം ലഭിച്ച ഒരു വ്യക്തിക്ക് ആന്തരിക സൗന്ദര്യം ഉണ്ടായിരിക്കും. ക്രിസ്തുവിന്റെ രക്തത്താൽ കഴുകപ്പെടുമ്പോൾ ഒരാൾക് ലഭിക്കുന്നത് അത്ഭുതവും അതിശയകരവുമായ ഒരു വിടുതലാണ് ആന്തരീക സൗഖ്യം. അങ്ങനെയുള്ള ഒരാൾക്ക് കർത്താവിന്റെ സ്വർഗ്ഗീയ ദൈവീക ദിവ്യ സമാധാനവും സന്തോഷവും ലഭിക്കുന്നു. ലോകത്തിന് തരാൻ കഴിയാത്തതും എടുത്തുകളയുവാൻ കഴിയാത്തതുമായ സന്തോഷത്താൽ നമ്മുടെ ഹൃദയങ്ങളേയും നിനവുകളേയും ദൈവം നിറക്കും. ‘എന്റെ സന്തോഷം നിങ്ങളിൽ ഇരിക്കുവാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും‘ എന്ന് കർത്താവ് അരുളിചെയ്തിരിക്കുന്നു. ദുഃഖവും മുറവിളിയും കണ്ണുനീരും കരച്ചിലും വേദനയും നിറഞ്ഞ ലോകത്ത് മനുഷ്യരാശിക്ക് സന്തോഷവും സമാധാനവും നൽകുന്നതാണ് ക്രിസ്തുവിന്റെ രക്തം.

(തുടരും...)

# വളരുകയോ തളരുകയോ?



മെഴ്സി മാത്യു

മറക്കാനാവാത്ത ഓർമ്മകൾ കാഴ്ചവെച്ച്, തീരാത്ത ദുഃഖങ്ങൾ സമ്മാനിച്ച്, ഒരിക്കലും മടങ്ങി വരാത്ത ദിവസങ്ങൾ, മാസങ്ങൾ നമ്മെ വിട്ടു കടന്നുപോയി. ഇന്നലയുടെ സുഖദുഃഖങ്ങൾ, ജയപരാജയങ്ങൾ നമുക്ക് സമ്മാനിച്ച പാഠങ്ങൾ നാളയുടെ പടികൾ ചവിട്ടി കയറുവാൻ നമ്മെ സഹായിക്കട്ടെ.

തുടർന്ന് വരുന്ന ദിനങ്ങൾ നാം ആഗ്രഹിക്കുന്ന സന്തോഷത്തിന്റെ ദിനങ്ങളാകണമെന്നില്ല. അനേകം വെല്ലുവിളികളെ നേരിടേണ്ടി വന്നേക്കാം. പ്രതീക്ഷകൾക്ക് മങ്ങലേറ്റുന്ന വരാം. സകലതും അസ്തമിച്ചു എന്നും തോന്നാം...തളരരുത്. ഒരു രാത്രി കഴിയുമ്പോൾ ഒരു പകൽ ആഗതമാകുന്നു. രാത്രിയുടെ ഇരുട്ട് എത്രമാത്രം ശക്തമായാലും അതിനപ്പുറം ഇതാ ഉദിച്ചുയരുന്ന സൂര്യൻ ശക്തമായ വെളിച്ചവുമായി കടന്നു വരുന്നു, ഇരുട്ട് മാറിപ്പോകുന്നു.

അന്ധകാരത്തിൽ കിടന്ന നമ്മെ നീതി സൂര്യനായ ക്രിസ്തു, അമ്മയുടെ ഉദരത്തിൽ നാം പിണ്ഡാകാരമായിരുന്നപ്പോൾ കണ്ടു. ഓമനപ്പേർ ചൊല്ലി വിളിച്ചു. ഒരുനാളും കൈവിടുകയില്ല, ഉപേക്ഷിക്കയുമില്ലെന്ന് വാക്ക് തന്നു. നാം തളർന്നു പോകുമ്പോൾ ചുമലിലേറ്റി നമ്മെ വഴി നടത്തുന്ന എത്ര നല്ല ഇടയനാണ് ഈ ദൈവം.

‘നീതിമാൻ ലെബാനോനിലെ ദേവദാരുപോലെ വളരും‘ ( സങ്കീ.92:12). ലെബാനോനിലെ ദേവദാരുക്കൾക്ക് നൂറ്റാണ്ടുകളുടെ സാക്ഷ്യം പറയാനുണ്ട്. ലെബാനോൻ വനങ്ങളിലേക്ക് ആഞ്ഞടിക്കുന്ന ഉഷ്ണകാറ്റുകളുടേയും, ശീതകാറ്റുകളുടേയും അതിപ്രഹരത്താൽ നിരവധി പാഴ് മരങ്ങൾ തളരുന്നതും നിലംപരിചാകുന്നതും ഞങ്ങൾ കണ്ടിട്ട്. ഈ കാറ്റുകൾ ഞങ്ങളുടെ നേർക്കും ആഞ്ഞടിച്ചു വെങ്കിലും തകർക്കുവാൻ കഴിഞ്ഞില്ല. പകരം ഞങ്ങൾ ശക്തരായി വളർച്ച പ്രാപിച്ചു ഇന്നും തലയുയർത്തി നിൽക്കുന്നു.

നമ്മുടെ ഈ ലോകജീവിതത്തിലും ശക്തമായ വിവിധങ്ങളായ പ്രതികൂല കാറ്റുകൾ ആഞ്ഞടിക്കാം. പലരും തളർന്നു പോകുമ്പോൾ ഒരു ദൈവപൈതൽ തളരാതെ പതറാതെ പ്രലോഭനങ്ങളിൽ വഴുതിപ്പോകാതെ സ്ഥിരമാനസൻ ആയിരിയ്ക്കും. പാറമേൽ അടിസ്ഥാനമിട്ട വീടുപണിത ബുദ്ധിയുള്ള മനുഷ്യനോട് സമനാണ്. ഭക്തനായ സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ ജീവിതത്തിലേക്ക് ആഞ്ഞടിച്ച പടുകൂറ്റൻ കൊടുങ്കാറ്റുകൾക്ക് തന്നെ തകർക്കുവാൻ കഴിഞ്ഞില്ല. സാമ്പത്തിക തകർച്ച, ഓമന മകന്റെ വേർപാട്, പ്രശ്നങ്ങൾ ഒന്നിന് പുറകേ ഒന്നായി ആഞ്ഞടിച്ചു. അൽപ്പം ആശ്വാസത്തിനായി ആഗ്രഹിച്ചു. എന്നാൽ പലരും കണ്ടിട്ടും കാണാത്തതുപോലെ പോയി. മറ്റുചിലർ വ്യസനിപ്പിക്കുന്ന ആശ്വാസകന്മാരായി മാറി. സഹായ ഹസ്തങ്ങൾ അകന്നു, ഭക്തൻ തളർന്നില്ല. ഇന്നും അനേകർ പാടി ആശ്വസിക്കുന്ന മനോഹരങ്ങളായ പാട്ടുകൾക്ക് രൂപം കൊടുക്കുവാൻ, ഒരു പടികൂടി വളരുവാൻ ഓരോ പ്രതികൂലങ്ങളും ആ ഭക്തനെ സഹായിച്ചു. ഇന്ന് കണ്ട് നാളെ വാടിപോകുന്ന പൂക്കൾക്ക് തുല്യരായ മനുഷ്യരുടെ വാക്കുകൾക്ക് മുമ്പിൽ നാം തളരുകയോ ?

വിശുദ്ധവേദപുസ്തകത്തിലേക്ക് നോക്കാം...യിസ്രായേൽ രാജാവായ ആഹാബിനോട് ശക്തമായ ദൂത് അറിയിച്ച ശക്തനായ പ്രവാചകനാണ് ഏലിയാവ്. ഒറ്റ പ്രാർത്ഥനയാൽ യഹോവയുടെ തീ ഇറക്കിയ പ്രവാചകൻ. ഇതാ ഇസബേലിന്റെ ഒറ്റവാക്കിനു മുമ്പിൽ തളർന്നവനായി മരണം ഇച്ഛിച്ച് ചൂരച്ചെടിയുടെ തണലിൽ തളർന്നു കിടക്കുന്നു. എന്നാൽ തളർന്നവനായ പ്രവാചകനെ ദൈവം ഉപേക്ഷിച്ചില്ല. തളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് ദൈവം നടത്തി.

പ്രതികൂലങ്ങൾ ജീവിതമാകുന്ന പടകിന്മേൽ ആഞ്ഞടിക്കുമ്പോൾ സകലതും അസ്തമിച്ചുയെന്ന് തോന്നാം. ആശ്വാസത്തിന്റെ വാക്ക് കേട്ടില്ലെന്ന് വരാം, തളരരുത്. വേഴാമ്പൽ മഴയ്ക്കായി ദാഹിക്കുന്നതുപോലെ ഉയരത്തിലേക്ക് നോക്കാം. അരുമനാഥനെ ശ്രദ്ധിച്ചു നോക്കാം. നിന്ദിക്കപ്പെട്ടവനായി ത്യജിക്കപ്പെട്ടവനായി സകലത്തിനും മാതൃകയാക്കാവുന്ന നമ്മുടെ കർത്താവിനെ നോക്കാം. ദൈവവചനത്താലും പരിശുദ്ധാത്മാവിന്റെ അത്യന്ത ശക്തിയാലും ശക്തരാകാം. സകലത്തിന്മേലും ജയിച്ചു ജയാളിയായ ശക്തനായ യോദ്ധാവിന്റെ പ്രിയ മക്കളായ നാം തളരാതെ ക്രിസ്തുവിൽ വളരാം. ദേവദാരുക്കളെ മുറിയ്ക്കുമ്പോൾ അവയിൽ നിന്നും വീശുന്നത് സുഗന്ധം ആണ്. നമ്മെ നിന്ദിയ്ക്കുമ്പോൾ വാക്കുകളാൽ മുറിവേൽപ്പിയ്ക്കുമ്പോൾ നമ്മെക്കുറിച്ച് എല്ലാ തിന്മയും കളവായി പറയുമ്പോൾ സന്തോഷിക്കുവാൻ ഇടയാകട്ടെ. നമ്മുടെ നാവിൽകൂടി സ്തോത്രങ്ങൾ പുറത്തു വരട്ടെ. ക്രിസ്തുവിന്റെ സ്വഭാവം നമ്മിൽക്കൂടി പ്രതിഫലിക്കട്ടെ.

ആയതിനാൽ തളരാതെ ഓടാം...തളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് നീങ്ങാം...പരാജയത്തിൽ നിന്നും ജയത്തിലേക്ക് ഉയരാം.

# ദേശങ്ങൾക്കായി



തയ്യാറാക്കിയത്: **ബിജുമോൻ വർക്കി**



**രാജ്യം : ബംഗ്ലാദേശ്**
**തലസ്ഥാനം : ധാക്ക**
**ഭരണാധികാരി : ഷെയക്ക് ഹസീന**

തെക്കനേഷ്യയിലെ ഒരു രാജ്യമാണ് ബംഗ്ലാദേശ്. ഇന്ത്യയും മ്യാൻമാറുമാണ് അതിർത്തിരാജ്യങ്ങൾ. ഇന്ത്യയിലെ പശ്ചിമബംഗാളിലേതുപോലെ ബംഗാളി വംശജരുടെ രാജ്യമാണിത്. പേര് സൂചിപ്പിക്കുന്നതും അതു തന്നെ. ഇന്ത്യാ വിഭജനത്തിൽ പാകിസ്താന്റെ കിഴക്കൻ പ്രവിശ്യായാണ് ബംഗ്ലാദേശ് നിലവിൽ വന്നത്. കിഴക്കൻ പാകിസ്താൻ എന്നു തന്നെയായിരുന്നു തുടക്കത്തിൽ പേര്. ബംഗാളിന്റെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളാണ് വിഭജനത്തിൽ പാകിസ്താന്റെ ഭാഗമാക്കാൻ ബ്രിട്ടീഷുകാർ തീരുമാനിച്ചത്. എന്നാൽ ഭരണകേന്ദ്രവുമായുള്ള ദൂരം കിഴക്കൻ പാകിസ്താനിലെ ജനങ്ങളിൽ അസ്വസ്ഥതയുണ്ടാക്കി. അതിനേക്കാളേറെ പടിഞ്ഞാറൻ പാകിസ്താനിൽ നിന്നും നേരിടേണ്ടി വന്ന അവഗണന പുതിയൊരു രാജ്യമെന്ന ചിന്ത അവരിൽ വളർത്തി. അങ്ങനെ 1971-ൽ ഇന്ത്യയുടെ പിന്തുണയോടെ അരങ്ങേറിയ യുദ്ധത്തിലൂടെ ബംഗ്ലാദേശ് സ്വതന്ത്ര രാജ്യമായി. രാഷ്ട്രീയ അസ്ഥിരതയും അടിക്കടിയുണ്ടാകുന്ന ചുഴലിക്കൊടുങ്കാറ്റുകളും കടലാക്രമണവും ഈ ചെറുരാജ്യത്തിന്റെ സാമ്പത്തിക ഭദ്രതയെ തകിടം മറിക്കുന്നു. ഈ രാജ്യത്തെ ഓർത്തു പ്രാർത്ഥിക്കാം.



**സംസ്ഥാനം : ആന്ധ്രാപ്രദേശ്**
**തലസ്ഥാനം : ഹൈദരാബാദ്**
**മുഖ്യമന്ത്രി : ചന്ദ്രബാബു നായിഡു**

ഇന്ത്യയുടെ തെക്കുകിഴക്കു ഭാഗത്തുള്ള ഒരു സംസ്ഥാനമാണ് ആന്ധ്രാപ്രദേശ്. തെലുങ്ക് ഭാഷ മുഖ്യമായി സംസാരിക്കപ്പെടുന്ന ഈ സംസ്ഥാനത്തിന്റെ തലസ്ഥാനം ഹൈദരാബാദ് ആണ്. വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ എട്ടാമതും ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പത്താമതും ആയ ഇന്ത്യൻ സംസ്ഥാനമാണ് ആന്ധ്രാപ്രദേശ്. ആന്ധ്രാപ്രദേശ്, 'ഇന്ത്യയുടെ അരിപ്പാത്രം' എന്നാണ് അറിയപ്പെടുന്നത്. ഇവിടെ കൃഷി ചെയ്യുന്നതിൽ 70 ശതമാനവും നെല്ലാണ്.

വളരെ ശക്തമായ ക്രിസ്തീയ പ്രവർത്തനങ്ങൾ നടക്കുന്ന സംസ്ഥാനം ആണ് ആന്ധ്രാപ്രദേശ്. അനൗദ്യോഗിക കണക്കുകൾ അനുസരിച്ചു ഏകദേശം 10% ക്രിസ്തീയ വിശ്വാസികൾ ആന്ധ്രാപ്രദേശിൽ ഉള്ളതായി കരുതപ്പെടുന്നു. അനേക വേദപഠനശാലകൾ തദ്ദേശിയരായ യുവജനങ്ങളെ ക്രിസ്തുവിനു വേണ്ടി ഒരുക്കിയെടുക്കുന്നതിൽ പ്രയത്നിക്കുകയും അത് ദേശത്തിന്റെ വിടുതലിന് കാരണമാകുകയും ചെയ്യുന്നു. ആന്ധ്രാപ്രദേശ് സർക്കാരിനുവേണ്ടി പ്രാർത്ഥിക്കാം. വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന അനേകം ആന്ധ്രാ നിവാസികൾക്കായി പ്രാർത്ഥിക്കാം.

# FAMILY, OUR FIRST MISSION FIELD



May Manoj

Our families are God's gift to us, our first mission field! Our family is not given to us by mistake. It's a miracle, a blessing and reward from God. God has a purpose for every family.Have we ever stopped for a moment every day to thank God for them, to celebrate and value them. We tend to look for blessings and miracles everywhere, but do we realize our miracles and blessings are right in front of us, in the form of family. Have we taken a moment every day to look into our children's eyes and tell them that they are a blessing send to you from God? Have you ever told them how valuable they are? Have you told them they are much more valuable than their marks, achievements, talents, jobs and all other labels laid on them by the world? If you do so, they would remember your words and stay strong as mighty warriors anytime they face adversity, crisis or disaster.

Before we set out to evangelize the world, lets save our families, as Noah the righteous man of God.Let's not forget to treat every person in our family with Christ-like love.Are we faithful in our mission toward our families or have we failed in this area? While being busy ministering to the world, have we lost our family to the enemy? Do we feel the presence of the Holy Spirit when we are alone with our family, in our homes or do we only feel the presence of God coming down on us during church meetings? Before praying for the revival of churches and pastors, let's pray for the revival of families. When individuals from different families are united for God's kingdom and revived by the Holy Spirit, churches are automatically revived.

When churches are revived, nations would be revived. It all begins from the family. It would not glorify God's name if we lose our family to the enemy. How terrible, when our family does not honor God and when the Holy Spirit is missing in our family life. How can we ignore our blessing and reward given by God to let them be stolen and destroyed by the enemy?We work for them, we sacrifice many things for them, we save for them financially, we take care of them. But, have we saved them spiritually to bear fruits for God's kingdom and to walk with the Lord? The Bible tells us that there is fullness of joy and the presence of God in the tents of the righteous. The words you speak to your family are words of power. Don't curse your family. Bible teaches us to bless everyone, including our family. Unfortunately, we see many bless the world and minister blessings to people around, but have only words of discouragement for their family.
Let's do a reality check today! How many of us honestly take time to deliberately speak words of blessing and encouragement to our family? How many of us sow words of blessing into the lives of our spouses and children? Yes, we are prophets of ourspouses' ,childrens' and family'sfuture! Every word we speak to our family is valuable. Yet, the enemy has deluded us into thinking that all our stress, anger and negative




emotions should be taken out on our family. Little do we realize that the enemy targets our family. Among Christians we find a lot of escapism when it comes to ministering to our families. Many have failed in this area, including the prophet Samuel. Samuel was a faithful prophet of God, yet he did not succeed in bringing his children in the way pleasing to God. Even more worse was the plight of priest Eli and his family.

*( ...To be continued)*

Tip Off...

### Advice from Sunday School Uncle

# War Against Worry



Anil Thomas

*Dear Children,*

*"Anyone can carry his burden, however hard, until nightfall. Anyone can do his work, however hard, for one day. Anyone can live sweetly, patiently, lovingly, purely, till the sun goes down. And this is all life really means"- Robert Louis Stevenson.*

*When our plans are not going as per our wish, it will create anxiety, stress, nervousness and great depression. Worry is one of the biggest problems faced by human beings in today's society.*

*I was talking to a student after her Mathematics exam and she was awfully worried about the result as she had a doubt on two answers. You might feel it is something trivial but it is true that many children, these days, spend too much time worrying about things that never occur. Don't waste your time and energy worrying about the things you can't control. Sometimes you might not find a solution, you just live with the result and surely it will disappear in a later stage.*

*You need to deal your problems wisely by asking yourself "What is the worst that will happen" and prepare mentally to accept it, then meditate on the Word of God with prayers, calmly to improve the situation. Find quiet time with God and ask yourself, "Is my worry worth one sleepless night or one month's anxiety or one year of my studies". Submit to the Lord as He is already prepared a master plan for you. "Cast all your anxiety on Him, because He cares for you"( 1st Peter 5: 6-8)*

*When you have great anxiety, I suggest you go out with family or friends for a walk in a garden and enjoy a scoop of ice cream or buy some food packets and distribute it to those in need. That will be really a worry-fighting technique!*

*Jesus spoke to the people "Can anyone of you by worrying add a single hour to your life". Then He told them to look at the birds and flowers. They don't sow or reap or store away in barns or labor or spin. Then told them "Are you not much more valuable than they". So do not worry saying "What shall we eat, what shall we drink". Therefore "do not worry about tomorrow"(Matthew 6:25-34)*

*Consider each day as a gift of God, look at the good things that happened during the day than the bad things. Learn the teachings of our Lord and Saviour Jesus Christ and apply them everyday without fail. Certainly you will have a great control over your life's worries.*

## HH Inbox

*Dear HH Team,*
*-Gone through the newsletter. Good job and God bless.*

*P.C. Abraham Uncle's article on the qualities of a powerful preacher was superb. Enjoyed the article of Jijo's article on miracles. That was a new thought and hence it was fresh. I enjoyed the article by Rev. Georgy Mathew's article on "Jesus in Every Book of the Bible". The text printed in the cartoon on page 11 was not readable.*

*-Thomas Samuel*
*USA*

*Dear Hello Hope,*
*Thank you very much for translating bible quiz in English, it is really helpful and making us to study the bible more.*
*-Bindu Johnson*
*Bahrain*

*Hallo Hope bible quiz & puzzle* പങ്കെടുക്കുവാൻ അവസരം തന്നതിനു ദൈവനാമത്തിൽ നന്ദി അറിയിക്കുന്നു... കൂടാതെ ക്വിസ് മാസ്റ്റർക്ക് പ്രത്യേകം നന്ദി പറയുന്നു; കാരണം ഇത്രയും ആഴമേറിയ ചോദ്യങ്ങളിലൂടെ കൂടുതൽ കാര്യങ്ങൾ ബൈബിളിൽ നിന്നും അറിയുവാനുള്ള അവസരം തന്നതിനായി...

*-സിന്ധു ജോഷി*
*ബഹറിൻ*

hhgulfnews@gmail.com
0973 3838 3399
Hello Hope

## CONGRATULATIONS Shining Stars

### CBSE 12th Grade Winners




**Ann Sarah Thomas**
Indian School



**Febin John Sam**
New Indian School



**Rufus Kuruvila Mathew**
New Indian School



***ഗിൽഗാൽ ചർച്ച് ഓഫ് ഗോഡ് ബഹറിൻ ശുശ്രൂഷകൻ പാസ്റ്റർ സന്തോഷ് മത്തായി, ജൂഡിത്ത് ഫ്രാങ്കോയെ സ്നാന പ്പെടുത്തി.***



ഇടത്തുനിന്ന്: ബ്രദർ ജോർജുകുട്ടി, പാസ്റ്റർ ജോൺസൺ, പാസ്റ്റർ സന്തോഷ് മത്തായി,

## കർത്താവിൽ നിദ്ര പ്രാപിച്ചു



**K C Cherian (97)**
(Father of Bro. Roy Cherian
Sharon Fellowship Church)


## തക്കതുണ

HH Matrimonial

**Syrian Christian Pentecostal girl 24,167 cm, fair, BSC nurse,invites proposal from professionally qualified boys with similar background & qualifications.**
**Contact:+97333774070, +97339180343**
**Email:royrincy4@gmail.com**


# പ്രത്യാശയോടെ വിട... പാസ്റ്റർ എം.സി.മാത്യു



റാന്നി മുരുപ്പേൽ എം.എം.ചാക്കോയുടേയും ശോശാമ്മാ ചാക്കോയുടേയും ഏഴ് മക്കളിൽ മൂത്തമകനായി 1946 നവംബർ 29 ന് കുഞ്ഞുമോൻ (പാസ്റ്റർ എം.സി.മാത്യു) ജനിച്ചു. മാതാപിതാക്കൾ മാർത്തോമ്മാ സഭാവിഭാഗം വിട്ട് പെന്തക്കോസ്തു വിശ്വാസസത്യങ്ങൾ പിൻതുടരുവാൻ തീരുമാനിച്ചെങ്കിലും കുഞ്ഞുമോൻ സുവിശേഷത്തോട് കടുത്ത എതിർപ്പുള്ള നിലപാട് പുലർത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മാനസാന്തരത്തിനായി മാതാപിതാക്കളും സഭയും പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഒരു ദിവസം കുഞ്ഞുമോൻ ഏകനായി സഞ്ചരിക്കുന്ന വഴിയിൽ ഒരു അശരീരി തന്റെ കാതുകളിൽ മുഴങ്ങി. 'നിന്റെ ജീവിതവഴികളിൽ നിന്നും ഒരു മടങ്ങിവരവ് ആവശ്യമാണ്. നീ എത്രേയും വേഗം ഒരു ബൈബിൾ സ്വന്തമാക്കുക'. അത് ദൈവീക ഇടപെടലാണെന്ന് തിരച്ചറിഞ്ഞ അദ്ദേഹം 8 രൂപ 50 പൈസ മുടക്കി അന്നുതന്നെ ഒരു ബൈബിൾ സ്വന്തമാക്കി.

ദൈവവചനത്താൽ ആകൃഷ്ടനായ അദ്ദേഹം അടുത്തദിവസങ്ങളിൽ പരപ്രേരണ കൂടാതെ സഭാകൂടി വരവുകളിൽ പങ്കെടുക്കുവാൻ തുടങ്ങി. അത് തന്നെ രക്ഷയിലേക്ക് നയിച്ചു. പിന്നീട് പാസ്റ്റർ എം.ഡി.ജോർജിന്റെ കൈകീഴിൽ സ്നാനമേറ്റു. അങ്ങനെ കുഞ്ഞുമോൻ 16-ാം വയസിൽ വിശ്വാസജീവിതം ആരംഭിച്ചു. സുവിശേഷവേലയ്ക്ക് സമർപ്പിതനായ കുഞ്ഞുമോൻ 18-ാം വയസിൽ തിരുവല്ല ശാരോൻ ബൈബിൾ കോളേജിൽ പഠനത്തിനുചേർന്നു. 1967-ൽ പഠനം പൂർത്തീകരിച്ച വിദ്യാർത്ഥികളെ കോളേജ് അധികൃതർ സുവിശേഷീകരണത്തിനായി അയച്ചപ്പോൾ, കുഞ്ഞുമോന് എവരിഹോം ക്രൂസേഡുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുവാൻ ഒരു അവസരം ലഭിച്ചു.

അതിനുശേഷം മടങ്ങിയെത്തിയ പാസ്റ്റർ മാത്യു ചില ദിവസങ്ങളിലെ പ്രാർത്ഥനാനന്തരം ആലുവയിലേക്കുള്ള നിയോഗം മനസിലാക്കി 1968 മെയ് 17 ന് ആലുവയിലെത്തി പ്രവർത്തനമാരംഭിച്ചു.1970 ജനുവരി 1 ന് റാന്നി വളവുങ്കൽ കുഞ്ഞൂഞ്ഞമ്മയെ ദൈവം ജീവിതപങ്കാളിയായി നൽകിയത് തന്റെ ശുശ്രൂഷകൾക്ക് എന്നും അനുഗ്രഹമായി.

അഗാധമായ വേദജ്ഞാനം കൈമുതലായുള്ള ഒരു വേദാദ്ധ്യാപകനായിരുന്നു പാസ്റ്റർ എം.സി.മാത്യു. പെനിയേൽ ബൈബിൾ സെമിനാരി കീഴില്ലം, ശാരോൻ ബൈബിൾ കോളേജ് തിരുവല്ല, ഹാർവെസ്റ്റ് തിയോളജിക്കൽ കോളേജ് മണ്ണുത്തി, ഡൂലോസ് തിയോളജിക്കൽ കോളേജ് ആലുവ തുടങ്ങിയുള്ള വേദപാഠശാലകളിൽ നിന്നും പഠിച്ചിറങ്ങിയ നൂറുകണക്കിന് ശിഷ്യസമ്പത്ത് അദ്ദേഹത്തിനുണ്ടായിരുന്നു. കൂടാതെ വിവിധ ഇടങ്ങളിൽ സഞ്ചരിച്ച് സമാഗമനകൂടാരം, ദാനിയേൽ പ്രവചനം, വെളിപ്പാട് പുസ്തകം ഇവയെപ്പറ്റി അദ്ദേഹം ചാർട്ടുകൾ സഹിതം ബൈബിൾ ക്ലാസുകൾ നയിച്ചിരുന്നു. വേദപാഠശാലകളിൽ അദ്ദേഹം പഠിപ്പിച്ചിരുന്ന പ്രധാനവിഷയം തിയോളജി ആയിരുന്നു.

1968 മെയ് 17 മുതൽ 2000 സെപ്റ്റംബർ 18 വരെയുള്ള നീണ്ട 32 വർഷങ്ങൾ ആലുവ അശോകപുരം ശാരോൻ സഭയുടെ ശുശ്രൂഷകനായി തുടർമാനമായി സേവനമനഷ്ഠിച്ച അദ്ദേഹത്തിന്റെ 'ഏകസഭയിലുള്ള ശുശ്രൂഷാകാല ദൈർഘ്യം' അധികം ആർക്കും അവകാശപ്പെടുവാൻ ആവില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിൽ വിളങ്ങിയ പരിപാലന വരത്തിന്റെ ശ്രേഷ്ഠതയായി ഈ വസ്തുത ചരിത്രത്തിൽ എന്നും ഓർമ്മിക്കപ്പെടും.

2001-2003 കാലയളവിൽ അദ്ദേഹം ചിക്കാഗോ ശാരോൻ സഭയുടെ ശുശ്രൂഷകനായിരുന്നു. പിന്നീട് 2006 മുതൽ 2011 വരെ ചിക്കാഗോ എലീം സഭയുടെ ശുശ്രൂഷകനായും പ്രവർത്തിച്ചു. 2012 മുതൽ ശാരീരിക ക്ലേശം അനുഭവപ്പെട്ടുതുടങ്ങി. പിന്നീട് അമേരിക്കയിലും കേരളത്തിലുമായി അദ്ദേഹം പ്രാപ്തിയുള്ളതുപോലെ ശുശ്രൂഷകൾ ചെയ്തുപോന്നു. 2015 ഡിസംബറിൽ ശാരീരിക ദുർബലത രൂക്ഷമായപ്പോൾ ആലുവയിലുള്ള സ്വഭവനത്തിൽ വിശ്രമജീവിതം നയിച്ചു. 2017 ജൂൺ 11 ഞായറാഴ്ച പ്രഭാതത്തിൽ 5.30 ന് തന്റെ ഈ ലോകജീവിതം പൂർത്തിയാക്കിയ പാസ്റ്റർ എം.സി.മാത്യു നിത്യനാട്ടിലേക്ക് വിശ്രമത്തിനായി യാത്രയായി.


*ഭാര്യ: ശോശാമ്മാ മാത്യു*
*മക്കൾ : മിനി (ബഹ്റിൻ), ജേക്കബ് മാത്യു, സിനി കുര്യൻ മാത്യു*
*മരുമക്കൾ : ബോബി (ബഹ്റിൻ), ടൈറ്റസ്, സോണി*
*കൊച്ചുമക്കൾ : റോസ്, സാറാ, എൽസൻ, ഡാനിയേൽ ജേക്കബ്, ജെറമി, ജോഷോ, ജോഹാൻ, മെറീസ, ഹഡ്സൺ, ഓസ്റ്റിൻ*

## ദൈവമക്കൾക്കൊരു സന്തോഷവാർത്ത

### -പ്രഭാതപ്രാർത്ഥന-

സഭാവ്യത്യാസമില്ലാതെ പ്രഭാതയാമത്തിൽ പ്രസന്നതയോടെ
കർത്ത്യസന്നിധിയിൽ വ്യക്തിപരമായതും മറ്റുള്ളവരുടെയും വിവിധ
വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥനയ്ക്കായി ഒത്തുകൂടാൻ ഒരു അവസരം

**എല്ലാമാസത്തിന്റെയും ആദ്യത്തെ ഏഴുദിവസങ്ങളിൽ**
**രാവിലെ 4:45 മുതൽ 5:45വരെ,**
**സെഗയായിലുള്ള ശാരോൺ ഫെല്ലോഷിപ്പ് ചർച്ച് ഹാളിൽ**






STEERING

Managing & Responsible Editor: **Cherian Mathews**, Chief Editor: **Rajeev Stuvert**, Creative Editor: **Georgekutty Sebastian**
Correspondents: **Roy Mathews, Joju Joseph, Anil Thomas,** Printed & Published by: Phoenix Publishing House, 2A Princeton, Skyline Ivy League, Kakkanad, Kochi, Kerala, India, Pin 682030 Tel: +91 9947877914
Licence# RNI No.KERMAL/2017/469833/ERN

© Copyright reserved. The concept and content of this publication remain the exclusive property of Phoenix Publishing House and must not be reproduced in any form whatsoever without prior permission. Every effort has been made to ensure the accuracy of the information contained in this publication. However, Phoenix Publishihg House cannot accept legal responsibilty for any error or omission.

Exclusive Gulf Representative
PHOENIX
MARKETING & CREATIONS W L L
**P.O. Box 10489, Kingdom of Bahrain, Tel: 39336575, hhgulfnews@gmail.com**

For Private Circulation only